നന്മമണി



DHARMARAM COLLEGE LIBRARY,
17519
BANGALORE.

മാത്തോമ്മാൻ

മാത്തോമ്മാൻ നന്മയാലൊന്നു തുടങ്ങുന്നു
നന്നായ് വരേണമേയിന്നു
ഉത്തമനായ കിശിഹാ തിരുവുള്ളം
ഉണ്ടെയെഴുന്നാറാംകവേണം.

ആവൻദ്വശ്ശയ്യാ

ആവൻദ്വശ്ശയ്യാ

നെസ്സ്വന്തശ്ശ് ശ്ശാക്: തേസെ മൽക്കുസാക്; കന്തീശ്ശ്, കന്തീശ്ശ്, കന്തീശ്ശുന്തു്, ആവൻദ്വശ്ശയ്യ, ദമലേൻശ്ശയ്യാ വറആ റമ്മൂസ് ശ്തുഹാക്. ഇഴറേ ഉനാശ ഖാഷുൻലാക് കന്തീശ്ശ്, കന്തീശ്ശ്, കന്തീശ്ശുന്തു്.

ആയുൻദ്വശ്ശയ്യാ നെസ്സ്വന്തശ്ശ് ശ്ശാക്തേസെ മൽക്കുസാക് നെഹ വെസെവിയാനാക് അയ്യ്ന്നാ ദ്വശ്ശയ്യാ ആപ്പ് ബാആ.ഹവ്ലൻ ലഹമ്മാ ദ്സുനഖാനൻ യഴമ്മാനാ. വശേചാക്കുലൻ ഹഴബൈൻ വഹത്താഹൈൻ അയ്യ്ന്നാദാപ്പ്ഹനൻ ശചഖൻല്ഹയ്യാവൈൻ ഉലാതാഷുലൈൻ ല്നെസ്യോനാ. എല്ലാപസ്സാൻ മിൻബീശാ. മെത്തോൽദ്ദിലാക്കുഴ. മൽക്കുസാഉഹൈലാ ഉസെശ്ബൊഹ് ത്താല് ആലംനൽമീൻ ആമ്മേൻ

ശ്തുഹാലാവാഉലവ്റാവല്വഹാദക്കുദശാ.

മിൻആലംവാലമ്മാല്ആലം ആമ്മേൻ വാമേമൻ,

ആവൻദ്വശ്ശയ്യാ നെസ്സ്വന്തശ്ശ് ശ്ശാക്.തേസെമൽക്കുസാക്കന്തീശ്ശ്, കന്തീശ്ശ്, കന്തീശ്ശുന്തു്. ആവൻദ്വശ്ശയ്യ ദമലേൻശ്ശയ്യാ വറആറമ്മൂസ്ശ്തുഹാക് ഇഴറഉനാശ ഖായേൻലാക്കുന്തീശ്ശ്, കന്തീശ്ശ്, കന്തീശ്ശുന്തു്. ന്സല്ലെല്ലാമ്മാശമ്മൻ

ലാകുമാറാ

ലാകുമാറാദ് ഹൊല്ലാ മഴഭേനൻ: ഉലാക്കുഴശോമിശി ഹാമ്ശബ്ഹീനൻ: ഭത്തുല്ലഹമ്മാനാ ദ്പഗരൈൻ:വ ത്തുപാറോക്കാ ദ്നവ്ശാസൻ.


മ്ഹയ്മ്നീനൻ

മ്ഹയ്മ്നീനൻ ബ്ഹദ്ഇലാഹാ ആവാഴുഹീദ്കോൽ ആവോദാദ്കൊലഹോൻ അയ്ലോൻദ്മെസ്ഹസീയാൻ വദ്ലാ മെസ്ഹസിയാൻ. വവ്ഹദ്മറിയാ ഇഴശോമിശിഹാ ബ്രേദാലാ ഹാഇഴഹീദായാബുൾറാദ്കൊലഹോൻ ബെറിയാസാ ഹാവുദ്മിൻആവൂയ് എസ്സീലെദ്ക്കൂകൊലഹോൻ അൽമേ. ഉലാ എസ് ഏവദ്. ആലാഹാശറീറാദ്മിൻ ആലാഹാശാറീറാ ബർക്കൂനാദാവുയ് ദ്വിദാവുഎന്തക്കൻ അൽമേ. വെസ്ബ്രീകോൽമെന്തം. ഹാവുദ്മെത്തോലാസൻ ബ്നൈനാശാ ഉമെത്തോൽപുക്കാനൻ ന്ഹെസ്മിൻശ്മയ്യാവെസ്ശ്ലംമിൻഹാദ്ക്കൂഴശാ. വഹവാബർനാശാ വെസ്ബ്ഥെൻ വെസ്സീലെദ്മിൻമറിയം ബ്സുൽത്താ ഉഹശ്വെസ്വ്ഖെപ്പ് ബ്യെഴമ്മെപന്തിയോസ് പീലാത്തോസ് ഉമിസ്വെസ്ഖർ ഉഖാംലസ്സാനാ യഴമ്മീൻഅക്ദക്ലീവ്. യസ്ലെഖ്ലശ്മയ്യാ വീസെവ്മിൻയമ്മീനാദാവുയ് ഉസ്സൂവ്അസീദ് ല്മേസാ ലമ്ദാൻല്മീസേവലഹയ്യേ. വവ്ഹദ്മ ഹാദക്കൂഴശാ ഹാദശ്ശാറാഹാവുദ്മിൻആവാ വവ്റാനാപ്പേഖ്. ഹാഹാ മഹിയാനാ. ഉവഹദാഎത്താ കന്തീശ്ത്താ വശ്ലീഹായ്ത്താകാസോലിക്കീ. മഴദേനൻ ബഹദാ മാമ്മോദിസാല്ലുഖാനാ ദഹത്താഹെ. ഉവഖ്യംതാദ്പശറേ വവ്ഹയ്യേ ദലആലം അൽമീൻ. ആമ്മേൻ.

പുതിയ ബെത്തോമ്മാ




നമ്മുടെ പിതാക്കന്മാരെ സ്ഥാനപ്പെട്ടത്തിയ
തുക്കെ.



19—ാം ശതാബ്ദസ്മാരകം, കൊട്ടങ്ങല്ലൂർ.

അക്കദിയാക്കോൻ



അവസാനത്തെ രണ്ടുപേരുടെ കബറിടം
അങ്കമാലി.



15ാം നൂറ്റാണ്ടുകാലം സമുദായത്തെ നയിച്ചവരുടെ തറവാട്
പാലയൂർ മാറാം, കുറവിലങ്ങാട്.

മഹാനേതാക്കന്മാർ

നിസ്തുലരും നിരുപമരും

ഗീവർഗീസ് അക്കദിയാക്കോൻ (16-ാം നൂറ്റാണ്ട്)

ഗോവർണ്ണദോരച്ചൻ 18 " "

നിധീരിയ്ക്കലച്ചൻ 19 " "


നസ്രാണി കുടുംബങ്ങൾ

(1962)

ചങ്ങനാശ്ശേരി	പാലാ	കോതമംഗലം
42158	31327	26776
എറണാകുളം	തൃശ്ശൂർ	തലശ്ശേരി
33653	49278	22864

റിപ്പബ്ലിക്കിന്റെ നാനാഭാഗങ്ങളിലായി (മദ്രാസ്, ദില്ലി, ബോബെ, ബാഗളൂർ, കൽക്കട്ട, ഭോപ്പാൽ, ഭീലായി, ജംഷഡ്പൂർ ....) കഴിഞ്ഞു പോരുന്ന നമ്മുടെ കുടുംബങ്ങൾ എത്രയെന്ന് ആർക്കു നിശ്ചയമുണ്ട്?

പുത്തൻ കൂർവിഭാഗങ്ങളിലെല്ലാംകൂടി ഒന്നര രണ്ടുലക്ഷം കുടുംബങ്ങൾ വേറെയും



ന. പി. മാർ തോമാ ശ്ലീഹാ, പാലാ വലിയപള്ളി.

നസ്രാണി

1962 നവംബർ 21

ഒരു പുതിയ പരീക്ഷണം.

ഒരു സമുദായമെന്നനിലയിലും, പ്രാദേശികസഭ എന്നനിലയിലും നമ്മുടെ നില തൃപ്തികരമല്ല, അതു സുരക്ഷിതവുമല്ല; നാഥനില്ലാത്തവീടിന്റെ ഒരു പ്രതീതിയിലും! സ്വാതന്ത്ര്യത്തിനായുള്ള പരിശ്രമങ്ങളും പടവെട്ടലും ഫലമണിഞ്ഞുകണ്ട സംതൃപ്തിയോടെയാണ് നസ്രാണിസമുദായം 20-ാം നൂറ്റാണ്ടിലേയ്ക്ക് കാലെടുത്തുവച്ചതു്. പക്ഷെ സമുദായബോധവും പുനരുദ്ധാരണസംരംഭങ്ങളും പൂർണ്ണതയിലെത്തുകയല്ലാ ഉണ്ടായതു്. സുരക്ഷിതാവസ്ഥയുടെ നൈസർഗ്ഗികഫലമായിരിക്കാമിതു്. സമുദായബോധം ക്ഷയിച്ചുതുടങ്ങുന്നതു് പുറകോട്ടു നോക്കിയാൽ കാണുകയും ചെയ്യാം. സംഘടിത പരിശ്രമങ്ങൾ പലതുണ്ടായി. എല്ലാം അത്ര ശരിയായിട്ടല്ല മുന്നോട്ടു പോയതു്. സ്വന്തമായി വൈദികാധികാരികൾ ഉണ്ടായതുകൊണ്ടു മാത്രം പ്രശ്നങ്ങൾ തീരുകയില്ലെന്നും സാമുദായിക സാംസ്കാരിക കാര്യങ്ങളിൽ ശ്രദ്ധിക്കാനും പ്രവർത്തിക്കാനും ഉത്തരവാദപ്പെട്ട സ്ഥാനങ്ങൾ ഉണ്ടാകാതെ തരമില്ലെന്നുമാണ് "നസ്രാണിഗുണദായിനി" സഭ ഏറ്റെടുത്തണമെന്നു നിശ്ചയിച്ചവർക്കുണ്ടായിരുന്ന അഭിപ്രായം. ആ അഭിപ്രായം ശരിയായിരുന്നെന്നു് കഴിഞ്ഞ 70 വർഷത്തെ ചരിത്രം തെളിയിച്ചു കഴിഞ്ഞിരിക്കുന്നു.

പ്രസ്ഥാനങ്ങളും സംഘടനകളും സ്ഥാപനങ്ങളും ഇന്നുണ്ടാരാളും; സമുദായത്തിന്റെ മേൽഗതിയ്ക്ക് എത്രമാത്രം ഉതകുന്നു എന്നതു് ഒരു ചോദ്യവും.

എല്ലാവശത്തുനിന്നും ദൃഷ്ണതിനു വിധേയരായി കഴിയുകയാണ് നാമിപ്പോൾ; ഒരു വൈമനസ്യവും ഇല്ലാത്തവിധം വർത്തിക്കയും ചെയ്യുന്നു.

പ്രവർത്തനങ്ങളും പ്രക്ഷോഭണങ്ങളും സമരങ്ങളുമെല്ലാമുണ്ട്. പ്ലാൻ വല്ലതുമുണ്ടോ? ഇത്ര അലക്ഷ്യമായി ഭാവിയിലേയ്ക്ക് തയ്യാറെടുക്കുന്ന ഒരു ജനവിഭാഗത്തെയും കാണുകയില്ല.

കാര്യങ്ങൾക്കൊക്കെ ഒരു തീരുമാനം വേണം, സഭാസംബന്ധവും, സാമുദായികങ്ങളുമായവയിലെല്ലാം നടത്താനാളുണ്ടാകണം. നയിക്കാനാളുണ്ടാകണം. ഓളത്തിൽപെട്ട വഞ്ചിപോലെ ചെല്ലുന്നിടത്തു് ചെല്ലട്ടെ! അതു് ഇനി അനുവദിച്ചുകൂടാ.

1952-ൽ 19-ാംശതാബ്ദജൂബിലിയാഘോഷംനടത്തി കാര്യമായ പലതീരുമാനങ്ങളുമെടുക്കുവാനുണ്ടായിരുന്നു. പക്ഷെ പതിവുപോലെ ഒരു ഘോഷമായിട്ടവസാനിച്ചു. ഇപ്പോൾ ഇതാ ഒരു പത്തുകൊല്ലംകൂടി കടന്നുപോയിരിക്കുന്നു. ഇന്നത്തെ തലമുറയ്ക്ക് സമുദായ മാതാവിനെപ്പറ്റി വ്യക്തമായ ധാരണയില്ലെന്നതന്നെ പറയണം. സംസ്കാരസമ്പത്തിനെപ്പറ്റിയോ ആഭിജാത്യത്തെപ്പറ്റിയോ കഴിവുകളെപ്പറ്റിയോ തങ്ങളുടെ ദൗത്യത്തെപ്പറ്റിയോ വേണ്ടവിധം അറിയുവാനുള്ള സൗകര്യവും അവർക്കുണ്ടായിട്ടില്ല. ഇങ്ങനെ പോയാൽ, എഡിൻബറോ അക്കാഡമി പ്രിൻസിപ്പൽ പറഞ്ഞതുപോലെ "**We shall produce a muleish generation without pride of ancestry or hope of posterity**" (quoted in the lamb Jan 1960) വംശമാഹത്മ്യത്തെക്കുറിച്ചു അഭിമാനമോ ഭാവിതലമുറകളെപ്പറ്റി പ്രതീക്ഷയോ ഇല്ലാത്ത കഴുതസമാനമായഒരു തലമുറയുടെ ആവിർഭാവമായിരിക്കും ഫലം.

ഒരു പ്രതിവിധി കാണേണ്ടതു് നമ്മുടെ മുമ്പതലയാണ്. ഇവിടെതുടങ്ങാനുദ്ദേശിക്കുന്ന മലങ്കര ഇൻസ്റ്റിറ്റ്യൂട്ട് അതിനുപകരിക്കാൻ ദൈവം ഇടയാക്കട്ടെ.

വിധേയർ

1. കവലക്കാട്ട് ഗീവർഗീസ് കത്തനാർ — അങ്കമാലി
2. കട്ടക്കയം സി. മാത്യു വക്കീൽ — പാലാ
3. വി.സി.ജോർജ്ജ്ബി:എ.എൽ.റ്റി. കുറവിലങ്ങാട്ട്
4. പോൾവർഗീസ് ആഡ്വക്കറ്റ് — ചങ്ങനാശ്ശേരി
5. മനയാനി ഡി. കുരുവിള — ഭരണങ്ങാനം
6. പറമുണ്ടയിൽ സിദേവസ്യാ ആഡ്വക്കറ്റ് — പാലാ
7. വെള്ളാപ്പാട്ടുകുന്നേൽ വി എം. ജോസഫ് — പാലാ
8. സി. എം. ഐ. ബോസ്കോ പു. ക. — എറണാകുളം

പാലാ.
1962. Nov. 21.

അങ്ങു രണ്ടാമതും വന്നു

I

പ്രഭോ,

അങ്ങു രണ്ടാമതും വന്നു.
നൂറ്റാണ്ടുകൾ നീണ്ടുനിന്ന ഉറക്കത്തിൽ നിന്നു ഞങ്ങളെ വിളിച്ചുണർത്തുവാൻ,
പ്രാചിയുടെ ചക്രവാളത്തിൽ അങ്ങേ പള്ളിത്തേരാണ ഞങ്ങൾ കണ്ടതു്. ആഹ്ലാദഭരിതരായി ഞങ്ങൾ പ്രിയപ്പെട്ട പിതാവിനെ എതിരേല്ക്കുവാൻ പിടഞ്ഞെഴുന്നേറ്റു.

ഹാവാന്റെ കച്ചവടക്കപ്പലിലല്ല അങ്ങു രണ്ടാമതു വന്നതു്. തിരുസഭാംബികയുടെ ചെങ്കോലും കിരീടവുമണിഞ്ഞ ഒരു രാജകുമാരന്റെ അകമ്പടിയോടുകൂടെയാണു്.

കർദ്ദിനാൾ തിസ്സ്രാങ്!
ലോകത്തിലെ ഏറ്റവും വലിയ ധാർമ്മികസമ്രാട്ടിന്റെ ആ പ്രതിനിധി അങ്ങയെ വീണ്ടും ഞങ്ങളുടെ മദ്ധ്യത്തിലേക്കു കൊണ്ടുവന്നു.

അഭ്രാഷങ്ങളും ആർപ്പുവിളികളും.!
പൂമാലകളും പൊന്നും പരിമളകളും!!
പൊന്നലുക്കിട്ട കുടകളും.!!!
ആ രാജകീയമായ ഏഴുന്നള്ളത്തിനു ഞങ്ങൾ അകമ്പടി സേവിച്ചു.

ചരിത്രത്തിന്റെ ഏടുകളിൽ നിന്നു് ആ പാദമുദ്രകൾ മാഞ്ഞിട്ടില്ല.
ആയിരങ്ങളുടെ ഹൃദയങ്ങളിൽ കൊളുത്തപ്പെട്ട ആ വിശ്വാസത്തിന്റെ കൈത്തിരി അണഞ്ഞിട്ടില്ല.!
ഞങ്ങൾക്കായി അങ്ങിവിടെ വിജയധ്വജങ്ങൾനാട്ടിയിട്ടുണ്ടു്.

മഞ്ഞണിഞ്ഞ മലമുകളിൽ!
പരുപരുത്ത പാറപ്പുറപ്പിൽ!!
പഞ്ചാര മണൽപ്പുറങ്ങളിൽ!!!

ആ ജൈത്രയാത്രയുടെ വെന്നിക്കൊടിആദ്യമുയർന്നതിതാ കേട്ടുകൊൾക ഞങ്ങൾ കാണുന്നു.

കൊട്ടങ്ങല്ലൂർ
കോട്ടപ്പുറം;
കൊക്കമംഗലം;
കൊല്ലം;
നിരണം;
ചായൽ;
പാലയൂർ

ഞങ്ങളുടെ സംസ്കൃത്തിന്റെ താഴികക്കുടങ്ങൾ അവിടെയൊക്കെ ഇപ്പോഴും ഉയർന്നതന്നെ നില്ക്കുന്നു.

II

ഞങ്ങൾ ശ്രമിക്കുകയാണു്!
കാലത്തിന്റെ ചുരുളുകൾ ഒന്നു തെറുത്തുമാറ്റുവാൻ;
പത്തൊമ്പതുനൂറാകൾക്കപ്പുറത്തേക്കൊന്നു പറന്നു ചെല്ലുവാൻ
അന്നു യഷ്ടദപ്പരിഷകൾ ചെയ്തതുപോലെ ഞങ്ങൾ മുങ്കാരനെ അവഹേളിക്കുകയും നെറ്റിപ്പട്ടവും കിന്നരിക്കിരീടവും ചൂടി ഞെളിയുകയും ചെയ്യുന്നു.

തെറ്റിലുൾപ്പെട്ടുപോയ ഒരു കൊച്ചനിയത്തിയെ വേട്ടയാടുവാൻ കരിങ്കൽച്ചില്ലുകളുമായി പാഞ്ഞടുക്കുന്നു.!!

"ഒട്ടകങ്ങളെ വിഴുങ്ങുകയും കൊതുകുകളെ അരിച്ചുകുടിക്കുകയും ചെയ്യുന്നു."

നിയമത്തിന്റെ ചരടിൽ ഹൃദയങ്ങളെ കോർത്തു കെട്ടിശ്വാസം മുട്ടിക്കുന്നു.!!!

മഹാത്മൻ.

ജറൂസലേം ദേവാലയത്തിലെ കള്ളക്കച്ചവടക്കാരെ തല്ലിയോടിച്ച ആ ചമ്മട്ടിയെപ്പറ്റി ഓർക്കുമ്പോൾ ഞങ്ങൾ നടുങ്ങുന്നു.

എന്നിട്ടും,

ആ കാരുണ്യത്തിന്റെ കൈത്തലോടലേഞങ്ങൾക്കു ലഭിച്ചുള്ളൂ.

III

രണ്ടായിരത്തിന്റെ പടിവാതില്ലുലേക്കുകാലചക്രംകറങ്ങിത്തിരിഞ്ഞപ്പോൾ അങ്ങു രണ്ടാമതും വന്നു.

സഹസ്രാബ്ദങ്ങളിലെ ഞങ്ങളുടെ പുരോഗതിയിൽ അങ്ങു സംതൃപ്തനാണു്

അംബരചുംബികളായ ദേവാലയങ്ങൾ!
ആയിരക്കണക്കിനു വിദ്യാലയങ്ങൾ!!
പതിനാറിൽപ്പരം വൈദികരാജധാനികൾ!!!
പത്തൊമ്പതു നൂറ്റാണ്ടുകളായി ഞങ്ങൾ പട്ടിണിയുത്തിയ നേട്ടങ്ങൾ!!!
പക്ഷെ.

മനുഷ്യഹൃദയങ്ങളെ കീഴടക്കുന്ന കാര്യത്തിൽ ഞങ്ങൾ പരാജയപ്പെട്ടുവോ? ആവോ?.

നെഞ്ഞത്തു കൈവച്ചുകൊണ്ടു ഞങ്ങൾ ചോദിച്ചു. ഉള്ളിന്റെ ഉള്ളിലേക്കു് ആ ചോദ്യം ആഞ്ഞിറങ്ങിച്ചെന്നു. തൃപ്തികരമായ ഒരു ഉത്തരം ഇനിയും ഞങ്ങൾക്കുകിട്ടിയിട്ടില്ല.

ശതാബ്ദാഘോഷങ്ങൾ കഴിഞ്ഞിട്ടു ദശാബ്ദം തികയാൻ പോകുന്നു. അപ്പസ്തോലൻ രണ്ടാമതും വന്നു.
എന്നിട്ടും ഞങ്ങൾ—റിപ്പ്വാൻ വിങ്കിൾമാർ,— ഉണർന്നിട്ടില്ല.

ശത്രുക്കളുടെ പീരങ്കികൾ ഗർജ്ജിക്കുന്നു; പടഹധ്വനികൾ മുഴങ്ങുന്നു! അമ്പും തലയും മുറുക്കി അടരാടുവാൻ ഇനിയും നാം അമാന്തിച്ചുകൂടാ!

'പട്ടം' 'പരിവട്ടവും' 'പദവി'കളും, 'വീരശൃംഖല'കളും, നേടിയിട്ടുള്ള 'നസ്രാണി'കൾ 'നവജീവൻ' പൂണ്ടു്, ഒന്നു പിടഞ്ഞെഴുന്നേറ്റിരുന്നെങ്കിൽ!!!

(ജെയിംസ് കെ. സി. മണിമല)

മിശിഹായുടെ മാതൃഭാഷ.

ആരാമായ അഥവാ സുറിയാനി

എബ്രായ, അറബി, ആദിയായ ശേമിക ഭാഷാകുടുംബത്തിലെ ഒരു പ്രമുഖ അംഗമാണ് ആരാമായ പ്രസ്തുതഭാഷയെ ചിലർ സുറിയാനി എന്നും (2 Mac. XV. 47), വേറെ ചിലർ എബ്രായ എന്നും (John V-2), ഇനിയും ചിലർ കൽദായഎന്നും (St Jeromc) പേർ പറയാറുണ്ട്. (Cath. Biblical Encyclopedia N. T.) ആരാമായയും സുറിയാനിയും വാസ്തവത്തിൽ ഒരേഭാഷതന്നെ എന്നതിനു സുറിയാനി വൈയ്യാകരണന്മാരിൽ അഗ്രഗണ്യനായ ബർഎബ്രായയുടെ സാക്ഷ്യം മാത്രം ഇവിടെ പകർത്താം''

"Clense O Lord my tongue that I may compose confidently poems in the metre of Ephrem, in the Aramaic tongue which is indeed the Syriac tongue without any foreign admixture" (Introduction-Maaltha) കാലാന്തരസ്തുതംഭാഷയ്ക്കു ഭവിക്കാറുള്ള പരിവർത്തനങ്ങളിലും അതിന്റെ ആന്തരതത്ത്വത്തിനു് അതായതു് അനുപയം.ശ്രുതനിഷ്ഠത്തി,ശൈലി, മുതലായവയ്ക്കു് സാരവത്തായ വ്യത്യാസം സംഭവിച്ചിട്ടില്ല.

"It is certain that the Syriac tongue of the Jews at the time of Christ was the same as that on their return from the Babylonian captivity" (Clemens David: Grammatica Aramaica seu Syriaca)എന്നതന്നെയല്ല മിശിഹാകാലത്തിനുശേഷവും ഇന്നുവരെ അതിനു പരിഗണനാർഹമായ വികാരം ഒന്നും വന്നിട്ടില്ലെന്നു സുറിയാനിനിഘണ്ടുകാരനായ തോമാ ആവ്ദോ സമർത്ഥിക്കുന്നു. **"The language which is now known as Syriac is the same first Aramaic of the regions of Aram which after some changes flourished at the beginning of the appearance of the Messsias on earth. From that time onwards this language remained the same without any considerable change to the present day."** (Syriac-Syriac dictionary-preface)

സുറിയാനിഭാഷാപ്രവേശികയുടെ ആമുഖത്തിൽ Dr. P. J Thomas പറഞ്ഞിരിക്കുന്നതുപോലെ ശബ്ദസൗന്ദര്യവും അർത്ഥസൗകുമാര്യവും (famous for its beauty of sound and meaning) നിറഞ്ഞതാണു ആരാമായ അഥവാ സുറിയാനിഭാഷ ഈ ഭാഷ ഉദ്ദേശം ഇരുപതു ശതാബ്ദങ്ങളോളം (Lingua Franca) ഉപയോഗഭാഷയായിരുന്ന പൗരസ്ത്യദേശങ്ങളിൽ. ലോകത്തിലെ സകല ഭാഷകളെയും സാമാന്യേന ശേമികമെന്നും ഐന്ദ്ര്യ-യുറോപ്യമെന്നും രണ്ടു മഹാകുടുംബങ്ങളായിട്ടാണല്ലോ ലബ്ധപ്രാസ്തുജ്ഞന്മാർ വിഭജിക്കുക. ഈ ഇരുകുടുംബങ്ങളിലെയും അക്ഷരമാലആരാമായവർണ്ണമാലയിൽ നിന്നു നേരിട്ടംഅല്ലാതെയും ഉണ്ടായിട്ടുള്ളതാണെന്നാണ് ഡ്റിഞ്ചെർ എന്ന പണ്ഡിതന്റെ മതം. (The story of the Alaph Beth. Dr. Dringer) **"The direct and indirect descendants of the Aramaic Alphabet can be divided into two main groups. those used for the Semitic and those used for the non semitic languages"** പ്രകൃതത്തിൽ ഭാരതത്തിലെ ആദ്യഅക്ഷരമാലയുടെ ഉദ്ഭവത്തെപ്പറ്റിയുള്ള **"A Sanskrist Grammar for students. P. 2'** എന്ന ഗ്രന്ഥത്തിലെ ഒരു ഭാഗം പ്രത്യേകം സ്മരണീയമാണ്. **"A form of Semitic writing was introduced into North-West India by way of Mesopotamia probably about 700 B C. The earliest Indian adaptation of this seript, known from coins and inscriptions of the 3rd century B C is called Brahmi or writing of Brahma though written from left to right, it bears clear traces of having once been written from right to left"** കൂടാതെ സുറിയാനിയോട് കടപ്പാടുണ്ട്,അറബി എബ്രായഭാഷകൾക്ക് തക്കംവ്യാകരണം എന്നീ വിഷയങ്ങളിൽ, (The Islamic Quarterly April 1954 Page 17) തക്ശാസ്ത്രത്തിൽ സുറിയാനിയിൽ സ്വന്തമായി പല സാങ്കേതികപദങ്ങളുള്ളപ്പോൾ അറബിയിൽ അതിനു ഒന്നു രണ്ടു പദങ്ങളേയുള്ള.

"The use of Indo-European tense-names for the semitic tenses was adopted by the Syrians. and by the Arabs who followed the example of the Syrians and finally by Jewish scholars" (A Scientific Hebrew Grammer)

ഗ്ലീഹന്മാർ വാമൊഴിയായി ആദ്യം ചെയ്തിരുന്ന മതപ്രബോധനം (catechesis) ആരാമായ ഭാഷയിൽ ആയിരുന്നു എന്നു സൂക്ഷ്മനിരീക്ഷകനായ Ricciotti യുടെ **'The Life of Christ P. 121'** എന്ന അധികാരികഗ്രന്ഥം സാക്ഷ്യംവഹിക്കുന്നു. **"Without doubt the earliest oral catechesis of the Apostles was in Aramaic"** ആരാമായതന്നെ ആയിരുന്ന വി. മത്തായിയുടെ സുവിശേഷത്തിന്റെ മൂലഭാഷയും- **"Mathew wrote in Aramaic Jesus' mother tongue: hence in his Gospel the words of Our Saviour which the Apostle for the most part gathred into five long composite discourses not only keep their primitive meaning but also remain in their original language"** Lagrange O. P. (The Gospel of Jesus Christ P. 4)

നമ്മുടെ കൽദായസുറിയാനി ആരാധനക്രമം പൂർണ്ണതപ്രാപിച്ചതു് സുറിയാനിഭാഷയുടെ സുവർണ്ണകാലഘട്ടത്തിലാണു്. തന്നിമിത്തം ഇന്നതിരുസ്സഭയിൽ നിലവിലിരിക്കുന്ന ആരാധനക്രമങ്ങളിൽ അർമേനിയൻ ക്രമത്തോടൊപ്പം സാഹത്യമേന്മയുള്ളതാണു സുറിയാനിക്രമം.പോരെങ്കിൽ നമ്മുടെ ആരാധനക്രമത്തിൽ വായിക്കപ്പെടുന്ന സുപ്രസിദ്ധസുറിയാനി പ്രശീതാവിവർത്തനം ഉണ്ടായതും ഈ സുവർണ്ണകാലയളവിൽതന്നെ. പ്രസ്തുത വിവർത്തനത്തിലെ വിശേഷിച്ചു് സുവിശേഷഭാഗത്തെ സംബന്ധിച്ചു്

നസ്രാണിസമുദായം മുന്നോട്ട്, മുന്നോട്ട്.

I

"ഏക ലോകത്തിനുവേണ്ടി ശാന്തിപ്രിയരായ ലോകനേതാക്കളും, "ദേശിയോദ്ഗ്രഥന"ത്തിനുവേണ്ടി ഭാരത രാഷ്ട്രാധികാരികളും ജാതി സമുദായ മത ഭേദമൊക്കെ അവഗണിച്ച്, നാം ഒന്നിച്ച് സമരം ചെയ്ത് മാതൃഭവന ഭേദനം നടത്തിയിരിക്കുന്ന ചീനരെ ആട്ടിയോടിക്കുന്നതിനുവേണ്ടി എല്ലാ രാജ്യസ്നേഹികളും സ്വരമുയത്തിക്കൊണ്ടിരിക്കുന്ന ഈ പ്രതിസന്ധിഘട്ടത്തിൽ ഒരു പ്രത്യേക സമുദായത്തിന്റെ സമുദ്ധാരണത്തിനുംസുസ്ഥിതിയ്ക്കും വേണ്ടിയുള്ള പ്രസ്ഥാനം അസംഗതമല്ലേഎന്നു് മറുചിലരോടൊപ്പം ഞാനും സംശയിക്കാതിരുന്നില്ല. എന്നാൽ വളരെ പ്രാചീനമെങ്കിലും ഇന്നും വളരെ അവശതകളും യാതനകളും അനുഭവിച്ചുപോരുന്ന നസ്രാണിസമുദായത്തിന്റെ നവജീവനുവേണ്ടിയുള്ള ഈ പുതിയ കാൽവെയ്പ് ഒട്ടുംതന്നെ ആസാന്ദർഭികമോ അപാകമോ അല്ലെന്നുള്ള നിഗമനത്തിൽ എത്തിച്ചേരുന്നതിനു് അനന്തരചിന്തകൾ എന്നെ സഹായിച്ചു.

വിവിധത ജീവിതമസാലയത്രെ.

"വിവിധതജീവിത മസാല"(**Variety is the spice of life**) യാണെന്നൊരു പഴമൊഴിയുണ്ടല്ലൊ.ഏതൊരു

വിവിധഭാഷാപണ്ഡിതനായ **Prof Noldeke** പറഞ്ഞിരിക്കുന്നതു് ഏവംവിധമാണു്: "**These last (the synoptic Gospels) exhibit almost invariably an exceedingly flowing, idiomatic style of Syriac which upon the whole reads better than the Semitic Greek of the original.**" **(Compendium Syriac Grammar Preface)**

നമ്മുടെ ആരാധനക്രമത്തിലെ ഗീതങ്ങളുടെ ആവിർഭാവം, അവയിലെ ഗാനരീതികൾ എന്നിതുകളെ സംബന്ധിച്ച് ശരിയായ അറിവില്ലാത്തതിനാൽ തെറ്റായ പലേ ധാരണകളും ചിലക്കുള്ളതായി അറിയുവാൻ ഇടയായിട്ടുണ്ട്. അങ്ങനെയുള്ളവരുടെ ശ്രദ്ധക്കായി ഈയിടെ പ്രകാശിതമായ **'The Eastern Liturgies'** എന്ന ഗ്രന്ഥത്തിന്റെ കർത്താവായ **Irenee-Henri Dalinais O P.** എന്ന പണ്ഡിതവരേണ്യന്റെ സാക്ഷ്യം ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ- "**Edessa appears to have had a particularly important part in the development of the writing and use of hymns among Christians. The oldest known hymns, the Odes of Solomon, without doubt belong to Northern Syria or Asia Minor but towards the end of the 2nd century, Bardesanes of Edessa wrote 150 hymns un orthodox in tone, which became so popular that in the middle of the fourth century St. Ephrem borrowed their rhythms and tunes and set them to orthodox words: this was the beginning of the hymnody common to all the Syriac-speaking churches and its influence was felt throughout Christendom**" വിശിഷ്യ **Gregorian chant** ന്റെ ഉറവിടം തന്നെയും വി. അപ്രേമിന്റെ ഗീതങ്ങളാകുന്നു. "**This manner of singing was improved by St. Gregory the great and perfected still more after him:**" **Rites of Eastern Christendom Vol II P. 318)**

കേരളത്തിലെ ആദ്യ ആരാധനക്രമഭാഷകൽദായസുറിയാനിതന്നെയെന്നുനാംന്യായപൂർവ്വം പരമ്പരയാ വിശ്വസിച്ചുപോരുന്ന ഇതിനു തക്കകാരണവുമുണ്ട്. ആദ്യശതകങ്ങളിൽ യൂനായ സുറിയാനി എന്നീ രണ്ടുഭാഷകൾ മാത്രമേ റീത്തുഭാഷകളായി ഉണ്ടായിരുന്നുള്ളൂ, ലത്തീൻഭാഷതന്നെ 3-ാംശതകത്തിനുശേഷമാണു് റീത്തുഭാഷയായി തീർന്നതു്. മലയാളഭാഷ അന്നുണ്ടായിരുന്നില്ല. തമിഴായിരുന്ന അന്നത്തെ ഉപയോഗഭാഷ തമിഴിൽ ആരാധനക്രമം ഏർപ്പെടുത്തിയതിനു യാതൊരു ലക്ഷ്യവും ഐതിഹ്യവും ഇല്ല. പ്രത്യുത മാർതോമ്മാശ്ലീഹാ കേരളത്തിൽവന്ന അവസരത്തിൽ കൽദായസുറിയാനി തങ്ങളുടെ സംഘാലയങ്ങളിൽ കർമ്മഭാഷയായി ഉപയോഗിച്ചിരുന്ന യഹൂദന്മാർ ഇവിടെ ഉണ്ടായിരുന്നു. ശ്ലീഹന്മാരുടെ പൊതുവായ പ്രവർത്തനരീതി പരിശോധിച്ചാൽ അവർ മതബോധനം ആദ്യം നടത്തിയിരുന്നതു് യൂദന്മാരുടെ ഇടയിലുമായിരുന്നു. വിശിഷ്യ കൽദായസുറിയാനിയിൽ വിരചിതമായ വി.മത്തായിയുടെസുവിശേഷത്തിന്റെ ഒരു പ്രതി നമ്മുടെ പിതാവു് ഇവിടെ കൊണ്ടുവന്നിരുന്നുവെന്നു് ചില ചരിത്രകാരന്മാർ പറഞ്ഞിരിക്കുന്നതും പ്രത്യേകം ശ്രദ്ധാർഹമാകുന്നു.

ആകയാൽ "ദൈവത്തിന്റെ ഏകജാതനു് മാതൃഭാഷയായിരുന്നതും അവിടുന്നു് ദൈവതിരുമനസ്സും നിത്യരക്ഷയുടെ വാഗ്ദാനങ്ങളും സുവിശേഷസത്യങ്ങളും സ്വർലോകത്തിനും വെളിപ്പെടുത്തുവാനും പിതാവിനോടു പ്രാർത്ഥിക്കുവാനും അപ്പവും ദ്രാക്ഷാരസവും സ്വന്ത ശരീരരക്തങ്ങളായി പകുത്തുവാനും ഉപയോഗിച്ചതും, തന്റെ ദിവ്യഅധരങ്ങൾ ശുദ്ധീകരിച്ചതുംസ്വർഗ്ഗീയപിതാവിന്റെ ശബ്ദവാഹിനിയായിത്തീർന്നതുമായ സുറിയാനിയിൽതന്നെ ദൈവവചനങ്ങൾ വായിക്കുകയും തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുവാൻ ഇടയാകുന്നതു് ഒരു മഹാഭാഗ്യമെന്നതിൽ സന്ദേഹമില്ല." എന്നു് വേദപുസ്തക വിദ്വത്കനും വിശിഷ്യപണ്ഡിതകവിയും ആയ മാണിക്കത്തനാർ അവർകൾ 'പഞ്ചഗ്രന്ഥി'യിൽ പറഞ്ഞിരിക്കുന്നതു് സാക്ഷാൽ ദേവഭാഷയായ കൽദായസുറിയാനികർമ്മഭാഷയായി ഉപയോഗിക്കുന്ന നസ്രാണികൾക്കു എന്നും അഭിമാനകരമത്രേ.

"**I imagine that every contemplative would at sometime or other wish that he could chant the Psalms in the same language in which they were chanted by Jesus on this earth and in which He quoted them when He was dying on the cross**" **(Thomas Merton)**

(Fr. Sebastian Jerome C.M.I.)

മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു എന്തു സംഭവിച്ചു.

നമ്മുടെ പിതാവു് മാത്തോമ്മാശ്ലീഹാ

ശ്ലീഹന്മാരുടെ കാലത്തുണ്ടായിരുന്ന ക്രൈസ്തവസമൂഹങ്ങളിൽ പലതിന്റെയും പേരുകൾ, "നടപടി, ലേഖനങ്ങൾ" നമ്മെ ഓർപ്പിക്കുന്നുണ്ടു്. ചിലതെല്ലാം പറയാതെതന്നെ അറിയത്തക്കവിധം സുജ്ഞാതങ്ങളാണു്. സുറിയായിലെയും ഈജിപ്തിലേയും ഏഷ്യയിലേയും സഭകൾ പ്രശ്രുതങ്ങളായിരുന്നു. റോമാസാമ്രാജ്യാതിർത്തിക്കു വെളിയിൽ പേർഷ്യയിലും മറ്റും ക്രിസ്തുവർഷം ഒന്നാം ശതകത്തിൽ തന്നെ ക്രൈസ്തവ സമൂഹങ്ങളുണ്ടായിരുന്നെന്നു് ആരും സമ്മതിക്കും. ഇൻഡ്യയിലും ഇക്കാലത്തുതന്നെ സുവിശേഷോൽഘോഷം നടത്തപ്പെട്ടുകഴിഞ്ഞെന്നും അവിടത്തെ സഭ ഒരു ശ്ലീഹായാൽ സംസ്ഥാപിതമാണെന്നും സമ്മതിക്കുവാനായിരുന്ന പലർക്കും പ്രയാസം. പാശ്ചാത്യപണ്ഡിതന്മാരുടെ അനുഭാവരഹിതമായ നിലപാടു് വൈഷമ്യങ്ങൾ വർദ്ധിപ്പിക്കുകയാണു് ചെയ്തതു്. വാദങ്ങളും എതിർ വാദങ്ങളും, സമർത്ഥനങ്ങളും പ്രതിഷേധങ്ങളും അന്തരീക്ഷത്തിൽ മുഴങ്ങി. വളരെയേറെ ഗവേഷണങ്ങൾ നടന്നു, തെളിവുകൾകൂന്നുകൂടി; സ്വദേശികളുടെയും വിദേശികളുടെയും സാക്ഷ്യങ്ങൾ നിരന്നുനിന്നു. നിഷ്പക്ഷമായി പ്രശ്നത്തെനേരിടാനുള്ള ഒരു സന്നദ്ധതയുണ്ടായപ്പോൾ പ്രശ്നം മിക്കവാറും പരിഹൃതവുമായി. മാർ തോമാശ്ലീഹായുടെ ഇൻഡ്യൻ പ്രേഷിതത്തെനിഷേധിക്കുവാൻ ഇന്നു് ആരുംധൈര്യപ്പെടുന്നില്ല. എന്നല്ല, തോമാശ്ലീഹാതെന്നിന്ത്യയിൽവരത്തക്ക സാഹചര്യങ്ങളാണക്കാലത്തുണ്ടായിരുന്നതു് എന്നു സമ്മതിക്കുന്നു. അതിപുരിയായി, സജീവ പാരമ്പര്യം ഇടമുറിയാതെ നിലനിന്നുപോരുമ്പോൾ അതു് ആധുനികത്തെക്കുതെല്ല, ഈട്ടുള്ള ന്യായം തന്നെയാണു്; തോമാശ്ലീഹാതെന്നിന്ത്യയിൽവന്നു സുവിശേഷ പ്രസംഗം നടത്തുകയും രക്തസാക്ഷിമരണം വരിച്ചു് അവിടെ അടക്കപ്പെട്ടുകയും ചെയ്തു എന്നു കരുതുന്നതിൽ ഒരസാംഗത്യവുമില്ല എന്നു് പ

സമുദായത്തെയും അടിച്ചുടയ്ക്കാതെ വിവിധങ്ങളായ സംസ്കാരങ്ങളോടും പാരമ്പര്യങ്ങളോടും ആചാരമര്യാദകളോടും കൂടെ വളർന്നുകൊണ്ടിരിക്കുന്ന എല്ലാ സമുദായങ്ങളേയും കൂടുതൽ വികസിക്കുന്നതിനും വിരാജിക്കുന്നതിനും അനുവദിക്കുമെങ്കിൽ കേരളാംബികയുടെ ജീവിതം കൂടുതൽ സുഭഗവുംസുന്ദരവുമാകുമെന്നതിനു് യാതൊരു സംശയവുമില്ല. ഇതര സമുദായങ്ങളുടെ അധികാരാവകാശങ്ങളെ ചവിട്ടിമെതിക്കാതെ, അവയുടെ പുരോഗതിയ്ക്കു് വിലങ്ങുതടിയാകാതെ ഏതെങ്കിലുമൊരു സമുദായം മുന്നേറുന്നെങ്കിൽ അതു് ദേശിയോദ്ഗ്രഥനാദർശത്തിനു് വിരുദ്ധമായി തീരുകയില്ലല്ലൊ. ഓരോ ജാതിയും സമുദായവും അതിന്റെ കഴിവിനും അനുകൂലസാഹചര്യങ്ങൾക്കും അനുസൃതമായി സാമ്പത്തികവും സാംസ്കാരികവും ആദ്ധ്യാത്മികവുമായി വികസിക്കുമെങ്കിൽ കേരളത്തിന്റെ സാവ്വംകഷമായ പൊതുമുതലിൽ വലിയ ഒരു വർദ്ധനവു് ഉണ്ടാകാതിരിക്കയില്ലെന്നും നമുക്കു് അറിയാം. എന്നാൽ പ്രസ്തുത സമുദായസമുദ്ധാരണപ്രവർത്തനത്തിൽ സങ്കുചിതമനസ്ഥിതി വെടിഞ്ഞു് ഇതര സമുദായങ്ങളോടുള്ള സ്നേഹത്തോടും പൊതുകാര്യങ്ങളിൽ അവരോടു് ഒത്തൊരുമിച്ചു് പ്രവർത്തിക്കുന്നതിനുള്ള സന്നദ്ധതയോടും കൂടെ മാത്രമേ നസ്രാണിസമുദായനവജീവൻ പ്രസ്ഥാനക്കാരും മുന്നേറാവൂ.

സൗന്ദര്യം സ്നേഹം എന്നീ മാനുഷികമൂല്യങ്ങളെയും അതുകായ്മായി കരുതുന്നില്ലെന്നു തോന്നിപ്പോകും അവരുടെ ചില പ്രവൃത്തികൾ കാണുമ്പോൾ. നിർദ്ദോഷങ്ങളായ എല്ലാ സാംസ്കാരികപ്രത്യേകതകളും ഉൾക്കൊള്ളുന്നതാണു് ക്രിസ്തീയസംസ്കാരം. അതുകൊണ്ടു് നസ്രാണിയുടെ സംസ്കാരത്തിലും ക്രിസ്തീയവിശ്വാസത്തിനോ സന്മാർഗ്ഗത്തിനോ വിരുദ്ധമല്ലാത്ത ഹിന്ദുസമുദായാചാരങ്ങളും കടന്നുകൂടി നസ്രാണി സംസ്കാരത്തെ പോഷിപ്പിക്കുകയും, അതുപോലെതന്നെ ക്രൈസ്തവാശയങ്ങളും അനുഷ്ഠാനങ്ങളും ഹിന്ദുക്കളേയും ആകർഷിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ഒട്ടുംതന്നെ അത്ഭുതപ്പെട്ടിട്ടു കാര്യമില്ല. കലയും, സാഹിത്യത്തിനും, പ്രേമത്തിനും, സൗന്ദര്യത്തിനും, സമ്പത്തിനും, വിനോദങ്ങൾക്കും രാഷ്ട്രീയത്തിനും സ്ഥാനമുണ്ടു് നസ്രാണിസംസ്കാരത്തിൽ. ഇവയെല്ലാം പരിപോഷിപ്പിച്ചുകൊണ്ടു് നമുക്കു് പുരോഗമിക്കാം.

ആദ്ധ്യാത്മികതയും മാനുഷികമൂല്യങ്ങളും

ഒരു സമുദായത്തിന്റെ ജീവനാഡിയാണു് അതിന്റെ സംസ്കാരം. അതുകൊണ്ടു് പൂർവ്വാധികം ഉയരുന്നതിനു് അഭിലഷിക്കുന്ന നസ്രാണിസമുദായവും തറവാടിത്തമുള്ള അതിന്റെ സംസ്കാരത്തെ പുലർത്തിക്കൊണ്ടു പോകണം. തികച്ചും അഭിമാനിക്കത്തക്ക ഒരു സംസ്കാരമാണു് നമുക്കു് പുരാതനകാലം മുതല്ക്കേ ഉണ്ടായിരുന്നതു്. പാശ്ചാത്യപരിഷ്കാര സംക്രമണംമൂലം അതിനു് യാതൊരുടവും തട്ടാതെ അതിനെ പരിപോഷിപ്പിച്ചുകൊണ്ടു പോകണം. നസ്രായനായ ക്രിസ്തുവിന്റെ സദ്വാർത്തയിൽ അധിഷ്ഠിതമായ ആദ്ധ്യാത്മികമൂല്യങ്ങളെ ഒട്ടുംതന്നെ നമുക്കു് അവഗണിക്കുവാൻ വയ്യ. ദൈവികവും ധാർമ്മികവുമായ സുകൃതങ്ങളുടെ അഭ്യസനത്തെ മുറുകെ പിടിക്കുകയും വേണം എന്നാൽ ഹ്രസ്വബുദ്ധികളും കിഞ്ചിജ്ഞരുമായ ചിലർപുണ്യാത്മാക്കൾ സ്വാഭാവികസുകൃതങ്ങളേയും സത്യം, നന്മ

മുന്നേറുക

പുതുമയുടെ പുണ്യട്ടണിയുവാൻ വെമ്പൽകൊള്ളുന്ന ചെറുതലമുറയോടു് പറയുവാനുള്ളതു് തറവാടിത്തമുള്ള ഒരു പുരാതനപ്രസിദ്ധമായ സംസ്കാരം നസ്രാണിസമുദായത്തിനുണ്ടായിരുന്നെന്നും നമ്മുടെ പാരമ്പര്യത്തിൽ അഭിമാനിക്കാൻ വകയുണ്ടെന്നും നമുക്കു് ചുറ്റുമുള്ള അകത്തോലികാന്തരീക്ഷത്തെ സൗഗന്ധികമാക്കുന്നതിനുള്ള ശക്തി നമ്മുടെ സമുദായത്തിൽ അന്തർഹിതമായിരിപ്പുണ്ടെന്നും ഭാരതത്തിലെ ക്രിസ്തുമതത്തിന്റെ ഏറ്റവും പ്രാചീനവും ഏറ്റവും ഐശ്വര്യപൂർണ്ണവുമായ തറവാടായ കേരളസുറിയാനി സഭയുടേയും നസ്രാണിസമുദായത്തിന്റേയും പുരോഗതിയിൽ വിലങ്ങുതടികളായി വർത്തിക്കാതെ സഭാധികാരികളോടും സമുദായനേതാക്കളോടും സഹകരിച്ചു് മുന്നേറണമെന്നാണു്. നസ്രാണിനവജീവൻ പ്രസ്ഥാനം വിജയിക്കട്ടെ.

ഫാ. ജെ. ഹില്ലാറിയോൻ, സി. എം. ഐ.

ണ്ഡിതന്മാർ ഇന്ന് വാദിക്കുന്നതുപോലെ, ഇങ്ങനെ സുദീർഘകാലത്തേയ്ക്ക് നാം നടത്തിയ 'വ്യവഹാരം' അനുകൂലമായി വിധിക്കപ്പെട്ടിരിക്കുന്നു, നമ്മുടെ പാരമ്പര്യം ചരിത്രമാണ്, കെട്ടുകഥയല്ല. പന്ത്രണ്ടു ശ്ലീഹന്മാരിൽ തെവനായ മാർത്തോമായിൽ നിന്നാണ് ഇന്ത്യയിലെ ഒക്ലെസ്സവസഭയുടെ ആരംഭം. രേഖകളും സ്മാരകങ്ങളും സ്ഥലങ്ങളും പരിശോധിച്ചും, വിദേശിയരുടെ സാക്ഷ്യങ്ങളും സ്വദേശത്തെ പാരമ്പര്യവും വിശദീകരിച്ചും വിമർശിച്ചും ഇതിന്റെ യാഥാർത്ഥ്യം ബോദ്ധ്യമാകാനുള്ളതേയുള്ളൂ.

എന്തു സംഭവിച്ചു.

തോ. ശ്ലീ. ഇൻഡ്യയിൽ പ്രേഷിതവൃത്തി നടത്തിയതു് കുറച്ചുകാലമൊന്നുമല്ല. ഏഷ്യയുടെ മറുഭാഗങ്ങളിൽ വേലചെയ്യാൻ പലകൊല്ലങ്ങൾ എടുത്തെന്നുകരുതിയാൽ കൂടെ, ഇൻഡ്യയിൽ വന്നിറങ്ങിയെന്നു കരുതുന്ന 52നും മരണമടഞ്ഞ 72നും ഇടയ്ക്കുള്ള 20 കൊല്ലത്തിൽ നല്ലൊരു ഭാഗമെങ്കിലും ഇൻഡ്യയിൽതന്നെ ചെലവഴിച്ചിട്ടുണ്ട്. അങ്ങനെ ഇൻഡ്യയുടെ നാനാഭാഗങ്ങളിലായി നട്ടുപിടിപ്പിച്ച വളർത്തിയെടുത്ത ക്രൈസ്തവ സമൂഹങ്ങളെല്ലാം എവിടെപ്പോയി? ഇപ്പോൾ ചിലർ കരുതിപ്പോരുന്നതുപോലെ കേരളത്തിൽ മാത്രമല്ലായിരുന്നെന്ന് ഏതുപൊട്ടനും മനസ്സിലാക്കാം. മദ്ധ്യശതകങ്ങളിലെ സഞ്ചാരികൾ കണ്ടതുപോലെ കുരുമുളകിന്റെ മാത്രവുമായിരുന്നിരിക്കയില്ല. സൂക്ഷ്മനിരീക്ഷണം ചെയ്യുമ്പോൾ പല കാര്യങ്ങളും വഴിയെ വിശദമാകും.

ഇൻഡ്യയുടെ പശ്ചിമതീരത്തു് സിൻഡുമുതൽ കന്യാകുമാരിവരെയും, അവിടംമുതൽ മൈലാപ്പൂർവരെ പൂർവതീരത്തും മിക്കവാറും തൊട്ടുതൊട്ടെന്നവിധം ക്രൈസ്തവകേന്ദ്രങ്ങൾ, യൂറോപ്യൻസമ്പർക്കത്തിനു മുമ്പുണ്ടായിരുന്ന എന്നാണ് ഫാ. ഹോസ്റ്റന്റെ അഭിപ്രായം. ഇതിനാധാരമായി തെളിവുകൾ ഒന്നിനുപുറകെ ഒന്നായി അദ്ദേഹം നിരത്തുന്നു.

1. കോസ്മാസ് 535- നോടടുത്തെഴുതി:- "ബാക്ട്രിയാക്കാരും, ഹൂണരും, പേഷ്യരും ബാക്കി ഇൻഡ്യാക്കാരുമായവരുടെ ഇടയിലും, പേർസർമേനിയരും യവനരും ഏലാംകാരുമായുള്ളവരുടെ, ഇടയിലും, പേഷ്യനാടു മുഴുവനും അസംഖ്യം പള്ളികളും മേലദ്ധ്യക്ഷന്മാരും എണ്ണമില്ലാത്തവിധം ജനവും ഉണ്ട്. അവർക്ക് രക്തസാക്ഷികളും ആശ്രമജീവിതമനുഷ്ഠിക്കുന്ന തപസ്വികളുമുണ്ട്." തപ്രബോൻ (സിലോൺ), കുരുമുളകു വിളയുന്ന മലേ(കേരളം), ഡിയസ്കോറസ്(സൊക്കോടാ)- ഇവിടങ്ങളിലെല്ലാം ക്രിസ്ത്യൻ സമൂഹങ്ങൾ ഉണ്ടായിരുന്നതായും അവർക്ക് പേഷ്യയിൽ നിന്നുള്ള വൈദികപരിചരണം ലഭിച്ചിരുന്നതായും കോസ്മാസ് കണ്ട മനസ്സിലാക്കുകയുണ്ടായി. പേഷ്യയിൽ നിന്നു നിയമിച്ച ഒരു മെത്രാനെ, കല്യാണ എന്നു വിളിക്കപ്പെട്ടുന്നസ്ഥലത്തു് കണ്ട എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ബോംബേയ്ക്കടുത്തുള്ള കല്യാനോ, മാംഗളൂർക്കു വടക്കുള്ള കല്യാൻപുരോ, ഡക്കാണിലെ ചാലൂക്യരുടെ കല്യാണിയോ ഏതുമായിക്കൊള്ളട്ടെ. സിന്ധു, ഒർമോത്ത, കല്യാണ, ഡീബോർ; (കേരളത്തിലെ) പാർത്തി, മങ്ങാറുത്തു് ശലോപട്ടണ, നലോപട്ടണ, പുതോപട്ടണ;(സിലോണിൽനിന്നകലെ മാരളോ), കാബേർ (കാവേരി) ഇങ്ങനെ സിൻഡുമുതൽ പൂർവതീരംവരെ കോസ്മാസ് പറയുന്ന പട്ടണങ്ങളിൽ ക്രൈസ്തവസമൂഹങ്ങളുണ്ടായിരുന്നെന്നു് സൂക്ഷ്മമാണ്.

2. ഇങ്ങനെ കോസ്മാസിന്റെ കാലത്തു് 6-ാം നൂറാണ്ടാദ്യം കാണുന്ന കാഴ്ചതന്ന ഏകദേശമായി 14-ാം നൂറാണ്ടിൽ ജൊർഡാനുസ് നൽകുന്ന വിവരണത്തിലും കാണാം, ബോംബയിലും ഗുജറാത്തിലുമായി പശ്ചിമതീരത്തു് ഗണ്യമായവിധം ക്രിസ്ത്യാനികളുണ്ടെന്നു് ജൊർഡാനുസ് (1321- 27) എഴുതിയതു് നമ്മുടെപക്കൽ എത്തിയിട്ടുണ്ട്. താനാ, സുപെരാ, പറോക്കോ- എന്നീസ്ഥലപരിസരങ്ങളിലായി (ബ്രോച്ചു്) മുന്നൂതവണയായി 255 പേരെ മാമ്മോദീസാ മുക്കിയ കാര്യം പറയുന്നുണ്ട്. സുപെരായിൽ തോ. ശ്ലീ. തന്നെ വന്നു പ്രസംഗിച്ചിട്ടുണ്ടെന്നും പള്ളി സ്ഥാപിച്ചെന്നുമാണ് അവിടെവച്ചു് അദ്ദേഹത്തോടു് ആളുകൾ അറിയിച്ചതു്. ഒരിക്കൽ കാവ്യർ നശിപ്പിച്ചുകളഞ്ഞ ഈ പള്ളി വീണ്ടും പണുതു. അതിലാണ്, താനായിൽ വധിക്കപ്പെട്ട ഫ്റൻസീസ്കൻ രക്തസാക്ഷികളുടെ മൃതദേഹങ്ങൾ. ജൊർഡാനുസ് സംസ്കരിച്ചതു്. (1321 ഏപ്രിൽ 9-ാംനു). "ചെറിയ ഇൻഡ്യയിൽ (സിന്ധുവിനിപ്പുറം കിടക്കുന്നതായിരിക്കും ചെറിയ ഇൻഡ്യ). ജനങ്ങളിൽ സിംഹഭാഗവും വിഗ്രഹാരാധകരാണെന്നുവരികിലും, രാജ്യത്തിന്റെ ഗണ്യമയ ഭാഗം, തുക്മുഹമ്മദരുടെ കൈവശമാണ്. മുൾട്ടാനിൽനിന്നുവന്ന് നാട്ടുപിടിച്ചെടുക്കയും വിഗ്രഹക്ഷേത്രങ്ങൾ അസംഖ്യം നശിപ്പിക്കയും, അതേവിധം പല പള്ളികൾ വസ്തുവകസഹിതം അവർ പിടിച്ചെടുത്തു് മോസ്ക്കുകളാക്കുകയും ചെയ്തിട്ടു് അധികകാലമായില്ല." എന്നും ജൊർഡാനുസ് രേഖപ്പെടുത്തിയിരിക്കുന്നു. ഇതെല്ലാം കാണുന്നതു് വേദനാജനകമെന്നും അദ്ദേഹം ദീർഘനിശ്വാസം ചെയ്യുന്നു. "ചെറിയ ഇൻഡ്യയിൽ അവിടവിടായി ചിതറിക്കിടക്കുന്ന ക്രിസ്ത്യാനികളുണ്ട്. അവർ വാസ്തവത്തിൽ ക്രിസ്ത്യാനികളല്ലാതായിത്തീർന്നിരിക്കുന്നു. മാമ്മോദീസാ ഇല്ലാത്തതുകൊണ്ടും, വിശ്വാസസംബന്ധമായി ഒന്നും അറിയാത്തതുകൊണ്ടും. മാത്രമല്ല, തോ. ശ്ലീ. മിശിഹാ(തന്നെ) യാണെന്നുകൂടെ കരുതിപോരുന്നു." ഇത്രമാത്രം കാട്ടുകയറിയ രീതിയായിട്ടുണ്ടെന്നു് അന്നത്തെ ഉത്തരഭാഗങ്ങളിലുള്ളക്രൈസ്തവരുടെ നിലകണ്ടു് അദ്ദേഹം വിലാപപൂർവ്വം രേഖപ്പെടുത്തുന്നു.

3. 1323ൽത താനായിൽകൂടെകടന്നുപോന്നഫ്റെയർ ഒഡോറിക്കു് ഡിപൊർഡോൺ പറയുന്നു:"താനായിൽ പതിനഞ്ചുക്രിസ്ത്യൻഭവനങ്ങളുണ്ട്. വളരെയേറെ ക്രിസ്ത്യാനികൾ താമസിക്കുന്ന പറോത്തിലേയ്ക്കു്(Broach)ജൊർഡാനുസ് പോയി അവിടെ രണ്ടാഴ്ച താമസിച്ചു് വേദപാഠം പഠിപ്പിച്ചു മാമ്മോദീസാ മുക്കി. തൊണ്ണൂറുപേർക്കു് കുർബ്ബാനകൊടുത്തു." താനായിൽ നല്ലവിശ്വാസമുള്ള ക്രൈസ്തവർ ജീവിക്കുന്നു എന്നും, madicants താമസിക്കുന്നെന്നും സർജോൺഡിമാൻഡെവിൽ രേഖപ്പെടുത്തിയിരിക്കുന്നു. 1274-ൽ സിൻഡിലുള്ള Caimur-ൽ മുസ്ലീം, ക്രിസ്ത്യൻ, ജൂത, മാജി, പാസി-കൾ ഉണ്ടായിരുന്നെന്നു് Kazwani രേഖപ്പെടുത്തിയതായി Gildemeister പറയുന്നു. ബോംബേയ്ക്കു് വടക്കുപടിഞ്ഞാറായി വിട്ടുകിടക്കുന്ന (പരസ്പരബന്ധമില്ലാത്ത) രണ്ടുനെസ്റ്റോറിയൻ കോളനികൾ 1873ൽ ഉണ്ടായിരുന്നെന്നു് Whitehouse എഴുതുന്നു. 1502-ൽ വാസ്കോഡിഗാമായെ കാണാൻപോയ ക്രിസ്ത്യാനികളുടെവാസസ്ഥാനമായിമംഗലാപുരം Thomas Lopez എടുത്തുകാ

ണിക്കുന്നുണ്ട്. മാദായി ഒരു കാലത്ത് നസ്രാണികളുടെയും യുദ്ധാരുടെയും വ്യാപാരകേന്ദ്രമായിരുന്നെന്നു് ഊഹിക്കപ്പെടുന്നു. ഈ രണ്ടുകൂട്ടരും പന്തലാനിയിൽ ഉണ്ടായിരുന്നെന്നു് 1323-ൽ ഓഡോറിക്കു് പറയുന്നു. 1496-നു മുമ്പു് കോഴിക്കോട്ടു് ക്രിസ്ത്യാനികളുടെ ആയിരം വീട്ടുകളുണ്ടായിരുന്നെന്നു് ഹിരോണിമോഡിസാന്റൊസ്തീഫനോ പറയുന്നു. (R. H. Majer. India in the 15th century. 1857) പോർത്തുഗീസുകാരുടെ വരവിനു മുമ്പുതന്നെ കോഴിക്കോട്ടും അതിനു വടക്കുമുണ്ടായിരുന്ന നസ്രാണികൾ തെക്കോട്ടു് തെക്കേ കേരളത്തിലേയ്ക്കു് പോന്നിരുന്നു. അതു് (അവിടത്തെ) മഹമ്മദരുടെ വിരോധ മനോഭാവം നിമിത്തമായിരുന്നു. പോർത്തുഗീസു് ചരിത്രകാരന്മാരെ ആശ്രയിച്ചു് ഇക്കാര്യം തെളിയിക്കാവുന്നതാണെന്നു് ഫാ. ഹോസ്റ്റൻ പറയുന്നു. പൗളിനോസും ഇതുതന്നെ പറയുന്നു. അറബികളുടെ വളർന്നവരുന്ന വലിയ ശക്തികണ്ടു് നസ്രാണികൾ കാനറായും സാമൂതിരിരാജ്യത്തിന്റെ വലിയഭാഗവും ഉപേക്ഷിച്ചു് കൊച്ചിരാജാവിന്റെ പ്രദേശത്തേയ്ക്കു് പിൻവലിഞ്ഞിരിക്കുന്നു എന്നു്

4. ഡച്ചുപ്രീച്ചർ J.C. Visscher-നു് ഗബ്രിയേൽ മെത്രാൻഅയച്ച എഴുത്തിൽ,1723"ക്രിസ്തീയപ്രമാണികൾ മാണിക്കവാചകരെ ശ്രവിക്കയാൽവിശ്വാസം ഉപേക്ഷിച്ചു് അയാളുടെ പിറകേ പോയി സ്ഥിരമായിനി ു 160 കുടുംബക്കാരെ സഹായിക്കാൻ ഹൈന്ദോവിൽ നിന്നു് ചിലർ വരികയുണ്ടായി. പലകൊല്ലം അവർ പരിപ്പിച്ചു. പാലകന്മാരില്ലാതായപ്പോൾ പലരും കാവ്യരായിത്തീരുകണ്ടായി. ഇങ്ങനെ രണ്ടാമതും ഒരു പതനം ഉണ്ടായതിൽ 160-ൽ 69വീട്ടുകാർ കവ്യരായി." എന്നെല്ലാം പറഞ്ഞിരിക്കുന്നു.

5. 1200-നോടടുത്തു് ഉടുപ്പിയിൽ കല്യാൻപുരിയിൽ ജനിച്ച മാധവാചാര്യർ നിത്യശിക്ഷ(eternal punishment)യെപറ്റി പ്രതിപാദിക്കുന്നു.അതദ്ദേഹത്തിന്റെമതബോധ്യങ്ങളിലൊന്നാണു്.ഇതിനു്ക്രിസ്തീയപഠനത്തോടു കടപ്പെട്ടിരിക്കുന്നു എന്നു് ന്യായമായി കരുതണം. അന്നു് അവിടങ്ങളിൽ ക്രിസ്ത്യാനികൾ ധാരാളമുണ്ടായിരുന്നു. ഇക്കാലത്തു് ഹിന്ദുക്കൾ ക്രിസ്തീയമായവ പകർന്നുകൊണ്ടിരിക്കുന്നെങ്കിൽ അക്കാലത്തെ കാര്യം പറയാനില്ല. കാട്ടുകയറിപ്പോയ ക്രിസ്ത്യാനി- ഹിന്ദുക്കൾ ഇങ്ങനെ ക്രിസ്തീയാദർശങ്ങളും പഠനങ്ങളും ഹിന്ദുമതതത്വങ്ങളായി കരുതി വിശ്വസിച്ചു പോരുന്നു. ബൗദ്ധപഠനങ്ങളും രീതികളും ഹിന്ദുമതത്തിനേറെതായി തീർന്നിട്ടുള്ള സ്ഥിതിയ്ക്കു്,ബുദ്ധമതക്കാർ എല്ലാംതന്നെ ഹിന്ദുക്കളാക്കപ്പെട്ടിരിക്കുന്ന സ്ഥിതിക്കു് ഏകദേശമിതുപോലെ ഒരു സാഹചര്യം ക്രൈസ്തവക്കും വന്നിട്ടുണ്ടായിരിക്കണം എന്നു് ന്യായപൂർവ്വം അനുമാനിക്കാം.

മാധവന്റെ initiation കഴിഞ്ഞയുടനെ "എന്റെ പ്രിയപുത്രൻ!" എന്നു് ആത്മാവുപ്രവേശിച്ച ഒരാൾ വിളിച്ചുപറഞ്ഞതു്. അഞ്ചാം വയസ്സിൽ കൂട്ടി നഷ്ടപ്പെട്ടതും മൂന്നു ദിവസത്തെ ആകുലപൂർവ്വമായ അന്വേഷണശേഷം കൂട്ടിയെ ഉടുപ്പിക്ഷേത്രത്തിൽ കണ്ടുമുട്ടിയതു്; സ്വർഗ്ഗത്തിലെ ദേവന്മാർ ശിശുവിന്റെ ജനനത്തിൽ ആനന്ദിച്ചതു്; . ... ഇതെല്ലാം കാണുമ്പോൾ ആർക്കും ബോദ്ധ്യം വരും. ഇപ്പോഴത്തെ ഹിന്ദുമതം, ക്രിസ്തുമതത്തിൽനിന്നു വാങ്ങിയതു് ചില്ലറയൊന്നുമല്ലെന്നു്. പഴയകാലത്തെ, ഇൻഡ്യയിലെ തെക്കും വടക്കും, കിഴക്കും പടിഞ്ഞാറുമായി ജീവിച്ചിരുന്ന അസംഖ്യം ക്രിസ്തീയസമൂഹങ്ങൾ മാഞ്ഞുപോയതെങ്ങനെ? നല്ലഭാഗം കാട്ടുകയറി, നാം കണ്ടതുപോലെ ക്രിസ്തീയ ചുവയുള്ള ഹിന്ദുക്കളായി തീർന്നു. വേറൊരുഭാഗം മഹമ്മദരുടെ ഞെരുക്കകാലത്തു് ഇസ്ലാമതം സ്വീകരിച്ചു. വേറൊരുഭാഗം സംഹരിക്കപ്പെട്ടു. മഹമ്മദ്ഗസ്നിയുടെ കാലംമുതലാണു്,വടക്കുപടിഞ്ഞാറെ ഇൻഡ്യ ഇസ്ലാംമതം സ്വീകരിച്ചതു്. ഇസ്ലാം പ്രബലപ്പെടുന്നതിനു മുമ്പു്, പേഷ്വൻ സഭ വളരെ വിപുലവും പ്രബലവുമൊക്കെആയിരുന്നു. സൊക്കോടയിലെ സഭയെപ്പറ്റി ശൗര്യാർ പുണ്യവാൻതന്നെ സാക്ഷിപ്പെടുത്തിയിട്ടുള്ളതാണു്. ഇന്നു് അവിടെ മുസ്ലീങ്ങളേ ഉള്ളു. ഡക്കാണിലും, പാണ്ടിയിലും മറുമുണ്ടായിരുന്ന വിശ്വാസികളുടെ സമൂഹങ്ങൾ ഹിന്ദുക്കളായെന്നുള്ളതിനു് Roz S. J. യുടെ വിവരണം മതിയായ തെളിവാണു്. (1604) "തുത്തുക്കുടിയിൽനിന്നു് വടക്കു് നാല്പലീഗു് അകലമുള്ള വയിപ്പാറിലും (Vaipar) ആറുലീഗകലമുള്ള വെമ്പാറിലും ഒരു കൂട്ടം ആളുകൾ പാർത്തിരുന്നു. അവർ ക്രിസ്ത്യാനികളല്ലായിരുന്നു. എങ്കിലും കേരളത്തിലെ പൗരാണിക ക്രിസ്ത്യാനികളുടെ കൂട്ടത്തിൽ പെട്ടിരുന്നവരായി അവർ തങ്ങളെ കരുതിയിരുന്നു. അവർ, തരിദാസ്സുൽ നായിക്കന്മാർ എന്നു് തങ്ങളെ തന്നെ വിളിച്ചിരുന്നു."1644-ൽവയപ്പാറിൽ800ക്രിസ്ത്യാനികളുണ്ടായിരുന്നു. അതിനു കുറെ മുമ്പു് അവിടെ 2000 ക്രിസ്ത്യാനികളുണ്ടായിരുന്നു. അന്നു വെമ്പാറിൽ 1300 ഉണ്ടായിരുന്നു. 1644-ൽ രാമേശ്വരത്തു്, പരവജാതിയിൽ പെടാത്ത ക്രിസ്ത്യാനികളുണ്ടായിരുന്നു. അവർ, Palavalis എന്നു് തങ്ങളെപ്പറ്റി പറഞ്ഞിരുന്നു. 1599-ൽ കേരളത്തിൽ നിലവിലിരുന്ന സംസാരം, മൈലാപ്പൂർ ക്രിസ്ത്യാനികൾ തോടമലപ്രദേശത്തു് അഭയംപ്രാപിക്കയുണ്ടായെന്നാണു്. നീലഗിരിയുടെ കിഴക്കെ ചരിവിൽ (തോടന്മാരുടെ വാസസ്ഥാനത്തുനിന്നു ദൂരെ,)കുരിശു(മുകളിൽഉള്ള)കല്ലുകൾ നാട്ടിനിത്തിയിരുന്നതു് Fr. Petit 1925-26ൽ കണ്ടുപിടിക്കയുണ്ടായി. ഹൈദരബാദിൽ കുരിശുരൂപത്തിലുള്ള കല്ലുകൾ കണ്ടുകിട്ടിയിട്ടുണ്ടു്. ഭോപാൽ, ബണ്ഡിൽഖണ്ഡു് തുടങ്ങിയ പ്രദേശങ്ങളിലും ക്രിസ്തീയ അവശിഷ്ടങ്ങൾ കണ്ടുകിട്ടാൻ ഇടയുണ്ടെന്നാണു് വിദഗ്ദ്ധന്മാരുടെ അഭിപ്രായം. സൊപാരയിലെ പള്ളി 1321-ൽ അലാവുഡിൻകിൽജിയുടെ ആക്രമണത്തിലാണു് നശിപ്പിക്കപ്പെട്ടതു്. വിജയനഗരത്തെ(നരസിംഹത്തിലെ)30കൊല്ലംഭരിച്ച കൃഷ്ണരായരുടെ കീഴിൽ വളരെയേറെ നസ്രാണിയോദ്ധാക്കൾ ഉണ്ടായിരുന്നു എന്നു് ഡിയോഗോദൊകോന്താ പറയുന്നു. 14- 15-ം നൂറ്റാണ്ടിൽ മൈസൂരിൽ ഡൊമിനിക്കൻമിഷ്യനറിമാരാരുംവന്നതായി അറിയുന്നില്ലഎന്നു് ഫാ. ഹോസ്റ്റൻപറയുന്നു. എന്നാൽ അതേസമയം അവിടെക്രിസ്ത്യാനികൾ ഉണ്ടായിരുന്നതാനും. അതുക്ഷയിച്ചു് കുരിശടയാളം നിന്നുപോന്നു. പിന്നിടു് അതും പോയി. ആവിധമായിരുന്നിരിക്കണം ചരിത്രഗതി. വളരെക്ഷയിച്ചനിലയിൽ എത്തിയിരുന്നെങ്കിലും അവിടവിടെ ക്രൈസ്തവസമൂഹങ്ങളെപ്പറ്റി ആവശ്യത്തിനുമാത്രം സൂചനകൾ ലഭിക്കുന്നുണ്ടു്.

6- 1375-ലെകറ്റലൻഭ്രപടമനുസരിച്ചു്ദൗളത്താബാദിൽഒരുക്രൈസ്തവമഹാരാജാവുണ്ടായിരുന്നെന്നുകാണുന്നു.

ഗുൽബർഗ്ഗായിലെ അലാവുദ്ദിൻഭാമിനി, നസ്രാണികളോടും ബ്രാഹ്മണരോടും സംസാരിക്കുവാൻ ഇഷ്ടപ്പെട്ടിരുന്നില്ലെന്നും ഏതെങ്കിലും ഉദ്യോഗം വഹിക്കാൻ അവരെ അനുവദിച്ചിരുന്നില്ലെന്നും 1794-ൽ Scott പ്രസിദ്ധീകരിച്ച Ferishta-യിൽകാണുന്നു. 1435-57-ൽഭരണം നടത്തി

യ അലാവുദ്ദീൻ അഹമ്മെഡ്ഷാ പള്ളികളും ക്ഷേത്രങ്ങളും നശിപ്പിച്ചിരുന്നെന്ന് **Major J.S.King** (quoting **Burghani Maesar**) പറയുന്നു. ജോർഡനൂസ് പറഞ്ഞതിനോട് ഒക്കുന്നുമുണ്ട്. വാറങ്കൽരാജകുടുംബത്തിനും, നസ്രാണികളോടു അടുപ്പമോ നസ്രാണിരാജകുടുംബമായ **Deogil or Daulatabad**-മായി ബന്ധുതയോ ഉണ്ടായിരുന്നു. **(Hosten)**

7. ശരിയോ കൃത്രിമമോ ആയ സുവിശേഷകഥകളോടു സാമ്യമുള്ള കൃഷ്ണകഥകൾ പ്രചരിപ്പിച്ചിരുന്നതു ചുറ്റിനടക്കുന്ന **Gujars**കളാണെന്ന് കെന്നടി അഭിപ്രായപ്പെട്ടിട്ടുണ്ട്. മഹാചരിത്രകാരനായ ജൊവാഓഡിബാറോസിന്റെ പ്രസ്താവനകൾ **Oriente Conquistado**-യിൽ ഫ്റൻസിസ്കോഡിസൂസാ എടുത്തുപറയുന്നുണ്ട്. "രാജപുത്രന്മാർ **Rajputs** കാവ്യരൂപേണയുള്ള ദൈവത്തെയും മൂന്നു ആളുകളെയുമേ ആരാധിക്കുന്നുള്ളൂ. പരി. കന്യകമറിയത്തെ വണങ്ങുകയും ചെയ്യുന്നു. ആ പ്രദേശങ്ങളിലേക്കു കടന്നു ചെല്ലുന്നതിനു ന. മിഷ്യനറിമാക്കു സാധിക്കാത്തസ്ഥിതിക്കു ഇതിന്റെ സത്യാവസ്ഥയെപ്പറ്റി തീർച്ച വരുത്തുവാൻ സാധിച്ചിട്ടില്ല. ഇതു ശരിയാണെങ്കിൽ ആ പ്രദേശങ്ങളിൽ വി. തോമ്മാ പ്രസംഗിച്ചെന്നും, വേലക്കാരുടെ കുറവുനിമത്തവും വിജാതിസമ്പർക്കം മൂലവും ദുഷിച്ചുപോയെന്നും വരണം. ശൽമനാസ്സറിന്റെ കാലത്തു് ശമറിയായിൽ താമസിച്ച അസ്സീറിയക്കാർ വിഗ്രഹങ്ങളോടൊപ്പം സത്യദൈവത്തെയും ആരാധിച്ചതുപോലെ.

1676-ൽ ഒരു മിഷ്യനറി ഇങ്ങനെ എഴുതി: ദക്ഷിണ മലബാറിലെ ചില ഹിന്ദുക്ഷേത്രങ്ങൾ നേരത്തെ ക്രിസ്തീയ പള്ളികളായിരുന്നു എന്നു്, ചില ക്രിസ്ത്യാനികൾ പറയുന്നു. ഉത്തര കൊട്ടങ്ങല്ലൂർ രാജാവിന്റെ ക്ഷേത്രങ്ങളിലൊന്നിൽ ന. നാഥയുടെ ഒരു സ്വരൂപം ഉള്ളതായി "ഹിന്ദുക്കൾതന്നെ പറഞ്ഞു." **(Sloane MS. 2748 A Br. Muscum)**.

8. 1532-ൽ ഗോവായിൽ കോടതിയിൽ സമർപ്പിക്കപ്പെട്ടതും 1391-ൽ ഒരമ്പലത്തിനു നൽകപ്പെട്ടതുമായ ഒരു ചെമ്പേടിൽ, അതു നൽകിയ രാജാവു് ആരംഭത്തിൽ, "ആകാശവും ഭൂമിയും സൃഷ്ടിക്കയും, തന്റെ ജനത്തിനു വേണ്ടി ഈ ലോകത്തിലേക്കു് മനുഷ്യനായവതരിക്കുന്ന ദയവാകയും ചെയ്ത ദൈവത്തെ" വിളിക്കുകയും അവസാനം ഒപ്പുവച്ചപ്പോൾ ഏകമായിരിക്കുന്ന ത്രിത്വത്തെ ഏറ്റു പറയുകയും ചെയ്തിരിക്കുന്നു. ഇതു രണ്ടുംകൂടെ കാണുമ്പോൾ ആരും ആശ്ചര്യഭരിതരാകും. മൻടാസർ എന്ന പ്രസ്തുത രാജാവു ഭരിച്ചിരുന്ന ഗോവായുടെ തെക്കേ ഭാഗത്തു് ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. ക്രമേണ ക്ഷയിച്ചുപോയതായിരിക്കണം എന്നാണു് അനുമാനം. ത്രിമൂർത്തിയും അവതാരവും ബ്രഹ്മദേവതയും എല്ലാം ഹിന്ദുക്കളുടെ ഇടയിൽ ഉള്ളതാണെങ്കിലും മേൽപറഞ്ഞതുപോലെ തനി ക്രിസ്തീയരീതിയിൽ കാണുമ്പോൾ എന്താണു വിചാരിക്കേണ്ടതു്? ത്രിമൂർത്തിയും, അവതാരവും, കൃഷ്ണചരിതകഥകളുംതന്നെ ഹിന്ദുമതത്തിന്റെയാണോ? വായ്പയല്ലേ?

9. പാണ്ടി, ചോള, ആന്ധ്ര കലിങ്ക ദേശങ്ങളിൽനിന്നു് ധാരാളമായി കുടിയേറ്റം നടന്നിട്ടുണ്ട്. ഇന്തൊനേഷ്യാ ബർമ്മാ, സയാം കംബോഡിയാ പ്രദേശങ്ങളിലെ അവശിഷ്ടങ്ങൾ ഇക്കാര്യം ഇന്നും ഉൽഘോഷിച്ചുകൊണ്ടിരിക്കുന്നതാണു്. പത്താം നൂറ്റാണ്ടിനു മുമ്പു ഇൻഡ്യയിൽ ക്രിസ്ത്യാനികളുണ്ടായിരുന്നെന്നു് ആരും സമ്മതിക്കുന്നതുമാണു്. മൈലാപ്പൂർ, കാവേരി പട്ടണങ്ങൾ ക്രിസ്തീയകേന്ദ്രങ്ങളുമായിരുന്നല്ലോ. വിവിധ ഭാഗങ്ങളിൽ ക്രൈസ്തവസമൂഹങ്ങൾ ഉണ്ടായിരുന്നതായി നാം നേരത്തെ കണ്ടതുമാണു്. ഇവിടങ്ങളിലെ ക്രൈസ്തവരെല്ലാം കൊല്ലപ്പെട്ടപോയോ? കപ്പലിൽ കിഴക്കോട്ടുകടിപുറപ്പെട്ടപോയക്കൂട്ടത്തിൽ ക്രിസ്ത്യാനികളാരുമില്ലായിരുന്നു എന്നവരുമോ?

Bodawpaya 1783-ൽ അമരപുരം സ്ഥാപിച്ചു. **Talaings** എന്ന കൂട്ടരെ, സത്യദൈവാരാധകരെന്നു പറയുന്ന ഇവരെ, ബുദ്ധമതക്കാരാകാതിരുന്നതുകൊണ്ടു് തീയിൽ ദഹിപ്പിച്ചുകളഞ്ഞു. ആന്ധ്രായിൽ നിന്നു പോയ ക്രിസ്ത്യാനികളായിരിക്കുമോ സത്യദൈവത്തെ ആരാധിക്കുന്ന ഈ തെലുഗായർ?

9-ാംനൂറ്റാണ്ടിൽ മൈലാപ്പൂർ വൈദീകർ ചൈനയിൽ പോയിരുന്നുവോ? ചൈനയിൽ വന്നിരുന്ന വിദേശ ബോൺസമാർ, തച്ചൽ അഥവാ മഹലൂപാ പ്രദേശങ്ങളിൽ നിലവിലുള്ള നിയമം അറിയിക്കാനായി വന്നിരിക്കുന്ന ബോൺസമാർ പൗരജീവിതത്തിലേക്കു് തിരിയണം. എന്നു് വട്ട്സങ്ങ് ചക്രവർത്തിയുടെ വിളംബരമുണ്ടായിരുന്നു.

10 ഉദയംപേരൂർ സൂനഹദോസിൽ സാമൂതിരി രാജ്യാതിർത്തിക്കപ്പുറത്തു് തോടമലയിൽ താമസക്കാരായ മാർത്തോമ്മാ ക്രിസ്ത്യാനികൾ ഉള്ളതായി അറിയിക്കപ്പെട്ടു. മൈലാപ്പൂരിൽ നിന്നും ക്രിസ്ത്യാനികൾ ഓടിപ്പോയപ്പോൾ ഒരു കൂട്ടർ തോടമലയിലേക്കു പോന്നതാണെന്നും ഇന്നവരെ മറ്റു ക്രൈസ്തവ സമൂഹങ്ങളുമായി ബന്ധമില്ലാതെ കഴിഞ്ഞുപോരുന്നു എന്നുമാണു് സൂനഹദോസിനു കിട്ടിയ അറിവു്. സൂനഹദോസ്നിശ്ചയമനുസരിച്ചു് രണ്ടു വൈദീകർ അവിടെ ചെല്ലുകയും അവിടെവെ ഉള്ളവർ ക്രിസ്ത്യാനികളാണെന്നും, എന്നാൽ കത്തോലിക്കരുടെ വിശ്വാസത്തെക്കുറിച്ചോ വിശ്വാസത്തെക്കുറിച്ചോ അറിവില്ലായിരുന്നെന്നും മനസ്സിലാക്കുകയും ചെയ്തു. തങ്ങളുടെ ദൈവം വിധിയാണെന്നും ഈ ദൈവത്തിൽ മൂന്നാളുകൾ ഉണ്ടെന്നും അവർ അറിയിച്ചു. ഒന്നൊരു വയസ്സൻ രണ്ടാമത്തേതു് ഒരു ചെറുപ്പക്കാരൻ മൂന്നാമത്തേതു് ഒരുപക്ഷി ഈ ദൈവത്തെ തങ്ങൾ ആരാധിക്കുന്നു എന്നും തങ്ങളുടെ നിയമം മാർത്തോമ്മാഎന്നൊരു പുണ്യപുരുഷനാൽ പഠിപ്പിക്കപ്പെട്ടതാണെന്നും തങ്ങളുടെ പൂർവ്വികർ, മൈലാപ്പൂരിൽനിന്നു് അവിടത്തെ മഹാരാജാവു് ക്രിസ്ത്യാനികളെ ഞെരുക്കിയപ്പോൾ, ഓടിപ്പോന്നതാണെന്നും പറയുകയുണ്ടായി. ആരംഭത്തിൽ പുസ്തകങ്ങളും കർമ്മം നടത്തുന്ന കസനാരന്മാരും മറ്റും ഉണ്ടായിരുന്നെന്നും എല്ലാം മരിച്ചു തീർന്നുവെന്നും പറഞ്ഞു. വൃദ്ധനും യുവാവും പക്ഷിയും എന്താണെന്നാണു് അവർകരുതുന്നതു് എന്നു് ചോദിച്ചതിനു് ഒന്നും നിശ്ചയമില്ലെന്നും എല്ലാം നടത്തുന്ന ദൈവം വിധിയാണെന്നും ഉത്തരമുണ്ടായി. കൊച്ചി സമീപം താമസിക്കുന്ന ക്രിസ്ത്യാനികൾ തങ്ങളെ ഇങ്ങോട്ടു വിട്ടതാണെന്നും അവിടെ നല്ലനിലയാണെന്നും ഇവരുടെ വംശത്തിൽപെട്ടവർ തന്നെയാണെന്നും മറ്റുമുള്ള കാര്യങ്ങൾ അറിയിച്ചപ്പോൾ അവർ ആഹ്ലാദിക്കുകയും എല്ലാവരേയും വിവരം അറിയിച്ചു വരുത്തിസദ്യനടത്തിആഘോഷിക്കുകയുംചെയ്തു. വിശ്വാസത്തെപ്പറ്റി വിശദീകരണം കേട്ടപ്പോൾ പള്ളിപണിയാനും മറ്റുമായി വൈദീകരെ അയയ്ക്കണമെന്നു് അവർ ആവശ്യപ്പെട്ടു. **Ferroio** p.479

(ശേഷം 21—ാം പേജിൽ)

സമുദായവും സാഹിത്യവും

പലപ്പോഴും പല വിധത്തിൽ എഴുതുകയും പറയുകയും ചെയ്തതിനുശേഷം ഫലമില്ലെന്നുകണ്ടു ഞാൻ മിക്കവാറും ഉപേക്ഷിച്ച ഒരു വിഷയത്തെക്കുറിച്ചു് വീണ്ടുമെഴുതുവാൻ പത്രാധിപരാവശ്യപ്പെട്ടിരിക്കയാണു്. നസ്രാണി സമുദായത്തിനു സാഹിത്യത്തെയോ സാഹിത്യകാരന്മാരെയോ ആവശ്യമുണ്ടെന്നു വരുന്നതു ഒരു കാലം അതിവിദൂരമാണെന്നെനിക്കു തോന്നുന്നു. നമ്മുടെ ചില പത്രങ്ങൾക്കും ഭക്തമാസികകൾക്കും ലേഖനമെഴുതി അയയ്ക്കാൻ കഴിവുള്ളവരായി കുറെപ്പേർ ഉണ്ടായിരിക്കണമെന്നല്ലാതെ സാഹിത്യരംഗത്തു് അവർ നിലവിട്ടു വളരുകയോ ഇതര സാഹിത്യകാരന്മാരോടൊപ്പമെത്തുകയോ ചെയ്യണമെന്നു നമുക്കു വലിയ മോഹമൊന്നുമില്ല. സാഹിത്യരംഗത്തുകൂടി വരുന്ന ആക്രമണങ്ങളും അപായങ്ങളും നമ്മുടെ ദൃഷ്ടിയിൽ അത്ര പരിഗണനാർഹങ്ങളല്ല. അതായിരുന്നെങ്കിൽ മറ്റെല്ലാ വിഷയങ്ങളിലും മുൻപന്തിയിൽ നില്ക്കുന്ന നസ്രാണി സമുദായം ഈ വിഷയത്തിലും മുന്നോട്ടുകയറുവാനുള്ള പദ്ധതികൾ ആരായുമായിരുന്നു.

കൃഷി, വ്യവസായം, ബാങ്കിങ്ങ്, വിദ്യാഭ്യാസപ്രവർത്തനം ഇവയിലൊന്നും നസ്രാണിയെ തോല്പിക്കാൻ അധികം സമുദായങ്ങൾക്കു കഴിയുകയില്ല. അത്തരം കാര്യങ്ങളിൽ എത്രമാത്രം മൂലധനമിറക്കുന്നതിനും സംഭാവനകൾ നല്കുന്നതിനും പരീക്ഷണങ്ങൾ നടത്തുന്നതിനും നമുക്കു മടിയില്ല. എന്നാൽ സാഹിത്യമോ? അതു മടിയന്മാരും ജീവിക്കാൻ പഠിച്ചിട്ടില്ലാത്തവരുമായ കുറെപ്പേരുടെ കുറുക്കു എന്ന ധാരണയാണു നാം വച്ചുപുലർത്തുന്നതു്. എങ്കിലും നമ്മുടെ പത്രമാസികകൾക്കു കോളം നിറയ്ക്കാൻ വല്ലതുമെഴുതുന്നവരെഴുതട്ടെ. അവരെ തടയണ്ട.

പ്രഗത്ഭന്മാരായ ചില സാഹിത്യകാരന്മാർ നമ്മുടെ വലയത്തിൽനിന്നും ചാടിപ്പോയതിനെക്കുറിച്ചും കത്തോലിക്കാ വിശ്വാസാചാരങ്ങളെ ചില പുതിയ "കാഴ്ചപ്പാടുകാർ" കടന്നാക്രമിക്കുന്നതിനെക്കുറിച്ചും അങ്ങിങ്ങു ചില പിറുപിറുപ്പുകൾ നമ്മുടെയിടയിലുയരുന്നുണ്ടു്. എന്നാൽ എന്തുകൊണ്ടങ്ങനെ സംഭവിച്ചു? എന്താണവയ്ക്കുള്ള പരിഹാരം? ഈ ചിന്ത വേണ്ടപ്പെട്ടവർക്കാർക്കുമുണ്ടാകുന്നതായിതോന്നുന്നില്ല. ചൈനാക്കാർ നമ്മെ കടന്നാക്രമിച്ചതു് ഇൻഡ്യയ്ക്കു് ആയുധബലവും ആൾബലവും കുറവാണെന്നറിഞ്ഞതുകൊണ്ടതന്നെയാണല്ലോ. നമ്മുടെ വിശ്വാസാചാരങ്ങളെ കൂസലില്ലാതെ ചിലർ കടന്നാക്രമിക്കുന്നതു് പ്രത്യാക്രമണത്തിനുള്ള ശക്തിയോ ആയുധങ്ങളോ നമുക്കില്ലെന്നറിഞ്ഞുകൊണ്ടുതന്നെയാണു്. നമ്മുടെ സമുദായത്തിൽ ഒരു പരിധിവിട്ടു വളരുവാനുള്ള സാഹചര്യം ഇല്ലെന്നു കണ്ടിട്ടാണു പലരും ശത്രുപാളയങ്ങളെ അഭയം തേടിയതു്. സൈന്യങ്ങളെ വളത്തി പരിശീലിപ്പിച്ചൊട്ടുക്കുകയും അവയ്ക്കു ആധുനിക രീതിയിലുള്ള ആയുധങ്ങൾ നല്കുകയും ചെയ്യാതെ സാംസ്കാരിക രംഗത്തുള്ള ധാർമ്മിക യുദ്ധത്തിൽ നാം ജയിക്കുവാൻ പോകുന്നില്ല.

സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുകയെന്നു പറഞ്ഞാൽ അവയ്ക്കു പണം കൊടുക്കുകയാണെന്നു തെറ്റിദ്ധരിച്ചിട്ടുള്ളവർ വളരെയുണ്ടു്. നമ്മുടെ മാസികകളിലെഴുതുന്നവർക്കെല്ലാം കനത്ത പ്രതിഫലം കൊടുക്കാനാരംഭിച്ചെന്നിരിക്കട്ടെ. അതുകൊണ്ടു ഈ പ്രശ്നം പരിഹൃതമാകുമോ? കണ്ടതന്നെയറിയണം. പണം പ്രോത്സാഹനത്തിന്റെ ഒരു ഘടകമാണെന്നു സമ്മതിക്കാം. എന്നാൽ സാഹിത്യരംഗത്തു് ഉചിതമായ പ്രകാശന സൗകര്യമുണ്ടാക്കിക്കൊടുക്കലാണു് മുഖ്യമായ പ്രോത്സാഹനം. മതേതര വിഷയങ്ങളെക്കുറിച്ചു് ഒരു ലേഖനമെഴുതിയാൽ എവിടെ പ്രസിദ്ധീകരിക്കും? മതപരമായ വിഷയങ്ങളെക്കുറിച്ചായാലും ഒരു മാസികാധിപരുടെ പ്രത്യേകതരം വീക്ഷണത്തിനു യോജിക്കാത്തതാണു ലേഖനത്തിന്റെ ഉള്ളടക്കമെങ്കിൽ പ്രസിദ്ധപ്പെടുത്തുമോ? മതപരമായ വിഷയങ്ങളെക്കുറിച്ചായാൽപ്പോലും ഒരു കത്തോലിക്കായുവാവെഴുതുന്ന പുസ്തകം ഏറെറടുത്തടിച്ചുകൊടുക്കാൻ തയ്യാറാവുന്ന കത്തോലിക്കാ പ്രസിദ്ധീകരണക്കാർ കുറയുമെന്നിരിക്കേ മതേതര വിഷയങ്ങളെക്കുറിച്ചു് ഒരു ഗ്രന്ഥം രചിച്ചാൽ അതു പ്രസിദ്ധപ്പെടുത്താൻ ആരുമുണ്ടാകയില്ലെന്നതാണു സത്യം. അകത്തോലിക്കാ പ്രസിദ്ധീകരണശാലക്കാരെ സമീപിക്കുമ്പോൾ അവരുടെ ഇഷ്ടത്തിനനുസരിച്ചു് എഴുതാൻ എഴുത്തുകാരൻ നിർബ്ബന്ധിതനാകുന്നു. അങ്ങനെയാണു പലരും വഴിതെറ്റിപ്പോയിട്ടുള്ളതു്.

കഥകളും നോവലുകളും വഴി വരുന്ന ആക്രമണങ്ങളെ കഥകളിലും നോവലുകളിലുംകൂടി വേണം നേരിടുവാൻ അത്തരം പുസ്തകങ്ങൾ അച്ചടിപ്പിച്ചു വി

നാം വിചാരിക്കുന്നതിനേക്കാൾ വിദൂര വ്യാപകമാണ് ഈ ഉദാസീനതയുടെ ഫലങ്ങൾ. നാം പണം മുടക്കിയും സമരംചെയ്തും വിദ്യാലയങ്ങൾ നടത്തിപ്പോരുന്നു. എന്നാൽ ആ വിദ്യാലയങ്ങളിൽ പാഠ്യപുസ്തകങ്ങളായി വരുന്നതു പലപ്പോഴും സഭാവിരോധികളുടെ പുസ്തകങ്ങളാണ്. ക്രൈസ്തവ വിശ്വാസത്തെയും പരോഹിത്യത്തെയും താറാടിക്കുന്ന പുസ്തകങ്ങൾ കഴിഞ്ഞ അദ്ധ്യാന കൊല്ലത്തിനുള്ളിൽ ഒന്നിലധികംതവണ കോളെജിൽ പാഠ്യപുസ്തകമായി വന്നിട്ടുള്ളതിനു ഞാനനുഭവസ്ഥനാണ്. സ്കൂളിലെ ലൈബ്രറി പുസ്തകങ്ങളായി ശവണ്മെൻറംഗീകരിച്ചു വിടുന്ന പുസ്തകങ്ങളുടെ കഥ ഇതിലും ഭയനീയമാണ്. മറ്റവരും പറയണമല്ലോ. പാഠ്യപുസ്തകമാക്കാൻ കൊള്ളാവുന്ന ഒരു പുസ്തകമെങ്കിലും ഒരാണ്ടുവട്ടത്തിൽ പ്രസിദ്ധീകരിക്കുന്ന ഒരു പ്രസിദ്ധീകരണശാലയോ പരിപാടിയോ നമുക്കുണ്ടോ? ഉണ്ടെങ്കിൽ ആ പുസ്തകം പാഠ്യപുസ്തകമാക്കുന്നതിനു സമ്മർദ്ദം ചെലുത്താം. ഇല്ലെങ്കിൽ നമ്മുടെ പ്രതിഷേധങ്ങളും പ്രക്ഷോഭണങ്ങളും എപ്പോഴും നിഷേധാത്മകമായിരിക്കയേ ഉള്ളൂ.

സാഹിത്യത്തിനുനേരെ സമുദായ അടിസ്ഥാനത്തിലുള്ള ഈ അവജ്ഞ വിദ്യാർത്ഥികളിലും പ്രതിഫലിക്കുന്നുണ്ട്. മലയാളം ഐച്ഛികമായെടുത്തു പഠിച്ച് ഭാഷാദ്ധ്യാപകരായിത്തീരുന്നതിനും സാഹിത്യത്തിൽ പ്രാവീണ്യം നേടുന്നതിനും സന്നദ്ധത പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികൾ അംഗുലീ പരിമിതരാണ്. ഫലമോ? നമ്മുടെ വിദ്യാലയങ്ങളിൽ ഭാഷാവിഷയങ്ങൾ പഠിപ്പിക്കാൻ വരുന്നവർ ഏറിയകൂറും ക്രൈസ്തവേതരരോ വിശ്വാസമില്ലാത്തവരോ ആണെന്നുള്ളതുതന്നെ. ഭാഷാപാഠപുസ്തകങ്ങളിലാണ് അപകടങ്ങളധികം കാണാവുള്ളതെന്നു നമുക്കറിയാം. അവ പഠിപ്പിക്കാനെത്തുന്നതു് അപകടകാരികളായ അദ്ധ്യാപകർകൂടിയാണെങ്കിലോ? നാമെന്തിനു സ്കൂളുകൾ നടത്തുന്നു. ഈ ദുസ്ഥിതി പരിഹരിക്കുന്നതിനു് ഞാൻ ചില പദ്ധതികൾ വയ്ക്കുകയും നേതൃസ്ഥാനങ്ങളിലുള്ളവർക്കെല്ലാം എഴുതുകയും ചെയ്തിട്ടുള്ളതാണ്. ഒരു ശ്രുതിയിൽനിന്നു് ഒരു വർഷം ഒരു വിദ്യാർത്ഥിക്കു സ്കോളർഷിപ്പുകൊടുത്തു് ഭാഷാവിഷയങ്ങൾ പഠിക്കാൻ വിടുന്നപക്ഷം കുറെ ദരിദ്ര വിദ്യാർത്ഥികളെങ്കിലും ഈ വഴിക്കു തിരിഞ്ഞുവരും. ഇതു പ്രാധാന്യമുള്ള ഒരു സംഗതിയാണെന്നു മറ്റുള്ളവർക്കെല്ലാം ബോദ്ധ്യമാകുകയും ചെയ്യും. കുറെ വർഷങ്ങൾ കഴിയുമ്പോൾ യോഗ്യന്മാരായ കുറെയധികം ഭാഷാദ്ധ്യാപകരും സാഹിത്യ

തരണംചെയ്ത ഗ്രന്ഥകാരന്മാരെ വളർത്തുവാൻ പ്രാപ്തിയും താല്പര്യവുമുള്ള വല്ല കത്തോലിക്കാ പ്രസിദ്ധീകരണശാലയുമുണ്ടോ? മാതൃഭൂമി, ജനയുഗം, കുമുദം, മലയാളരാജ്യം മുതലായ അനേകം ആഴ്ചപ്പതിപ്പുകളും ആനുകാലിക പ്രസിദ്ധീകരണങ്ങളുംവഴി പ്രചരിക്കുന്ന ആശയങ്ങളെ നേരിടാൻ അതുപോലുള്ള ആഴ്ചപ്പതിപ്പുകളും ആനുകാലിക പ്രസിദ്ധീകരണങ്ങളും നമ്മുടെ കയ്യിലുണ്ടാകണം: മതേതര വിഷയങ്ങളിൽ സ്വന്തമായൊരാഴ്ചപ്പതിപ്പില്ലാത്ത ഏക മതവിഭാഗം കേരളത്തിൽ കത്തോലിക്കർ മാത്രമാണെന്ന ഭയങ്കര സത്യം നമ്മെ തുടിപ്പിക്കുന്നില്ലെങ്കിൽ സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കണമെന്നു വീൺവാക്കു പറയുന്നതിലർത്ഥമില്ല.

ഇതെല്ലാം വെറുതെ പറയുന്നതല്ല- അശ്ലീല സാഹിത്യ നിർമ്മിതിയിൽ കുപ്രസിദ്ധിയാർജ്ജിച്ച ഒരു സാഹിത്യകാരനെ എനിക്കറിയാം. അദ്ദേഹം ആദ്യം ഒരു സൽസാഹിത്യ കൃതിയെഴുതിക്കൊണ്ടു ഒരു കത്തോലിക്കാ പ്രസിദ്ധീകരണശാലയിൽ ചെന്നു. അതു വാങ്ങി വായിച്ചു നോക്കുകപോലും ചെയ്യാതെ മുദ്രണാലയം മാനേജർ അദ്ദേഹത്തെ നല്ല വാക്കു പറഞ്ഞു മടക്കിയയച്ചു. നിരാശനായ ആ സാഹിത്യകാരൻ ആ പുസ്തകം വലിച്ചുകീറി തീയിലിട്ടശേഷം പേരുകേട്ടാൽ ഭയം തോന്നുന്ന ഒരു അശ്ലീല കഥയെഴുതി. അതറൊട്ടക്കാൻ ആളുണ്ടായി. ഒന്നിനു പുറകേ മറെറാന്നായി അനവധി അശ്ലീല കൃതികളെഴുതി അദ്ദേഹം പിൽക്കാലത്തു പ്രസിദ്ധിയും പണവും നേടി. അതങ്ങനെയൊരാളുടെ കഥ. "സാഹിത്യം എങ്ങോട്ട്?" എന്ന കൃതി ഒന്നുചുടിച്ചുകിട്ടാൻ ഒന്നിലധികം പ്രസാധകരെ സമീപിച്ചു നിരാശനായശേഷം പ്രസ്സിൽ കടം പറഞ്ഞു് അച്ചടിപ്പിച്ചു് പുസ്തകം വിറ്റു കൂറേശെകടം വീട്ടിയ അനുഭവം എനിക്കുണ്ടായതാണ്. ആ പുസ്തകത്തിന്റെ പ്രയോജനം മനസ്സിലാക്കിയ കത്തോലിക്കാ പ്രസിദ്ധീകരണക്കാർ പോലും എന്റെ രണ്ടാമതൊരു കൃതി അടിച്ചു തരാൻ സൗകര്യമില്ലെന്നുകാണിച്ചു് അയച്ച കത്തുകൾ എന്റെ കൈവശമുണ്ട്. വഴിതെറ്റിപ്പോയെന്നു നാം വിലപിച്ചിരുന്ന സാഹിത്യകാരന്മാരിൽ ചിലർ-ശ്രീ പോഞ്ഞിക്കരറാഫിയുംപ്പെടെ- തിരിച്ചുവരാൻ എത്ര തീവ്രമായ ആഗ്രഹം പ്രകടിപ്പിച്ചിട്ടുള്ളതായി എനിക്കറിയാം. പക്ഷേ തിരിച്ചുവന്നാൽ അവരുടെ കൃതികൾക്കു പണ്ടത്തെപ്പോലെ പ്രകാശന സൗകര്യം കൊടുത്തു പ്രോത്സാഹിപ്പിക്കാനാരുണ്ട്.?

പണ്ഡിതന്മാരും സമുദായത്തിലുണ്ടാകുകയും ചെയ്യും. പക്ഷെ പറഞ്ഞിട്ടെന്തുഫലം.?

"ക്രിസ്തു പുതിയ കാഴ്ചപ്പാടിൽ" മുതലായ ലേഖനങ്ങൾ വന്നപ്പോൾ മാതൃഭൂമിപ്പത്രവും ആഴ്ചപ്പതിപ്പും ബോയിക്കോട്ട ചെയ്യണമെന്നു പലരും പ്രസംഗിക്കുന്നതു കേട്ടു. നമ്മുടെ യുവാക്കന്മാർ പോലും വളരെയധികം വായിക്കുന്ന ഒരാഴ്ചപ്പതിപ്പാണു മാതൃഭൂമി. അതു ബോയിക്കോട്ട ചെയ്യണമെന്നു പറഞ്ഞാൽ അതു എളുപ്പമാണോ? അതിന്റെ നിലവാരം പുലർത്തുന്ന മറ്റൊരാഴ്ചപ്പതിപ്പു പകരം നമ്മുടെ വകയായി കൊടുക്കാനില്ലെങ്കിൽ ബോയിക്കോട്ട പ്രസ്ഥാനവെറും പറച്ചിലായി ശേഷിക്കും. അതുയധികം പാരായണ തൃഷ്ണ നമ്മുടെ യുവാക്കളുടെയിടയിൽ വർദ്ധിച്ചിട്ടുണ്ട്. അവരുടെ അഭിരുചികളും തൃഷ്ണകളും കണക്കിലെടുത്തുകൊണ്ട് അവക്കാവശ്യമുള്ളതു നാം കൊടുത്തില്ലെങ്കിൽ കയ്യിൽ കിട്ടുന്നതു അവർ വായിക്കുക തന്നെ ചെയ്യും. ആക്കും അവരെ ഫലപ്രദമായി തടയാൻ സാദ്ധ്യമല്ല.

നാഷണൽ ബുക്സ്റ്റാൾ, കറൻറ് ബുക്സ്, മംഗളോദയം, മാതൃഭൂമി, മനോരമ, പ്രഭാത് ബുക്ക് ഹൗസ് എന്നിങ്ങനെ കണക്കറ്റ പുസ്തക പ്രസിദ്ധീകരണശാലക്കാർ ഒരാണ്ടിൽ ആയിരത്തോളം പുസ്തകങ്ങൾ മാക്കറ്റിലിറക്കിക്കൊണ്ടിരിക്കുന്നുണ്ട്. അതരത്തിലുള്ള ഒറ്റ പുസ്തകമെങ്കിലും പ്രസിദ്ധപ്പെടുത്താൻ നാം തയ്യാറാവുന്നില്ലെങ്കിൽ ചീത്തപ്പുസ്തകം വായിക്കരുതെന്നു നിരോധനം പാസ്സാക്കുന്നതിലർത്ഥമില്ല. എസ്. എച്ച്. ലീഗിൽനിന്നും മാന്നാനത്തുനിന്നും മഞ്ഞുമ്മൽനിന്നും ഇറങ്ങുന്ന പുസ്തകങ്ങൾ മാത്രം വായിച്ചുകൊണ്ട് ഇന്നത്തെ യുവാക്കൾ സംതൃപ്തരായി ജീവിച്ചുകൊള്ളുമെന്നു വിചാരിക്കുന്നതു കുറെ കടന്ന ശുഭഗതിയായിരിക്കും. സൃഷ്ടിപരമായ ഒരു സമാന്തര പ്രസ്ഥാനംകൊണ്ടല്ലാതെ ഇവയെ നേരിടുക സാദ്ധ്യമല്ല.

ഒരു കോളെജോ ആസ്പത്രിയോ പണിയാൻ വേണ്ടിവരുന്നതിന്റെ എട്ടിലൊരുഭാഗം പണം മുടക്കി—വേണ്ടാ ഒരു ലക്ഷംരൂപ മുടക്കി—ഒരു പ്രസിദ്ധീകരണാലയം സ്ഥാപിക്കുവാൻ കഴിവില്ലാത്തവണ്ണം പാപ്പരൊന്നുമല്ല നസ്രാണി സമുദായം. മന്നം നിധിയിലേക്കും യൂണിവേഴ്സിറ്റി ജൂബിലിഫണ്ടിലേക്കും പതിനായിരക്കണക്കിനു രൂപ സംഭാവന ചെയ്ത നമ്മുടെ സമുദായ നേതാക്കൾ ഈയൊരു കാര്യത്തിൽമാത്രം മറവുള്ളവർ മുന്നോട്ടുവരട്ടെ എന്നു വിചാരിച്ചിരിക്കുന്നെങ്കിൽ അതു സാമ്പത്തികബുദ്ധിമുട്ടുകൊണ്ടല്ല, ആവശ്യബോധത്തിന്റെ കുറവുകൊണ്ടാണെന്നു വ്യക്തമല്ലേ?

ഒരാഴ്ചകൊണ്ട് കേരള വ്യാപകമായ ഒരു യുവജനോത്സവം നടത്താൻ, വേണമെന്നു വിചാരിച്ചപ്പോൾക്കഴിഞ്ഞ നമ്മുടെ നേതാക്കൾക്കു ഗ്രന്ഥശാലാസംഘത്തിന്റെ കീഴിലുള്ള വായനശാലാ പ്രസ്ഥാനത്തിനു സമാന്തരമായി ഒരു ഇടവക ഗ്രന്ഥശാലാ പ്രസ്ഥാനം സമാരംഭിച്ചു നടത്തിക്കൂടെ? ഇതിനെല്ലാം വിശദമായ പദ്ധതികൾ നിർമ്മിച്ച് ഒന്നിലധികം തവണ അധികാര സ്ഥാനങ്ങളിലെത്തിച്ചു നിരാശപ്പെട്ടുകഴിയുന്ന എനിക്കു ഇനിയും വലിയ ശുഭപ്രതീക്ഷകളൊന്നും ശേഷിച്ചിട്ടില്ലെങ്കിലും ആരെങ്കിലും ആവശ്യപ്പെട്ടാൽ അതൊക്കെ വീണ്ടുമെഴുതിക്കൊടുക്കുന്നതിനു വിരോധമില്ല.

ഇന്നത്തെ സ്ഥിതിയെന്താണെന്നോ? നാം പണം മുടക്കി വിദ്യാലയങ്ങൾ നടത്തി ആളുകൾക്ക് അക്ഷരജ്ഞാനമുണ്ടാക്കികൊടുക്കുന്നു. അവർക്കു വായിക്കാൻ സദ്ഗ്രന്ഥങ്ങൾ സാഹിത്യമുണ്ടാക്കികൊടുക്കുന്നു.

എഴുത്തിയാൽ ഇനിയും അസുഖകരങ്ങളായ പലതുമെഴുതിപ്പോകുമെന്നുള്ളതിനാൽ തല്ക്കാലം ഈ ലേഖനത്തിനു വിരാമമിടുന്നു.

"മദ്വചനങ്ങൾക്കു മാർദ്ദവമില്ലെങ്കിൽ
ഉദ്ദേശശുദ്ധിയാൽ മാപ്പുനല്കുൻ"

(മാതൃഭൂമിയുടെ എം. എ.)

ഭവനത്തിലെ ശുചിത്വം

ഇടിഞ്ഞു പൊളിഞ്ഞു കിടന്നിരുന്ന ഒരു ഗെയിറ്റ് കടന്ന് അയാൾ പുറത്തേക്കിറങ്ങി വന്നു. കാറും ബസ്സും സൈക്കിളും ലോറിയും ഇടമുറിയാതെ പാഞ്ഞോടുന്ന ടാറു പൂശിയ ഒരു റോഡാണ് തൊട്ടു മുൻവശത്തു്. ജനങ്ങൾ കൂട്ടംകൂടി നിന്നിരുന്ന ബസ്റ്റാൻറിലേക്കു് അയാൾ നടന്നു. അവിടെ ആരെയോ അയാൾ തിരയുകയാണു്. 6 അടി പൊക്കവും 180 റാത്തൽ ഭാരവുമുള്ള എന്നെ കണ്ടുപിടിക്കുവാൻ അയാൾക്കു് അധികം ബുദ്ധിമുട്ടുണ്ടിവന്നില്ല. എന്നെ കണ്ടയുടനെ അയാൾ വിളിച്ചുപറഞ്ഞു: "ഹലോ,മി. മാത്യൂ; എന്താ ഇവിടെത്തന്നെ അങ്ങു നിന്നുകളഞ്ഞതു്? വന്നാട്ടെ."

ഞാൻ എൻറെ പഴയ സുഹൃത്തിൻറെ കൂട്ടത്തിൽ നടന്നു. അങ്ങനെയിങ്ങനെ പൊട്ടകയില്ലാത്ത ഒരു ബന്ധമാണു് ഞങ്ങൾ തമ്മിലുള്ളതു്. ഒന്നാം ക്ലാസ്സുമുതലേ ഞങ്ങൾ ഒന്നിച്ചു് ഒരു സ്കൂളിൽ പഠിക്കുവാൻ തുടങ്ങി. അയാൾ തോൽക്കുമ്പോൾ ഞാനും തോൽക്കുമായിരുന്നു. അയാൾ ജയിക്കുമ്പോൾ ഞാനും ജയിക്കുകയും. താഴ്ന്ന ക്ലാസ്സുകളിൽ വച്ചുതന്നെ തോമസിൻറെ ശരീരം നല്ല ഉരുക്കുപോലിരുന്നു. അതിനൊത്ത പൊക്കവും വണ്ണവും. ഒരിക്കൽ Behold the birds of the air എന്നൊരു വാചകം തർജ്ജിമ ചെയ്യുവാൻ ഞങ്ങൾക്കു് കിട്ടി. ജോർജ്ജ് സാർ തോമസിനെയാണു് ആദ്യമേ പിടിക്കുടിയതു്. ധൈര്യസമേതം തോമസ് അതു മലയാളമാക്കി:— ആകാശത്തിലെ പക്ഷികളെ പിടിച്ചോളിൻ. ക്ലാസ് മുഴുവൻ കൂട്ടച്ചിരിയായി. ആകാശഭീമൻ എന്നു് എല്ലാവരും കൂടി അയാൾക്കൊരു പുതിയ പേരു കൊടുക്കുകയുംചെയ്തു.

ഒരു ആദർശവാദിയായിരുന്നു ആകാശഭീമൻ. ഒരു ക്ലാസ്സിൽനിന്നും മറെറാരു ക്ലാസ്സിലേക്കു ജയിച്ചുകയറുവാൻവേണ്ടി മാത്രം പഠിക്കുന്നതു് പാവനമായ വിദ്യാഭ്യാസത്തെ അവഹേളിക്കുകയാണെന്നായിരുന്നു അയാളുടെ വാദം. ക്ലാസിലെ വിഷയങ്ങളും പഠിക്കുന്നതിനെക്കാൾ അയാൾക്കിഷ്ടം കവിതാഗ്രന്ഥങ്ങളുടെ പാരായണമായിരുന്നു. ബിരുദങ്ങൾ സമ്പാദിക്കുന്നതിനു മുമ്പു അയാൾ കോളേജ് കവാടത്തിൻറെ പുറത്തുചാടി. ഇനി അയാളുടെ ജീവിത പന്ഥാവേതു്?

അനേകം വിവാഹാലോചനകളും വന്നു. അപ്പോഴെല്ലാം അയാൾ ഓർത്തതു് സ്വീഡൻകാരനായ ഫ്രഡറിക്കാ ബ്രൂമർ (Frederica Bremer) എന്ന ഗ്രന്ഥകാരൻറെ വാക്കുകളാണു്. 19–ാം നൂറാണ്ടിലെ ഒരു സുപ്രസിദ്ധ കഥാകൃത്തായിരുന്ന അദ്ദേഹം വിവാഹത്തെക്കുറിച്ചു് ബ്രൂമർ ഇങ്ങനെ എഴുതിയിരിക്കുന്നു:— "ഉഷർകാലത്തിലെ ചെമ്മാനം കണക്കേ അനേകം വിവാഹങ്ങൾ പൊട്ടി വീടന്നിട്ടുണ്ടു്. പക്ഷേ പലതും പെരുങ്കുണപോലെ ചീഞ്ഞുപോയി. എന്തുകൊണ്ടു്? ഒരു കാരണമേ അതിനു പറയാനുള്ളു. വിവാഹത്തിനുമുമ്പു് ഇരുവരും സ്നേഹപ്രകടനങ്ങളിൽ മത്സരിച്ചിരുന്നുവെങ്കിൽ, അതുകഴിഞ്ഞു് അക്കാര്യത്തിൽ അവർ അനാസ്ഥരായി. അതുകൊണ്ടു ഞാൻ വിവാഹിതരോടു പറയുന്നു: നിങ്ങൾ പരസ്പരം എപ്പോഴും ഹിതകാരികളായിരിക്കുക. മൈവത്തെ മറന്നു് ഒന്നും ചെയ്യരുതുതാനും. ഒറ ദിവസം കൊണ്ടു സ്നേഹത്തിൻറെ അടിത്തട്ടിൽ ചെന്നെത്തുവാനും നിങ്ങൾ യത്നിക്കരുതു്. വിവാഹത്തിനു ഒരു നാളെയും ഒരു നാളുകഴിഞ്ഞും ഉണ്ടായിരിക്കും. കുടുംബനായിക എന്നുപറഞ്ഞാൽ എന്താണർത്ഥം? ഭർത്താവിനു സ്വന്തം വീടിൻറെയും കുടുംബത്തിൻറെയും ഭാരമേല്പിക്കുവാൻ ആത്മവിശ്വാസമുള്ള സഹധർമ്മിണി എന്നു്. അവൻറെ ഹൃദയത്തിൻറെ താക്കോൽക്കാരിയും കലവറയുടെ അധികാരിയും അവൾതന്നെ. അവൻറെ മാനത്തിൻറെയും കുടുംബത്തിൻറെയും സംരക്ഷികയുമാണവൾ. അവളുടെ കരങ്ങളിലത്രേ അവൻറെ പുരോഗതിയും.

"ഇനി പുരുഷന്മാരോടു്. നിങ്ങൾ ആത്മാഭിമാനമുള്ളവരും കുടുംബങ്ങളിലെ നല്ല പിതാക്കന്മാരുമായിരിക്കുക. ഭാര്യമാർ നിങ്ങളെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുന്ന വിധത്തിലായിരിക്കട്ടെ നിങ്ങളുടെ വ്യാപാരങ്ങൾ. ഇതിൽ കൂടുതലായി ഞാനെന്താണു പറയുക! ദൈവവചനം ശ്രദ്ധിച്ചു വായിക്കുവിൻ. അതു നിങ്ങളെ കൊടുങ്കാറ്റിൽനിന്നും ശ്മശാനമൂകതയിൽനിന്നും രക്ഷിച്ചു് ജീവിതത്തിൻറെ തുറമുഖത്തിൽ നിങ്ങളെ അടുപ്പിക്കും. നിങ്ങൾ ചെയ്യേണ്ടതു് എന്തോ, അതു് ഏറ്റം ഉചിതമായ വിധത്തിൽ ചെയ്യുക."

എന്നാലും ആകാശഭീമൻ ചെന്നു ചാടിയതു്

ഒരപകടത്തിലാണു. 19-ാം നൂറ്റാണ്ടുകാരനായ മിഷെലെ (Michelet) പറഞ്ഞിരിക്കുന്നു: "നിങ്ങൾക്കു നിങ്ങളെത്തന്നെ നശിപ്പിക്കണമെന്നുണ്ടെങ്കിൽ ധനികയായ ഒരു സ്ത്രീയെ വിവാഹംചെയ്തുകൊള്ളുക." ലക്ഷം രൂപികയ്ക്കു് സ്വത്തുള്ള ഒരു യുവതിയാണു് അമ്മണി എന്നുകേട്ടപ്പോൾ അവളെത്തന്നെ വിവാഹം ചെയ്യാൻ അയാൾ നിശ്ചയിച്ചു. പക്ഷേ ലക്ഷക്കാരിയെ ലഭിക്കാൻ വേണ്ടി ശ്രമിച്ചിരുന്നവർ എത്രയായിരുന്നെന്നോ! അവരോടൊപ്പം പടവെട്ടി ജയിക്കേണ്ട ഒരു നിർഭാഗ്യംകൂടി ആകാശഭീമനു വന്നുകൂടി. ഒടുവിൽ ആ വിവാഹം നടന്നു. താൻ ലോകത്തിലെ ഏറ്റവും വലിയ ഭാഗ്യവാനാണെന്നു് അയാൾ കരുതുകയും ചെയ്തു.

യഥാർത്ഥത്തിൽ ആകാശഭീമൻ ഭാഗ്യവാനായിരുന്നോ? അയാളുടെ വിവാഹത്തിനുശേഷം പത്തുകൊല്ലം കഴിഞ്ഞാണു് അന്നു ഞങ്ങൾ തമ്മിൽ കണ്ടതു്. അയാൾ നാല സന്താനങ്ങളുടെ പിതാവായിക്കഴിഞ്ഞിരുന്നു അപ്പോൾ. ഭാര്യയെപ്പറ്റിയും സന്താനങ്ങളെപ്പറ്റിയും അയാൾ വളരെ അഭിമാനം കൊള്ളുന്നുണ്ടെന്നു് അയാളുടെ അല്പനേരത്തെ സംസാരത്തിൽ നിന്നും എനിക്കു മനസ്സിലായി. ഭാര്യയുടെ ധീരകൃത്യങ്ങൾ മറ്റുള്ളവരുടെ മുമ്പിൽ നിരത്തിവച്ചു് പ്രഭാഷണം നടത്തുവാനുള്ള അയാളുടെ ഉത്സാഹം ഒന്നു കാണേണ്ടതായിരുന്നു. ധർമ്മം ചോദിച്ചുവന്ന ഒരു യാചകന്റെ നേർക്കു കടിക്കുന്ന പട്ടിയെ ഒരിക്കൽ അഴിച്ചുവിട്ടതാണു് അമ്മിണിയുടെ ധീരകൃത്യം. ചൂഷകന്മാരിൽനിന്നും കുടുംബത്തെ രക്ഷിക്കുവാനുള്ള അവളുടെ ഒരു നയതന്ത്രമായിട്ടാണു് അതിനെ അയാൾ വ്യാഖ്യാനിച്ചതു്. അയൽക്കാരുടെ വീട്ടിലെങ്കും യാതൊരു കാരണവശാലും അവൾ കാലെടുത്തുവയ്ക്കാറില്ല. മറ്റുള്ളവരെല്ലാം സംസ്കാരശൂന്യരും നിസ്സാരന്മാരുമായതുകൊണ്ടാണു് അമ്മിണി മറ്റുള്ളവരിൽനിന്നും അകന്നു നില്ക്കുന്നതെന്നായിരുന്നു ആകാശഭീമന്റെ അഭിപ്രായം. എന്നാൽ വാസ്തവമോ? അവളുടെ അഹന്തയും ധിക്കാരവും ഉൾവാക്കുപറയുന്ന നാവും ആർക്കും സഹിച്ചുകൂടായിരുന്നു. അതുകൊണ്ടു് അയൽപക്കത്തെ യാതൊരു ഗൃഹത്തിലും അവൾക്കു സ്വീകരണം ലഭിച്ചിരുന്നില്ല.

ഞങ്ങൾ രണ്ടുപേരുംകൂടെ നടന്നു നടന്നു് ഗ്രൂഡിപാക്കിൽ' എത്തി. ആകാശഭീമനും അമ്മിണിയുംകൂടി മാതൃകാ ദമ്പതികളെപ്പോലാണു്. ജീവിക്കുന്നതെന്നു പറയാൻ പ്രയാസം. അവരുടെ പുത്രൻ വീടാണു് ഗ്രൂഡിപാക്കു് ആദ്യവിലാസം എന്നതിനു പകരം ഒകാട്ടക്കണമെന്നായിരുന്നു ആകാശഭീമന്റെ അഭിലാഷം. ഗ്രൂഡിപാക്കെന്നായിരിക്കണമെന്നു് അമ്മിണിക്കും. ഒടുവിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചതു ഗ്രൂഡിപാക്കിനാണു്. അതിനാണു് സ്വാത്മഗത (Originality) യുള്ളതെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെട്ടു. ഉച്ചാരണസൗകര്യവും ആശയസൗകുമാര്യവും ആ പേരിനുണ്ടെന്നു് സമ്മതിക്കാതൊക്കുമോ?

വീടിന്റെ പേരു നല്ലതുതന്നെ, പുറത്തുനിന്നു കേട്ടു് ആസ്വദിക്കാൻ കൊള്ളാം. ആകാശഭീമനാണു് മുമ്പേ നടന്നിരുന്നതു്. ഗയിററിനകത്തേക്കു് കാലുവച്ചപ്പോൾതന്നെ ഉടുത്തിരുന്ന മുണ്ടു് അയാൾ മടക്കിക്കുത്തി. മുറ്റത്തു തിങ്ങിവളർന്നു നിന്നിരുന്ന പൊന്തൻ പുല്ലിന്റെ സ്നേഹപ്രകടനങ്ങളിൽനിന്നും രക്ഷപെടുവാനായിരുന്നു അയാൾ ആ സാഹസകൃത്യം ചെയ്തതു്. ഞാനും അയാളെ അനുകരിച്ചേ ഒക്കൂ എന്നായി ഇതെന്താണു് ഈ നല്ല വീടിന്റെ മുറ്റത്തു് ഈ പുല്ലിങ്ങനെ വളരാൻ അനുവദിച്ചതെന്നു് ഞാൻ ചോദിച്ചു. അപ്പോൾ അയാളുടെ മുഖത്തൊരു മഞ്ഞളിപ്പു്. അതിനൊരു മറുപടിയും അയാൾ തന്നില്ല

ഞങ്ങൾ സൗധത്തിന്റെ നേരെ മുൻവശത്തെത്തി. പുറകുവശത്തുള്ള അടുക്കളയിൽനിന്നും പുക പൊങ്ങുന്നതുകൊണ്ടു് അതു് ആൾത്താമസമുള്ള വീടാണെന്നു വിചാരിക്കുവാൻ കഴിഞ്ഞുള്ളു. മുൻവശത്തെ വാതിലുകളെല്ലാം തന്നെ അടച്ചിരിക്കയാണു്. ചുക്കിലിവലയും ചിലന്തിക്കൂട്ടം താങ്ങി മുത്തുമുരടിച്ചു നിന്ന ആ വാതിലുകൾക്കു് ചിരങ്ങുരോഗം കൂടിയുണ്ടെന്നു തോന്നും കറുത്തു പരുപരുത്ത അതിന്റെ പുരോഭാഗംകണ്ടാൽ. കോഴിക്കാഷ്ഠവും, അടക്കാത്തോട്ടം ,ബീഡിക്കുറ്റിയും, ഇറവാരത്തു അങ്ങിങ്ങായി സ്ഥലം പിടിച്ചിട്ടുണ്ടു് ഞാൻ ഒരു ചോദ്യം കൂടി ചോദിച്ചു, അടിയും വാരും ഇല്ലാത്ത ഒരു വീടാണോ ഇതെന്നു്. അയാൾ എന്റെ നേരെ ദയനീയമായി നോക്കിയിട്ടു പറഞ്ഞു. "ഇതിനു മറുപടി പറയേണ്ടതു് ഞാനല്ല. ഇവിടത്തെ അമ്മണിയെ വിളിക്കാം."

അമ്മിണീ, അമ്മിണീ എന്നു കിണ്ണത്തേൽ കൊട്ടുന്നതുപോലെ പല പ്രാവശ്യം വിളിച്ചിട്ടും ആരെയും പുറത്തേക്കു കണ്ടില്ല. "ചിലപ്പോൾ അവളുടെ ചെവി കേൾക്കില്ല." എന്നു ആത്മഗതം ചെയ്തുകൊണ്ടു് ആകാശഭീമൻ ഇരുളടഞ്ഞ ഒരു ചെളിക്കുണ്ടിലൂടെ

എന്നെ പുറയുടെ പുറകുവശത്തേക്ക് ആനയിച്ചു. അവിടെ ഒരു സാധനം ഞാൻ കണ്ടുകയുണ്ടായി. നാലുമൂല ചതുരപ്പെട്ടി അതിനകത്തൊരു കുതിരക്കുഞ്ഞ്. എന്ന കുടുംബക്കാർ പറയുന്നതു കേട്ടിട്ടില്ലെ? അതു കണ്ടാൽ ശുചിതബോധമുള്ള ഒരു മനുഷ്യനും ആ വീട്ടിൽനിന്നു ഭക്ഷണം കഴിക്കുവാൻ തോന്നുകയില്ല. അരകല്ലിന്റെ മുകൾഭാഗം തേഞ്ഞു തേഞ്ഞു വില്ലുപോലെ വളഞ്ഞിരിക്കുന്നു. അതിനു താഴേക്കു പൊറന്റെ ഉണങ്ങിയ ചൊറിപോലെ പല പാത്തികളാണ്. പന്നി കിടന്നുരുണ്ട കുഴമണ്ണാക്കിയ ഒരു ചെള്ളക്കുഴിയെ നോക്കി അതെല്ലാം പല്ലിളിക്കയായിരിക്കാം. ഏതോ അവകാശവാദം നടത്തുവാനെന്ന മട്ടിൽ കുറേ കോഴികൾ അതിന്റെ പുറത്തു സ്ഥലം പിടിച്ചിരിക്കുന്നു! അതിന്റെ ഒരു സ്റ്റാപ്പ് എന്റെ കൺകോണുകൾക്കുള്ളിലായി എന്നു ഗ്രഹിച്ചപ്പോൾ എന്റെ സ്നേഹിതനുണ്ടായ അമ്പരപ്പ് പറഞ്ഞറിയിക്കുകയ്യാ. വേലിയേൽ ഇരുന്ന പാമ്പിനെ എടുത്തു കഴുത്തിൽ ചുറ്റിയതുപോലായി ഭീമന്.

അയാൾ വരാന്തയിലേക്ക് ഒറ്റച്ചാട്ടം. അടഞ്ഞുകിടന്നിരുന്ന ഒരു വാതിൽ തള്ളിത്തുറന്ന് അയാൾ ഒരു മുറിക്കുള്ളിലായി. അടഞ്ഞ സ്വരത്തിൽ പിന്നെ ഒരു സംഭാഷണം. ഭർത്താവ് എവിടെനിന്നോ ഒരു വിരുന്നുകാരനെ കെട്ടിവലിച്ചു കൊണ്ടുവരുന്നു എന്നു ഭ്രമിച്ചു ഗ്രഹിച്ച അമ്മിണി ഒരു നാടകം അഭിനയിക്കുകയായിരുന്നു. ക്ഷീണംമൂലം ഉറങ്ങിപ്പോയി എന്ന ഭാവത്തിൽ അവൾ കണ്ണടച്ചാണ് കിടന്നിരുന്നത്. ഭീമൻ കലുക്കിവിളിച്ചതുകൊണ്ട് ഞെട്ടി ഉണർന്ന എന്ന മട്ടിൽ അവൾ കണ്ണുതുറന്നു.

"എന്തോന്നിനാ ഈ കായ്മില്ലാതെ മനുഷ്യരെ ഉപദ്രവിക്കുന്നത്!" "എൻറമ്മിണീ, ഒന്നു പതിയെ പറ. എനിക്കു പണ്ടൊരു കൂട്ടുകാരനുണ്ടായിരുന്നു കായ്മും ഞാൻ നിന്നോടു പറഞ്ഞിട്ടില്ലെ?" "നിങ്ങൾക്കു കൂട്ടും കൂടപ്പിറപ്പും പലരും കാണും. അതിനു ഞാനെന്തുവേണം? വരുന്നോനു വരുന്നോനു വച്ചു വിളമ്പാൻ എന്നെക്കൊണ്ടാകേല. ആരെയാണെന്നാ ചോടിറോലയ്ക്കു നിറുത്തിക്കോ." "എന്റെടീ, ഒന്നു പതുക്കെയ്ടങ്ങ്" ആ മാതൃ വാതിൽക്കൽ നിൽക്കുന്നു." "എനിക്കു നിങ്ങടെ ഒരുമാത്തുനേം പേടിയില്ലെന്നു കണ്ടോണം."

എന്റെ പാവപ്പെട്ട സ്നേഹിതൻ അടികൊണ്ട പാമ്പിനെപ്പോലെ പുളയുകയാണെന്നു ഞാൻ മനസിലാക്കി. ഞാൻ അല്പം ദൂരേക്ക് ഓടിമാറീട്ട് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: "എന്റെ തോമസേ, ടെയിൻ വരുന്ന സമയമായി ഞാൻ ഇതാ പോകുന്നു." എന്റെ സ്വരം കേട്ടപ്പോൾ അവളിൽ ഒരു പരിവർത്തനമുണ്ടായി എന്നാണു തോന്നുന്നത്. ഒരുവേള "പോകുന്നു" എന്ന ക്രിയാപദമായിരിക്കാം അവൾക്കുന്മേഷം നല്കിയതു. അമ്മിണി ചാടി ഇറങ്ങി വന്നിട്ടു പറഞ്ഞു: "ഊണുകഴിക്കാതെ പോകാൻ ഞാൻ സമ്മതിക്കില്ല. ഇപ്പോൾ കാലാക്കിയേക്കാം. ഒരു കോഴിക്കുഞ്ഞിനെ കൊന്നു വറക്കുന്ന താമസമേയുള്ള." ഞാൻ കട്ടായം പറഞ്ഞു: "അതു സാധ്യമല്ല ഉച്ചയ്ക്കു മുമ്പു എനിക്കു കൈനകരിൽ എത്തണം. അവിടെ ഒരു മീറ്റിംഗ് ഉണ്ട്."

അമ്മിണി ആത്മാർത്ഥമായി സന്തോഷിച്ചുകാണും. എങ്കിലും കൈനകരിലേക്കല്ലെ പോകുന്നതു. തന്റെ വലിപ്പത്തിന്റെ കൊടി ഒന്നു പൊക്കിക്കളയാമെന്ന് അവൾ വിചാരിച്ചു. "മീറ്റിംഗിൽ പ്രസംഗിക്കുവാൻ പോകുന്ന ആളായിരിക്കും. എന്നാൽ അല്പം ചായ എങ്കിലും ഇവിടേന്നു കഴിച്ചിട്ടേ പോകാവൂ. കൈനകരിൽ അമ്മിണിയെ അറിയാത്തവരില്ല. എന്റെ ആങ്ങളമാരാണ് അവിടെ മീറ്റിംഗ് വിളിച്ചുകൂട്ടുന്നതു. ഞാൻ അഞ്ചു മിനിറ്റുകൊണ്ടു ചായ ചൂടാക്കിയേക്കാം." അവളുടെ നിർബ്ബന്ധത്തിനു മൂർച്ചകൂടി. അല്പം വെള്ളംപോലും അവിടേന്നു കഴിക്കുവാൻ എനിക്കു മടിയും. അമ്മിണിക്കു് എന്നോടനുകൂല ഭാവമാണെന്നു കണ്ടപ്പോൾ ആകാശഭീമനു ധൈര്യം വർദ്ധിച്ചു. എന്നെ അമ്മിണിക്കു പരിചയപ്പെടുത്തുക എന്ന കൃത്യംകൂടി ചുമക്കുവാൻ അയാൾ തയ്യാറായി.

ഈ മാതൃ എന്നാ ആളിനെ നീ അറിഞ്ഞില്ലായിരിക്കും. ഇദ്ദേഹമാണ് ഭവനത്തിലെ ശുചിതത്തെപ്പറ്റി പത്രങ്ങളിൽ ധാരാളമായിട്ടെഴുതുന്നതു. ഏതു വീട്ടിൽ ചെന്നാലും ഇദ്ദേഹം ആദ്യം അറിയാതെ അവിടെ ഒരു പരിശോധന നടത്തും. എന്തെല്ലാമാണ് ഇദ്ദേഹം ഇവിടെനിന്നും ശേഖരിച്ചതെന്നു് എനിക്കറിഞ്ഞുകൂടാ." അമ്മിണിയുടെ ഹൃദയത്തിലൂടെ ഒരിടിമിന്നൽ പാഞ്ഞു. മുഖത്തു പ്രസരിച്ച മഞ്ഞനിറം അതു വ്യക്തമാക്കി. സ്വന്തം വസ്തുതിലേക്കാണ് ആദ്യമായി അവളുടെ കണ്ണോടിയതു. അതു കരിപിടിച്ചു കറുത്തിരുണ്ടിരുന്നു. കറിക്കാട്ടിൽ പാമ്പു തല ഉയർത്തിനിൽക്കുന്നതുപോലെ തലമുടിനാരുകൾ എണ്ണകിട്ടാഞ്ഞതുകൊണ്ടുള്ള പ്രതിഷേധത്തിനായി എഴുന്നുനില്ക്കുന്നു. എന്റെ ശത്രു ഭീമനിലേക്കായി എന്നെ കണ്ടുകഴിഞ്ഞപ്പോൾ അമ്മിണി സ്ഥലംവിട്ടു. അവൾ എവിടെപോയിമറഞ്ഞു എന്നുഞാൻ ഉൽഗ്രഹിക്കാതിരുന്നില്ല.

എനിക്കും ഭീമനും കുറേ പഴയ എട്ടുകാലി പരസ്പരം മരിക്കാനുണ്ടായിരുന്നു. പത്തു മുപ്പതു മിനിറ്റ നേരത്തേക്ക് ഞങ്ങളുടെ പഴയ ജീവിതത്തിലൂടെ ഞങ്ങൾ അങ്ങനെ നിരങ്ങിപ്പോയി. ഒരു ചുമ കേട്ട തിരിഞ്ഞു നോക്കിയപ്പോൾ നിൽക്കുന്നു അമ്മിണി, ഒരു സിനിമാ താരത്തെപ്പോലെ! സുഗന്ധ തൈലം പുരട്ടി വാർകുന്തൽ ഒന്നു മിനുക്കിയിട്ടുണ്ട്. പ്രേതത്തിൽ നിന്നും പുറപ്പെടുന്ന ദുർഗന്ധംപോലെ എന്തോ ഒന്ന് അവളെ ചുറ്റി നില്ക്കുന്നു. പൗഡർ അണിഞ്ഞ മുഖത്തുനിന്നുമാണ് അതിന്റെ പുറപ്പാടെന്നു ഒടുവിൽ മനസ്സിലായി. കൺമഷി ഇട്ടതു ധൃതിയിലായതുകൊണ്ട് അവളുടെ കണ്ണുകൾക്ക് സൗന്ദര്യത്തേക്കാൾ പൈതൃപ്യമാണ് അതു സംഭാവന ചെയ്തത്. അധരങ്ങളിൽ അടിച്ചു കയറ്റിയ ചെഞ്ചായവും അവളെ സുമുഖിയാക്കിയില്ല. ആഭരണങ്ങളെല്ലാംതന്നെ അവൾ അണിഞ്ഞിരുന്നു. അതെല്ലാം പുറമേ കാണത്തക്ക വിധത്തിൽ ഒരു നൈലോൺ സാരിയാണ് അവൾ ധരിച്ചിരുന്നതു്. അതിന്റെ വിളുമ്പുകൾക്ക് വീതിയിൽ കസവുകരയും. പക്കിൾമുതൽ കീഴ്പ്പോട്ട് അരക്കെട്ടുവരെ നഗ്നമായിരിക്കത്തക്ക രീതിയിലായിരുന്നു അവളുടെ വെൽവെറ്റ് ബ്ളൗസ്. അവളെ രണ്ടാമതൊന്നു നോക്കുന്നതു പന്തിയല്ലെന്നു് എനിക്കു തോന്നി. എന്റെ ദൃഷ്ടികൾ ഞാൻ തിരിച്ചുകൊണ്ടു. എങ്കിലും കഷ്ടിച്ചു് അരമണിക്കൂർകൊണ്ട് ഇത്രമാത്രം മയിൽപ്പീലികൾ വച്ചുകെട്ടിയ അമ്മിണി അനുമോദനമാണോ അവഹേളനമാണോ അർഹിക്കുന്നതെന്നു് ഒരു തീരുമാനത്തിലെത്തുവാൻ എനിക്കു കഴിഞ്ഞില്ല.

അമ്മിണിയുടെ നില്പുകണ്ട് ആകാശഭീമൻ ഉറിയൂറി ചിരിച്ചു. തന്റെ വേഷവിധാനംകൊണ്ട് അമ്മിണി ഒരു ഗ്രന്ഥകാരനെ മാനസാന്തരപ്പെടുത്തിക്കളഞ്ഞല്ലോ എന്ന സന്തോഷമായിരിക്കും അയാൾക്ക്. അയാൾ എന്നോടു പറഞ്ഞു: "അത്ഭുതംതന്നെ. മി. മാത്യുവിനു് ഇതെല്ലാം എഴുതിക്കൂട്ടുവാൻ എപ്പോഴാണു സമയം? പത്രം കയ്യിൽ എടുത്താലുടൻ മാത്യുവിന്റെ ചെറുകഥയോ ലേഖനമോ ഉണ്ടോ എന്നാണു ഞാൻ നോക്കാറുള്ളതു്. അതുമ്മ രസമുണ്ടതിൽ. മാത്യുവിന്റെ ലേഖനങ്ങളൊന്നും വിട്ടുകളയാറില്ല അമ്മിണിയും. എന്നാലും ഞാനുള്ളതു തുറന്നു പറഞ്ഞേക്കാമല്ലൊ: മാത്യുവിന്റെ ലേഖനങ്ങളിലും ചെറുകഥകളിലും വളരെയധികം സൂചിമുനകളുണ്ട്. ആക്കിട്ടെങ്കിലും ഒരു കുത്തു കൊടുക്കാതെ കടന്നു പോകയില്ല. എഴുത്തുകാർ പൊതുജന സേവകരാണല്ലൊ അവർമറ്റാരെയും ദ്രോഹിക്കരുതെന്നാണെന്റെ അഭിപ്രായം."

എന്റെമേൽ പൊതുവെ ജനങ്ങൾ കെട്ടിവയ്ക്കുന്ന ഒരു കുറ്റമാണതു്. മറുപടി പറയേണ്ടതെന്റെ കടമയാണെന്നെനിക്കു തോന്നി. "സ്നേഹിതാ, മനഃപൂർവ്വം ഞാൻ ഒരു മനുഷ്യനെയും ആക്ഷേപിക്കാറില്ല. നമ്മുടെ സമുദായത്തിനു ചില പുഴുക്കുത്തുകളുണ്ടെന്നു സമ്മതിക്കുമല്ലോ. അതു വെളിച്ചത്തു കൊണ്ടുവരുവാൻ ഞാൻ ശ്രമിക്കുന്നു. പൊതുവായ കാര്യങ്ങളാണു ഞാൻ പറയുന്നതു്. പക്ഷേ കോഴിക്കള്ളന്റെ തലയിൽ പപ്പ് എന്നുപറയുന്നതുപോലെ പുഴുക്കുത്തുള്ളവൻ ധ്യാനിക്കുവാൻ തുടങ്ങും; ഓ ഈ പറഞ്ഞിരിക്കുന്നതെല്ലാം എനിക്കുവച്ചിരിക്കുന്ന നഞ്ചാണെന്നു്. എന്തൊരസംബന്ധം! തെറ്റുള്ളവൻ ആരും അറിയാതെ അതു തിരുത്തുന്നതല്ലെ നന്നു്? തന്നെ ആക്ഷേപിച്ചു എന്നു വിളിച്ചുകൂവി വഴിനീളെ നടന്നാലോ!?"

അതുകേട്ടപ്പോൾ ആകാശഭീമനു് അടക്കമായി. എന്നാലും അയാൾക്കൊരുഭയം, ഞാൻ ഗുഡിപാക്കിനെപ്പറ്റി എന്തെങ്കിലും മോശമായി എഴുതിയേക്കുമെന്നു്. അയാൾ പറഞ്ഞു: "എന്നാൽ ഒരഭ്യർത്ഥന: ഇവിടത്തെ കുണ്ടും കുഴിയും ചെളിയും പല്ലും അരകല്ലും മാത്യുവിന്റെ രത്നഗ്രാവിഷയമായി എന്നെനിക്കറിയാം. സകല കുറവുകളും ഞങ്ങൾ ഇന്നതന്നെ പരിഹരിക്കുവാൻ പോകയാണു്. ഞങ്ങളെക്കുറിച്ചു മോശമായൊന്നും എഴുതിപ്പിടിപ്പിക്കരുതു്."

ഞാൻ എന്റെ രീതി അയാളെ ഗ്രഹിപ്പിച്ചു. ചപ്പും ചവറും കുണ്ടും കുഴിയും എന്റെ വിഷയമല്ല. വൃത്തികേടുകൾ ചികഞ്ഞു നിരത്തുന്നതു് ഒരിക്കലും നന്നല്ലെന്നാണെന്റെ അഭിപ്രായം. പക്ഷേ വൃത്തികേടുകളിൽതന്നെ ഒരാൾ അഭിമാനം കൊള്ളുന്നെങ്കിൽ അയാളെ പിടിച്ചൊന്നാലാക്കേ മതിയാവൂ. സാധാരണ ഞാൻ ദീപം കൊളുത്തി അച്ചുതണ്ടിന്മേൽ വയ്ക്കുയാണു്. കാണാൻ കണ്ണുള്ളവൻ കാണട്ടെ എന്നാശംസിക്കയും ചെയ്യും. ഒരുദാഹരണം പറയാം. ഭവനത്തിലെ ശുചിത്വത്തെപ്പറ്റി എഴുതുമ്പോൾ കണ്ടിട്ടുള്ള ഒരു മാതൃകാ ഭവനമാണു ഞാൻ ചിത്രീകരിക്കാറുള്ളതു്."

മാതൃകാ ഭവനത്തെപ്പറ്റി പറഞ്ഞപ്പോഴേക്കും അമ്മിണിക്കാണു കൂടുതൽ ജിജ്ഞാസയുണ്ടായതു്. അവൾ ചോദിച്ചു: "മാത്യു കണ്ടിട്ടുള്ള ഏറ്റവും നല്ല വീടി

നെപ്പറ്റി ഞങ്ങളോടൊന്നു പറയുമോ? അതനുസരിച്ച് ഈ തുഡിപാക്കൊന്നു പരിഷ്കരിക്കുവാൻ പറയുമോ എന്നു നോക്കട്ടെ."

അമ്മിണിയുടെ ആഗ്രഹം! അതു സാധിച്ചു കൊടുക്കുവാൻ എനിക്കു ക്ലേശം ഒട്ടുമുണ്ടായില്ല. ഒരു നല്ല കുടുംബത്തെപ്പറ്റി എഴുതിയ കുറെ ഭാഗങ്ങൾ എന്റെ പോക്കറ്റിൽത്തന്നെ ഉണ്ടായിരുന്നു. ഞാൻ ആ കടലാസ് എടുത്തു വിടർത്തിയിട്ടു പറഞ്ഞു: "ഇതാ ഞാൻ എഴുതികൊണ്ടിരിക്കുന്ന ഒരു ഗ്രന്ഥത്തിന്റെ ആദ്യത്തെ കുറേ ഖണ്ഡികകൾ. ഇതു ഞാൻ നിങ്ങളെ വായിച്ചു കേൾപ്പിക്കാം."

ഞാൻ ഇങ്ങനെ തുടങ്ങി—അധികം ഉയരമില്ലാത്ത ഒരു കുന്ന്. മാവ് പ്ലാവ്. പേര, സപ്പോട്ട മുതലായ ഫലവൃക്ഷങ്ങൾ അതിന്റെ ചരുവിനു തണലും അലങ്കാരവും നൽകുന്നു. കുന്നിന്റെ മുകളിൽ വിരിഞ്ഞു പരപ്പുള്ള ഒരു മൈതാനമുണ്ട്. അവിടെ കാണാം ശിലാപാകലാവൈഭവത്തിന്റെ പതാക പറപ്പിച്ചു നിൽക്കുന്ന മനോഹരമായ ഒരു സൗധം. അതിനു ചുറ്റുമുണ്ടു വിവിധ ജാതിചെടികൾ പല രൂപരേഖകളിലായിവളർന്നു നില്ക്കുന്ന പൂന്തോട്ടങ്ങൾ. അതിലൊക്കെ വെളുപ്പാൻ കാലത്തു വിടർന്നു നിന്ന് ഇളംതെന്നലിൽ തലയാട്ടുന്ന പുഷ്പജാലം കാണുക എത്രയാവശ്യകമാണ്. തോട്ടത്തിൽ നിന്നുമുള്ളകുറേ കല്പടകൾ ആഴമുള്ള ഒരു മീൻകുളത്തിലേക്കു ചാഞ്ഞു ചാഞ്ഞിറങ്ങുന്നു. വിവിധ വർണ്ണത്തിൽപ്പെട്ട മത്സ്യങ്ങളാണ് അതിൽ ഒളിച്ചു കിടക്കുന്നതു്. വല്ല തീറ്റിപ്പണ്ടവും വെട്ടിവിഴുങ്ങുവാനേ വെള്ളത്തിനു മുകളിൽ അവ തലകാണിക്കാറുള്ളൂ.

അടുക്കളയിലെ പുകയടിച്ച് അടുപ്പുകളുമായി പടവെട്ടുന്ന ഒരു സ്ഥൂലഗാത്രി ഒരു പുസ്തകവുമായി ആ മേശക്കരികേ പ്രത്യക്ഷപ്പെടുന്നതു കാണുന്നില്ലേ? ആരെന്നറിയുമോ? ആ ഗൃഹത്തിന്റെ റാണിയാണവൾ. അന്നന്നുള്ള ചെലവിന്റെ കണക്കെഴുതുവാനാണ് അവൾ ആ പുസ്തകം തുറക്കുന്നതു്. എപ്പോഴുംപുഞ്ചിരിക്കൊള്ളുന്ന ആമുഖത്തിനു് നിലാകാശത്തിലെ പൂർണ്ണചന്ദ്രന്റെ ശോഭയുണ്ടെന്നു് കവികൾ പറയുന്നു. വസ്തുസ്ഥിതിയിൽ കുടുംബത്തിലെ വനിതകളുടെ ലാളിത്യവും ഒതുക്കവും പാലിക്കുവാനാണ് അവക്കിഷ്ടം. എങ്കിലും സ്വന്തക്കാരുടെ സംതൃപ്തിക്കുവേണ്ടി തുവെള്ള സാരിയോടു് അല്പം മമത കാണിക്കുവാൻ അവൾക്കു മടിയില്ല. കഴുത്തിൽ ഒരു സ്വർണ്ണച്ചെയിനേയുള്ളൂ. ചെഞ്ചായങ്ങളുടെ സഹായം അവളുടെ അധരങ്ങൾക്കു് ആവശ്യമായി വന്നിട്ടില്ല. സൈൻകം പൗഡറും സംഭാവന ചെയ്യുന്ന അഴകിനുവേണ്ടികേഴേണ്ട സന്ദർഭവും അവൾക്കുണ്ടായിട്ടില്ല. നഗ്നത അലങ്കരിച്ചു പ്രദർശിപ്പിക്കുന്ന മഹിളാമണികൾ അവഹേളനാർഹരാണെങ്കിലും, അവരെ അധിക്ഷേപിച്ചു സംസാരിക്കുന്ന കായ്ത്തിൽ മേരിക്കുട്ടിക്കു വിമുഖതയാണുള്ളതു്. ഒറ്റ മാതൃകക്കു നൂറു വാക്കുകളേക്കാൾ വിലയുണ്ടെന്നു് അവൾ തന്റെ ജീവിതംകൊണ്ടു കാണിക്കുവാൻ ശ്രമിക്കുന്നു. സ്വന്തം വീട്ടിലുള്ളവർ മാത്രമല്ല, നാട്ടിലുള്ളവരും അവൾക്കു ബഹുമാനാദരവുകൾ നല്കുന്നതു് അമ്മച്ചി എന്ന സംബോധനകൊണ്ടാണ്. എല്ലാവർക്കും ഒരമ്മയായിട്ടതന്നെ മേരിക്കുട്ടി മനോഹരമായ ആ സദനത്തിൽ പരിലസിക്കുന്നു.

ഒരു ഫർലോംഗ് നീളം വരും വെള്ള മണൽ വിരിച്ച ആ റോഡിനു്. അതു് ആ ബഗ്ലാവിന്റെ മുറ്റംവരെ എത്തി കിടക്കുന്നു. മുറ്റത്തു് കാറ്റത്തു വിസിൽ ഊതുന്ന കുറെ മരങ്ങൾ ഉയർന്നു നില്ക്കുന്നുണ്ടു്. കരികിലയുടെ ഒരു പോക്കളമായി പരിണമിക്കുന്നില്ല ആ സ്ഥലം. ആ കെട്ടിടത്തിന്റെ മുറികളും വരാന്തകളും തുത്തുതുടച്ച കണ്ണാടിപോലെ എപ്പോഴും മിനുങ്ങിയിരിക്കും. ദിവസം ഒരുപ്രാവശ്യം അടിക്കുക മാത്രമല്ല, ആഴ്ചയിലൊരിക്കൽ അതെല്ലാം കഴുകുകയും പതിവുണ്ടു്. പുത്തൻ മങ്ങാത്ത ജനലുകളും കതകുകളും; ആണ്ടുതോറും അതെല്ലാം വാർണീഷ് ചെയ്തു സംരക്ഷിക്കുവാൻ ജോൺ അതീവശ്രദ്ധപതിക്കുന്നു.

അമ്മച്ചിയാണു് അടുക്കളയുടെ പൂർണ്ണാധികാരി. എന്നാലും പണവുമായി അടുത്തു സമ്പർക്കംപുലർത്താൻ അവൾക്കിഷ്ടമില്ല. ആവശ്യമുള്ളസാധനങ്ങളുടെ ഒരു ലിസ്റ്റ് അവൾ ജോണിനെ തക്കസമയം നോക്കി ഏല്പിക്കുന്നു. അതനുസരിച്ചുള്ള സാധനങ്ങൾ അടുക്കളയിൽ എത്തണമെന്നു് അവൾക്കു നിർബ്ബന്ധമാണ്. ഒരു കുടുംബത്തിന്റെ ആരോഗ്യത്തിന്റെ ഉറവിടം അടുക്കളയാണെന്നു് മേരിക്കുട്ടി ദൃഢമായി വിശ്വസിച്ചിരിക്കുന്നു. പുക തുടങ്ങുന്നിടത്തു ഭിത്തിക്കു കറപിടിക്കയില്ലാത്ത രീതിയിലാണു് അവിടത്തെ അടുക്കള പണിതിരിക്കു

ന്നത്. അതിന നല്ല വീതിയും നീളവും ഉണ്ട്.

വെള്ളം കെട്ടി നിറുത്തുവാൻ അടുപ്പുകളുടെ അടുക്കലായി ഒരു ടബ് പണ്ടത്തു വച്ചിരിക്കുന്നു. അതിനല്ലും താഴെയായി സിമിൻറിട്ട ഒരു തറ. അഴുക്കു പറ്റിയ പാത്രങ്ങൾ അവിടെ വച്ചിട്ട, ടബിൻറെ ടാപ്പു ഒന്നു തുറന്നാൽ മതി, വെള്ളം ചീറ്റി വീഴുകയായി: പാത്രങ്ങളെല്ലാം താനേ വെടിപ്പായിക്കൊള്ളും. ചാരവും വിറകും അടുക്കളയുടെ കോണിൽ സൂക്ഷിക്കാറെ ഇല്ല. അടുക്കളയോടടുത്തു കമ്പി വല ഇട്ട ചാർത്തിലാണ് അരകല്ല്. സിമിൻറ തറയിൽ ചിപ്സ് പാകിയ ഭിത്തിപ്പുറത്തു അതു സ്ഥാപിച്ചിരിക്കുന്നു. ഓരോ പ്രാവശ്യവും അരപ്പു കഴിഞ്ഞു മുകളിലുള്ള ഒരു ടാപ്പ് തുറക്കണം. അരകല്ലും പരിസരങ്ങളും വൃത്തിയാക്കികൊണ്ട് ആ വെള്ളം ദൂരെയുള്ള ഒരു ഓടയിലേക്കു ഓടികൊള്ളും.

ആദർശസമ്പന്നനാണു ജോൺ. ഭാര്യയുടെ വ്യക്തിത്വത്തെ ബഹുമാനിക്കുക, കുടുംബ ജീവിതത്തിൽ അപരിത്യാജ്യമാണെന്നാണ് അയാളുടെ അഭിപ്രായം. ഭർത്താവു കുടുംബത്തിൻറെ തലയും ഭാര്യ കുടുംബത്തിൻറെ ഹൃദയവുമാണെന്നു പരക്കെ സമ്മതിക്കപ്പെട്ടുണ്ടല്ലൊ. ജനിക്കുന്ന ക്ഷണം മുതൽ മരിക്കുന്ന സമയം വരെ വിശ്രമമില്ലാതെ ജോലി ചെയ്യുന്ന ഏറ്റവും വിശിഷ്ടമായ ഒരവയവമാണ് മനുഷ്യരുടെ ഹൃദയം. അതു അങ്ങനെ പ്രവർത്തിക്കുന്നു എന്നറിയുവാൻ തന്നെ ഒരു ഡോക്ടറുടെ കൊമ്പും കുഴലും ആവശ്യമായിരിക്കാം. ഭാരമേറിയ ജോലികൾ തലയ്ക്കു നിർവ്വഹിക്കാനുണ്ട്".എന്നാലും അതിൻറെ ജോലി തുടങ്ങുന്നതു തിരിച്ചറിവിൻറെ പ്രായം ആയതിനു ശേഷമല്ലേ ഉള്ളൂ. ജോലിക്കിടയിൽ വിശ്രമത്തിനു ധാരാളം സമയം അതിനു കിട്ടുകയും ചെയ്യുന്നു. ഇങ്ങനെ തന്നെയാണു കുടുംബത്തിൽ ഭാര്യയും ഭർത്താവും. തലയ്ക്കാണോ ഹൃദയത്തിനാണോ മേന്മ എന്ന ചോദ്യവും ഒരു വിധിത്തമായിരിക്കുന്നതുപോലെതന്നെയാണു ഭർത്താവിനോ ഭാര്യക്കോ മേന്മ എന്ന ചോദ്യവും. തൻറെ മേന്മകളെപ്പറ്റി പ്രകീർത്തിക്കുവാൻ ചിലപ്പോൾ ഭർത്താവും ഭാര്യയും പരസ്പരം മിനക്കെടാറുണ്ട്. പുരുഷൻ സ്ത്രീയായും സ്ത്രീ പുരുഷനായും പരിവർത്തനം ചെയ്യുന്ന ഇക്കാലത്തു അത്രപിയിൽ പരസ്പരം സ്ഥാനം മാറി കൊടുക്കുവാൻ അവർക്കു ബുദ്ധിമുട്ടുണ്ടാകയില്ല. വന്നു പറയുന്ന ഭർത്താവ് സ്ത്രീയുടെ സ്ഥാനത്തു നിന്നു കൊണ്ടും, വന്നു പറയുന്ന ഭാര്യ പുരുഷൻറെ സ്ഥാനത്തു നിന്നു കൊണ്ടും ചിന്തിക്കട്ടെ. അപ്പോൾ പരസ്പരം മത്സരിക്കുന്നതിനു പകരം അവർ പരസ്പരം സ്നേഹം ബഹുമാനാദരവുകൾ പ്രദർശിപ്പിക്കും. വില്ലിനു ഞാണെങ്ങനെയോ, അതു പോലാണു പുരുഷനു സ്ത്രീ എന്നു മഹാകവി ലോംഗ് ഫെലോ പാടിയിരിക്കുന്നു. കുടുംബ ജീവിതത്തിൽ പുരുഷൻ വില്ലും സ്ത്രീ ഞാണുമാണ്. രണ്ടുംകൂടി യോജിച്ചു നിന്നെങ്കിലേകുടുംബത്തിൻറെ അമ്പുകൾ മുകളിലേക്കയയ്ക്കൂ.

ഗൃഹത്തിൻറെ ശുചിത്വം പോലെ യാണ് ജോണിൻറെയും മേരിക്കുട്ടിയുടേയും ഹൃദയ പരിശുദ്ധി. അവർക്കു പരസ്പരമാണ് ബഹുമാനാദരവുകൾ. ജോലി കൂടുതലുണ്ടെന്നു കാണുമ്പോൾ അടുക്കളയിൽ കയറി മേരിക്കുട്ടിയെ ഒന്നു സഹായിക്കുവാനും ജോൺ മടിക്കാറില്ല. എന്നാലും ചിലപ്പോൾ ഭാര്യയുടെ നിസ്സാര കുറ്റങ്ങൾ പോലും 50 ശതമാനം വെള്ളം ചേർത്തു് അയാൾ പർവ്വതീകരിക്കാറുണ്ട്. മേരിക്കുട്ടിയിലുണ്ടാകുന്ന ഭാവഭേദം ഒന്നളക്കുവാനായിരിക്കും ആ തന്ത്രം. പക്ഷേ അതു കേട്ട് അമ്മച്ചിയും കൂടുകൂടെ ചിരിക്കയേ ഉള്ളൂ. അതുകൊണ്ട് ജോൺ പറയാറുണ്ട്, ഫലിതങ്ങളും അതിശയോക്തികളും കേട്ടു രസിക്കുവാൻ കഴിവുള്ള ഭാര്യ കുടുംബത്തിനു ഏറ്റവും വിലപിടിപ്പുള്ള അലങ്കാരം കൂടിയാണെന്നു്. ഹൃദയത്തിൻറെ പരിശുദ്ധിയും ഭവനത്തിൻറെ ശുചിത്വവുംകൂടി സമ്മേളിക്കുന്നിടത്തല്ലയോ പറുദീസാ സൃഷ്ടിക്കപ്പെടുക?—

ആ ചോദ്യത്തിൽ അവസാനിപ്പിച്ചുകൊണ്ടു ഞാൻ കണ്ണയച്ചു നോക്കി. ആകാശ ഭീമൻ മാത്രമുണ്ടവിടെ. അവളെയാണു ഞാൻ തിരയുന്നതെന്നു മനസിലാക്കിയ ഭീമൻ പറഞ്ഞു: "മാതൃ അടുക്കളക്കായ്ത്തിൽ എത്തിയപ്പോൾ അവൾ ഓടിക്കളഞ്ഞതാണു്". എങ്ങോട്ടെന്നറിയാമോ? :പഴയ മുറിയും ചട്ടയും ധരിച്ചു് ആ അമ്മിക്കല്ലിൻറെ വുവട്ടിലേക്കു്. ദാ, നോക്കൂ അവൾ അതെല്ലാം വൃത്തിയാക്കീക്കൊണ്ടിരിക്കുന്നതു്." ഒരു വാനദൂതനെപ്പോലുള്ള സൗന്ദര്യം ഞാനപ്പോൾ അവളിൽ കണ്ടു. പ്രസിദ്ധം ചെയ്യാത്ത എൻറെ ഗ്രന്ഥം നോടിയെടുത്ത ആദ്യത്തെ എഡിറ്റർ ശിഷ്യയാണു് ആ മമ്മിനി.

ജി. സി. ടീലർ.

സുവാർത്ത

സമാധാനവും നല്ല പ്രതീക്ഷയും. ഈശോമിശിഹായുടെ ജനനവേളയിൽ ബേസ്‌ലഹത്തു പ്രക്ഷേപിക്കപ്പെട്ട സദ്‌വാർത്തയാണിത്. ഇതു കേൾക്കുവാനായിരുന്ന മനുഷ്യവർഗ്ഗം അക്ഷമതയോടെ യുഗങ്ങളും കാലങ്ങളും തള്ളിവിട്ടുകൊണ്ടിരുന്നതു; ഇതു ചൂണ്ടിക്കാട്ടുവാനായിരുന്ന പ്രവാചക പ്രസംഗകനായി ഈശോ യോർദ്നാൻ കരയിൽ പ്രത്യക്ഷപ്പെട്ടതു; കൈവരുത്തുവാനായിരുന്ന ഗാഗുൽത്താമല കയറിയതും കുരിശു പീഠത്തിൽ സ്വരക്തം നൈവേദ്യമായർപ്പിച്ചു് ആ മഹായജ്ഞം നിർവ്വഹിച്ചതും. ഈ ചോരയിൽ കഴുകിയെടുത്തപ്പോൾ ജീവൻവീഴുകയും, കാഴ്ച തെളിയുകയും, മുറിവുകരിയുകയും, മനുഷ്യമഹത്വത്തിന്റെ മാഹാത്മ്യം സുവിദിതമാകയുംചെയ്തു. ഈശോമിശിഹാ ശിഷ്യരെ ചുമതലപ്പെടുത്തിവിട്ടതിന്റെയും അവർ പാടുപെട്ട പണിയെടുത്തതിന്റെയും ഉദ്ദേശവും ഇതുമാത്രമായിരുന്നു: ഒരു നവയുഗത്തിന്റെ പിറവി! സുവാർത്ത ശ്രവിക്കയും പരിത്രാണകനായ മിശിഹായെ സ്വീകരിക്കയും ചെയ്തതുനിമിത്തമുണ്ടായ പരിവർത്തനങ്ങളും സകല ഉഹത്തെയും അതിലംഘിക്കുന്നവയായിരുന്നു. ഒരു പുതിയ ലോകംതന്നെ സംജാതമായി. ദൈവം മനുഷ്യനായി മനുഷ്യരോടുകൂടെ! മനുഷ്യർ ദൈവപുത്രരാകുവാൻ, ലോകമൊരു പറുദീസയാകുവാൻ.

ഈശോമിശിഹാ എല്ലായിടത്തും വസിക്കുന്നു: പത്രോസിനോടുകൂടെ റോമായിലും, പൗലോസിനോടുകൂടെ ഇല്ലീരിക്കത്തും, തോമായോടുകൂടെ ഇന്ത്യയിലും, മിശിഹായിൽ ജനിച്ചവരുടെ സമൂഹമാകുന്ന ദൈവരാജ്യമായ വിശുദ്ധസഭ. റോമായിലായതുകൊണ്ട് അതു റോമാസഭയും, ഹെന്ദോവി(ഇന്ത്യായി)ലാകകൊണ്ട് ഹെന്ദോസഭയും, എല്ലായിടത്തുമായതുകൊണ്ട് വിശ്വസഭയും. സ്ഥലപരിധിയാലും ജാതിസംസ്കാരങ്ങളാലും വിവിധ സമൂഹങ്ങളായി, വ്യത്യസ്ത രാഷ്ട്രങ്ങളായി മനുഷ്യർ കഴിഞ്ഞുപോരുന്നു. മിശിഹായിൽ ജനനം സിദ്ധിച്ച മനുഷ്യസമൂഹത്തിലും സ്ഥലത്തിന്റെയും ഭാഷയുടെയും ജാതിസംസ്കാരാദികളുടെയും വ്യത്യാസം കാണുക സ്വഭാവികം മാത്രമാണ്. യവനരും റോമരും പേർഷ്യരും എത്യോപ്പരുമെല്ലാം ചരിത്രഗതിയെ നിയന്ത്രിച്ചിട്ടുള്ളവരും സംസ്കാരത്തു് ശാശ്വതമായ സംഭാവനകൾ നല്കിയിട്ടുള്ളവരുമാണ്. ഇവരുടെ രാഷ്ട്ര മണ്ഡലങ്ങളും സംസ്കാര ചാലുകളും വിശുദ്ധ സഭയുടെ ഗതിയെയും സ്വാധീനിച്ചിട്ടുണ്ട്. റോമയും ബാബേലും, ബിസാൻസിയവും അലക്സാന്ത്രിയായും മാതൃസഭകളാകാനിടവന്നിട്ടുള്ളതും അങ്ങനെയാണ്. ഇങ്ങനെ രീതി, ഭാഷ, സംസ്കാര വശങ്ങളിൽ വൈവിദ്ധ്യമുണ്ടാകുന്നതോടൊപ്പം തന്നെ, മനുഷ്യരാശിയുടെ ആശയാഗ്രഹങ്ങൾ പൂർത്തിയാക്കുന്ന, സംസ്കാരിച്ചുദ്ധരിക്കുന്ന, അവകാശങ്ങളെ കാത്തുസൂക്ഷിക്കുന്ന, ലക്ഷ്യത്തിലേക്കു കൈപിടിച്ചു നടത്തുന്ന ഏക ജീവൽഘടനയായി സഭ നിലകൊള്ളുന്നു. സത്യത്തിന്റെ വെളിച്ചവും സ്നേഹത്തിന്റെ ഊഷ്മാവും പകർന്നുകൊണ്ട് സേവന സന്നദ്ധയായി സഭ മുന്നേറുന്നു.

ശാസ്ത്രത്തിന്റെ പുതിയപുതിയ കണ്ടുപിടിത്തങ്ങൾ പ്രയോജനപ്പെടുത്തുന്നതു് അഭിമാനക്ഷയമായി അരുതു കരുതാറില്ലെങ്കിൽ, മുഷിഞ്ഞ മുണ്ടു് അലക്കിയെടുക്കേണ്ടതാവശ്യമാണെങ്കിൽ, വാഷ്ക്കല്ലു് ചെത്തിമിനുക്കിയെങ്കിലേ പ്രകാശിക്കയുള്ളു എങ്കിൽ, വെളിച്ചം നല്കുകയും, വീക്ഷണം വിശാലമാക്കുകയും ചെയ്യുന്ന ക്രൈസ്തവാവിഷ്കരണവും, നവമായി മനുഷ്യാതീത കഴിവുകളും നല്കുന്ന നൈസർഗ്ഗിക വിശേഷവും, സുരക്ഷിതവും സുഗമവും പുതിയ തലത്തിലെത്തിക്കുന്നതുമായ പുതിയ മാർഗ്ഗവും, ജീവൻ സമൃദ്ധമാക്കുന്ന പോഷണവും ഏതെങ്കിലും തരത്തിൽ അസ്വീകാര്യമായിവരുമോ? ഒരു നാളുമില്ല. പുതിയ കാഴ്ചപ്പാടും കഴിവുകളും സംസ്കാരവും സിദ്ധിച്ച ഹിന്ദുവാണ് നസ്രാണി.

* "ഹിന്ദുക്കളുടെ ആദർശങ്ങളും അഭിപ്രായങ്ങളും വാങ്മൂലമായി ഓരോ മട്ടിൽ പരപൂർത്തി നേടിക്കൊണ്ടുതന്നെയാണിരുന്നിട്ടുള്ളതു്. ഏക ദൈവത്തെക്കുറിച്ചുള്ള അദ്ധ്യാപനം മനുഷ്യവർഗ്ഗത്തിന്റെ ആദിപാഠമെന്നപോലെ ലോകത്തിൽ എന്നും ഉള്ളതുതന്നെയാണ്. വൈദികകാലത്തെ ഹിന്ദുമതം സർവ്വാധികാരവും വരുണനിൽ നിക്ഷേപിച്ചു. സർവ്വാധിനാഥനായ വരുണനിലുള്ള വിശ്വാസം ഇസ്രായേൽക്കാരിൽനിന്നു ലഭിച്ചതാണ്. ഇക്കാര്യം പുരാതന ഇന്ത്യൻമനീഷികൾ മറച്ചുവയ്ക്കാതിരുന്നെങ്കിൽ അബ്രാഹത്തിന്റെ ദൈവത്തിൽ ഭാരതം പണ്ടേ വിശ്വസിച്ചു് ഈശോമിശിഹായുടെ പിതാവിനെ കണ്ടെത്തു

മായിരുന്നു. വേദാന്ത സിദ്ധാന്തം വരുണനെ തരം താഴ്ത്തുകയും, 'മായ'യെ ആശ്രയിക്കുകയും, 'പുനർജ്ജന്മം' അവതരിപ്പിക്കയും ചെയ്തതുനിമിത്തം ഹിന്ദുമതത്തിന്റെ വളർച്ച തടയപ്പെട്ടുപോയി. ഇന്നത്തെ ഹിന്ദുമതത്തിൽ വളരെ അപൂർണ്ണമായി ശേഷിച്ചിരിക്കുന്ന ഏകദൈവം, പാപവിമുക്തി, സ്വർഗ്ഗഭവനം, എന്നിത്യാദി പൂർവ്വഹിന്ദുവേദാന്തം പൂർണ്ണരൂപത്തിൽ ക്രിസ്തുമതത്തിലാണു കാണുക. ക്രിസ്തുവിന്റെ മതമാണ് ഈശ്വരന്റെ കിരീടമെന്നു ഫാക്ക്ഹാർ സമർത്ഥിച്ചിട്ടുള്ളതും, ഈശ്വര കൽപ്പനക്കു് ഏതെങ്കിലും വഴിക്കു് വീണ്ടും ഭാരതവർഷം സന്ദർശിക്കാൻ കഴിഞ്ഞാൽ അവർ ഇവിടെയുള്ള മറേറതു പരിഷ്കൃത സമുദായങ്ങളെക്കാളും ക്രിസ്ത്യാനികളെ സ്വമതാനുയായികളായി കണ്ടു് അനുഗ്രഹിക്കാതിരിക്കയില്ല. എന്നു് K. M. Banerji പറഞ്ഞിരിക്കുന്നതും എത്ര ശരിയായ കാര്യമാണു്. വരുണസൂക്തങ്ങളിലെ മതം സാക്ഷാൽക്കരിച്ച മിശിഹായെ കൂടാതെ ഹിന്ദുമതം പരിപൂർണ്ണമാകുന്നതെങ്ങനെ?" എന്നു ഒരു ബ്രാഹ്മണനായ ശ്രീമാൻ ഇടമരം ചോദിക്കുന്നു. ഈ തത്ത്വത്തിന്റെ അഥവാ സത്യവിശ്വാസത്തിന്റെ സാവ്വത്രിക സമാജത്തിൽ ഹിന്ദുജനതയ്ക്കു് തോമാശ്ലീഹാ സ്വീകാരം നല്കി. മാർത്തോമാനസ്രാണികളെപ്പറ്റി സ്റ്റോറു് മാനുവൽ (1901) കർത്താവു് പറഞ്ഞിരിക്കുന്നതു് നോക്കുക: "in every respect purely Hindu" ഭക്ഷണം, വസ്ത്രം, ഭവനം, ആചരണങ്ങൾ, ആദർശങ്ങൾ..... എല്ലാത്തിലും!!

× × × × × ×

പത്തൊമ്പതു നൂറാണ്ടുകളെ അതിജീവിച്ച ഒരു ജനപദമാണു് നസ്രാണികൾ. പത്താം നൂറാണ്ടോടടുത്തു് ഇൻഡ്യയിലെ ഒരു വലിയ വിഭാഗം ജനങ്ങളും നസ്രാണികളായിരുന്നു എന്ന ചരിത്രത്തിൽ നിന്നു മനസ്സിലാക്കാം. മുസ്ലീം ആക്രമണങ്ങളും ശങ്കരാചാര്യരുടെ ഹിന്ദുമത നവോദ്ധാരണവും രണ്ടു കാരണങ്ങളായിരുന്നു നസ്രാണികൾ വൈദേശ്യാനപക്ഷമായി ചുരുങ്ങിപ്പോകുന്നതിനു്. പേഷ്വയും പാശ്ചാത്യമിഷ്യയുമെല്ലാം ഇൻഡ്യയിൽനിന്നു വിദൂരമാക്കപ്പെട്ട തോട്ടക്കുടി മെത്രാഭിഷേകത്തിനു സഹകരിച്ചില്ലെന്നായി. പാലകന്മാരില്ലാതെ ദീർഘനാൾ കഴിഞ്ഞതോടെ നസ്രാണികൾ ഹിന്ദുക്കളായി രൂപാന്തരപ്പെട്ടുപോയി കാലാന്തരത്തിൽ. ഹിന്ദുമത നവീകരണം അതു പൂർത്തിയാക്കുകയും ചെയ്തു. അതിനുമുമ്പുതന്നെ മഹമ്മദരുടെ ആക്രമണങ്ങളും മതപരിവർത്തനവും, കൊള്ളയും കൊലയും അപഹരണവും വേണ്ടിടത്തോളം നാശം വരുത്തിക്കഴിഞ്ഞിരുന്നു. തൈമൂറിന്റെ ആക്രമണകാലത്തു് ദില്ലിയിൽ വധിക്കപ്പെട്ടവരിൽ ആറായിരവും നസ്രാണികളായിരുന്നെന്നു പറയപ്പെടുന്നു. മംഗോളിയാനിൽ നിന്നും മറേറാരു വന്ന ആക്രമികൾ ദേവാലയങ്ങൾ പിടിച്ചെടുക്കുകയും ഇസ്ലാമിൽ നസ്രാണികളെ ബലമായി ചേർക്കുകയും ചെയ്തിട്ടുണ്ടു്. ഇൻഡ്യയുടെ പശ്ചിമതീരത്തും ദക്ഷിണേന്ത്യയിലുമാണു് പിന്നീടു് കാര്യമായിട്ടുണ്ടായിരുന്നതു്. അറബികളുടെ ശക്തി വർദ്ധമാനമായി വന്നതോടെ നസ്രാണികൾ തെക്കോട്ടു തെക്കോട്ടു വലിഞ്ഞു് പറങ്കികളുടെ ആഗമനവേളയിൽ കാണായ്തു തെക്കുമാത്രമായിത്തീർന്നു. ദക്ഷിണേന്ത്യയുടെ ഉൾപ്രദേശങ്ങളിൽപോലും വിശ്വാസികൾ ഹിന്ദുക്കളായി കഴിഞ്ഞിരുന്നു എന്നു് പറങ്കിമിഷ്യനാരികളുടെ സാക്ഷ്യങ്ങളിൽ നിന്നു തെളിയുന്നു. ഇങ്ങനെ വളരെ ചുരുങ്ങിപ്പോയ നസ്രാണിസമൂഹം പറങ്കികളുമായി ഇടഞ്ഞപ്പോൾ കേരളത്തിന്റെ ഉൾപ്രദേശങ്ങളിൽ മാത്രമായിത്തീർന്നു. ടിപ്പുവിന്റെ ആക്രമണവും പാശ്ചാത്യമിഷണറിമാരുടെ പരിപാടിയും ബാക്കി നാശവും ചെയ്തു. ദൈവത്തിന്റെ പരിപാലന, സമൂഹത്തിന്റെ ജനയിതാവായ മാർത്തോമ്മാ ശ്ലീഹായുടെ സംരക്ഷണം, കന്നിമറിയത്തിന്റെ കാരുണ്യം ഇവയെല്ലാംകൊണ്ടു 20-ാം നൂറാണ്ടു കാണാൻ സാധിച്ചു എന്നു സമാധാനപ്പെടാനെ വഴി കാണുന്നുള്ളൂ.

× × × × × ×

മൂശെയുടെ പ്രമാണം ഇസ്രായേൽക്കാർക്കു് എങ്ങനെയോ എന്നപോലെയായിരുന്നു നസ്രാണികൾക്കു് തോമ്മായുടെ പ്രമാണം. ശ്ലീഹന്മാരുടെ പഠനം, പഠനശൈലീരീതികൾ, ആഭ്യന്തരസംസ്കാരം, മിശിഹായുടെ ഭാഷ—ഇതെല്ലാം അന്ധമാക്കപ്പെട്ടതു തോമ്മായുടെ പ്രമാണത്താൽ. അതിനോടു വിശ്വസ്തരായിരിക്കുന്നതിനുവേണ്ടി നസ്രാണികൾ സഹിച്ചിട്ടുള്ള ക്ലേശങ്ങളും വഹിച്ചിട്ടുള്ള ഭാരങ്ങളും അവർണ്ണനീയമത്രെ. അർക്കദിയാക്കോന്മാരുടെ കാലശേഷം അന്നന്നത്തെ ആവശ്യത്തിനു് നേതാക്കന്മാർ ഉണ്ടായിവന്നു സമുദായത്തെ നടത്തുകയായിരുന്നു. അടിമത്വമോചനമുണ്ടായ അവസരത്തിൽ ഏക നേതൃത്വത്തിനു് അഭിലഷിക്കയും അഭ്യർത്ഥന നടത്തുകയും ചെയ്തെങ്കിലും നേതൃത്വം ഉണ്ടാകാത്തവിധത്തിൽ നമ്മുടെ പ്രത്യോഗികർ പണി എടുത്തിരുന്നു. അതിൽ വിജയിക്കയും ചെയ്തു. ഇന്നും ബഹുനേതൃത്വമായിതന്നെ സ

ചരിത്രത്തിന്റെ പേജുകളിൽനിന്ന്

ജാതിസ്നേഹം, സ്വരാജ്യസ്നേഹം, മുതലായവക്കു സ്വീയ സുകൃതങ്ങളാണെന്നു ധരിക്കാത്തവർ ഇന്നും കാണും. യഥാർത്ഥമതതീക്ഷ്ണതയിൽ സ്വജാതിയ്ക്കും സ്വരാജ്യത്തിനും സ്വസംസ്കാരത്തിനും സ്വചരിത്രത്തിനും ഒരു പ്രത്യേകസ്ഥാനമുണ്ടെന്നുള്ളതു വിസ്മരിക്കാവുന്നതല്ല. യഥാർത്ഥമായ ഏതൊരു സംസ്കാരത്തോടും കൂട്ടിയിണക്കാവുന്നതും കൂട്ടിഇണക്കേണ്ടതുമാണ് കത്തോലിക്കവിശ്വാസം. ജാതീയസ്നേഹവും ജാതിയസംസ്കാരവും യഥാവിധി പുലർത്തുക, കത്തോലിക്കാവിശ്വാസത്തെ പ്രചരിപ്പിക്കുവാനും ഉറപ്പിച്ചുനിറുത്തുവാനും പററിയമാശ്ശന്മാർ വച്ചു ഏറ്റംപ്രധാനപ്പെട്ട ഒന്നാണു എന്നുള്ളതിൽയാതൊരു സംശയവുമില്ല.

കുറെനാളായികേരളീയസുറിയാനിക്കാരിൽ ജാത്യാഭിമാനം ക്ഷയിച്ചുകാണപ്പെടുന്നു .... സ്വാഭാവികങ്ങളായും പുരാതനങ്ങളായും നമ്മിലുള്ള വാസനകളെയും തഴക്കങ്ങളേയും ശുദ്ധീകരിച്ചു നമ്മുടെ വിശ്വാസത്തെ അവയോടുബന്ധിക്കാത്തപക്ഷം വിശ്വാസം കാലാന്തരത്തിൽ നമ്മെ വിട്ടുപിരിയുന്നതായിരിക്കും. കത്തോലിക്കാതത്വങ്ങൾക്കനുരൂപമായി നമ്മുടെജാത്യാഭിമാനത്തെ പുഷ്ടിപ്പെടുത്തുക; അപ്പോൾ അതു കത്തോലിക്ക വിശ്വാസത്തെ പരിരക്ഷിക്കുന്ന ബലിഷ്ഠമായ ഒരു കോട്ടയായി പരിണമിക്കുന്നതാണ്. കത്തോലിക്ക വിശ്വാസംതന്നെയും ഒരു വിദേശവസ്തുവായി പരിഗണിക്കപ്പെടുന്നതല്ല.

മാർകുറിയാറ്റിയും പാറേമ്മാക്കൽ തോമ്മാകത്തനാരുമാണ് ജാത്യാഭിമാനത്തിൽ നമുക്കു മാതൃകാപുരുഷന്മാരായിരിക്കേണ്ടതു്. ദൃഢവും സജീവവുമായ വിശ്വാസത്താൽ നിയന്ത്രതങ്ങളായ സമുദായസ്നേഹം, ജാത്യാഭിമാനം, റീത്തുപ്രതിപത്തി എന്നിതുകൾമാത്രമേ വർത്തമാനപ്പുസ്തകത്തിൽ കണ്ടെത്തുവാൻ സാധിക്കുന്നുള്ളൂ. തോമ്മാകത്തനാരെപ്പോലെയുള്ളവർ മാത്രമാണ് ഒരു സമുദായത്തിന്റെ ശരണ്യായിട്ടുള്ള മതാദ്ധ്യക്ഷന്മാർ. തോമ്മാകത്തനാരുടെ ചുവട്ടടിയേ നടന്നിട്ടുള്ള മഹാന്മാർപലരുംനമ്മുടെ സമുദായത്തിൽ ഉണ്ടായിട്ടുണ്ട്.

നമ്മുടെ പാരമ്പര്യങ്ങൾക്കും ജാതീയനേട്ടങ്ങൾക്കും ശ്രേയസ്കരമായ ഒരു സ്ഥാനം വിദ്യാഭ്യാസപരിപാടിയിൽ ഉണ്ടായിരിക്കണം.

(Fr. Placid 1938. May)

× × × × × ×

വസ്ത്രഭക്ഷണാദികൾമാത്രമല്ല ദൈവാരാധനക്രമമൊഴിച്ചുള്ള സാമുദായികനടപടികളും, നസ്രാണിനമ്പൂരിയെപ്പോലെ ആചരിക്കുന്നു. അതുപോലെ മലയാളത്തിലെ മറവജാതികളും ഒരു ജാതിയെപ്പോലെ മറെറാ

മുദായം അലയുന്നു.

× × × × × ×

നസ്രാണികളും ക്രിസ്ത്യാനികളും ഒരു സമുദായമായി കഴിയാം എന്ന ഒരു ധാരണ വന്നതുകൊണ്ടു് കത്തോലിക്കാ കോൺഗ്രസ്നിലവിൽവന്നു. അതിന്റെ പ്രവർത്തനഗതിയിൽനിന്നു മനസ്സിലാക്കാം അതൊരു പരാജയത്തിൽ കലാശിച്ചിരിക്കയാണെന്നു്. തെക്കുംഭാഗവിഭാഗവും അന്യസമുദായമാണെന്നു് അതുണ്ടാക്കിയ പ്രസ്താവങ്ങൾ വിളിച്ചറിയിച്ചു. എല്ലാം മറക്കാം, സത്യവിശ്വാസികളെല്ലാവരുംഒരുമിച്ചു് നീങ്ങണമെന്നു് തീരുമാനിച്ചു് ശ്രമിച്ചുകൊണ്ടിരിക്കുന്നതിനിടയിലാണു് ചാഴിക്കാട്ടു ജോസഫിന്റെ പുസ്തകവും ലത്തീൻ കത്തോലിക്കരുടെ മെമ്മോറാണ്ടവും അവരുടെ വൈദികാദ്ധ്യക്ഷന്മാരുടെ നിലപാടും കാര്യങ്ങൾ ഇത്രമേലെത്തിച്ചതു്. സമുദായങ്ങൾ സമുദായങ്ങളായിട്ടുതന്നെ നിങ്ങുകയേ വഴിയുള്ളൂ.

പൂർവ്വന്മാരുടെ ചുവട്ടടിയേ നടക്കുന്നതിനും അഭിമാനമുള്ള മക്കളായി ജീവിക്കുന്നതിനും ഭാവിയിലേയ്ക്കു തയ്യാറെടുക്കുന്നതിനും ഈ Nov. 21-ൽ നിശ്ചയമെടുക്കുകയാണ്.

മാർത്തോമ്മാൻ നന്മയാലൊന്നുതുടങ്ങുന്നു
നന്നായ് വരേണമേയിന്നു
ഉത്തമനായ മിശിഹാ തിരുവുള്ളം
ഉണ്മയെയെഴുന്നള്ളുകവേണം.

ബോസ്കോ പു. ക. സി. എം. ഐ.

(8—ാം പേജ് തുടർച്ച)

11 1627-ൽകാത്തേയിലേയ്ക്കുപോകുവാനായി മൂന്നു വൈദികർ (S J) ഹൂഗ്ലിയിൽ വന്നു ചേർന്നു. അവിടെ നിന്നു് കാത്തേയിലേക്കു പുറപ്പെട്ടു. **Coecho** തുറമുഖത്തു വന്നപ്പോൾ, അതിനപ്പുറത്തുള്ള ദേശത്തെ ആളുകൾ, പശുക്കിടാവുകൾ ആരാധിക്കുന്ന ദൈവത്തെ ആരാധിക്കുന്നെന്നും അവരുടെ രീതികളും പശുക്കിടാവുകളുടെ താണെന്നും ഒരു മഹമ്മദൻ അവരെ അറിയിച്ചു. കച്ചിലായിരുന്ന ഒരു പോർത്തുഗീസുകാരൻ അവർ കുരിശിനെ വണങ്ങുന്നുണ്ടെന്നകാര്യവും ഇവരെ അറിയിച്ചു.

1924- **Feb** .21. ഇ. ഐ. ചാണ്ടി ഫാ. ഹോസ്റ്റനെ അറിയിക്കയുണ്ടായി, തപ്തിനദിയുടെയോ നർമ്മദായുടെയോ തീരത്തു് കുരിശാകൃതിയിലുള്ള ഒരു കെട്ടിടത്തറകണ്ടുകിട്ടിയതായി മലയാളം പത്രത്തിൽ അടുത്തമാസം മുമ്പു് ഒരാൾ എഴുതിയതു വായിച്ച എന്നു.

12 കിഴക്കെ മാൽവായിൽ ഡാഹോറിനു സമീപം നർമ്മദാനദീതീരത്തുള്ള ഉദയപ്പൂരിൽ പ. ക. മറിയത്തിന്റെ നാമത്തിൽ ഒരു ദേവാലയം ഉണ്ടായിരുന്നെന്നും അതു് തോ. ശ്ലീഹായോ അദ്ദേഹത്തിന്റെ ആദ്യ ശിഷ്യരോ സ്ഥാപിച്ചതാണെന്നും പരമ്പരയായുള്ള വൃത്താന്തം ഘോഷിക്കുന്നു. യുദ്ധങ്ങളും കലഹങ്ങളും മതഭിന്നതയും നിമിത്തം ആദ്യദേവാലയം ശിഥിലാവസ്ഥയെ പ്രാപിക്കയാൽ 11-ാം നൂറ്റാണ്ടിൽ 1060-ൽ സെയ്സഡ് രാജാവായ സൻഗെയ്വർമ്മനൻ അതു പുതുക്കിപണുതു പ്രതിഷ്ഠിച്ചു. ഇക്കാര്യവും പ്രതിഷ്ഠാവസരത്തിൽ നടന്ന ആഘോഷവിവരവുമാണു് ക്ഷേത്രഭിത്തിയിൽ ഒരുവകപാലിലിപിയിൽ എഴുതിയിരിക്കുന്നതെന്നു് പണ്ഡിതന്മാർ പറയുന്നു. ബാറൻ ടെക്ടർ ഇതെപ്പറ്റി പ്രതിപാദനം നടത്തിയിട്ടുണ്ടു്. 1915**Oct.1st**-ലെമൈലാപ്പൂർ കാത്തലിക്ക രജിസ്റ്ററിൽ ഈ രേഖയെപ്പറ്റിയുള്ള വിവരമെല്ലാം പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ക്രിസ്ത്യാനികൾ നാമാവശേഷമായപ്പോൾ 15-ാം നൂറ്റാണ്ടിലോ മറേറാ ഇതു വീണ്ടും ക്ഷേത്രമായിതീർന്നു എന്നു കരുതപ്പെടുന്നു.

13 ബാങ്കളൂർ ഡിസ്ട്രിക്ടിൽ ആനക്കല്ലെന്ന സ്ഥലത്തു് ഒരു മൺകൂന കാട്ടുപിടിച്ചുകിടക്കുന്നതു് കിളച്ചപ്പോൾ കുരിശുകൾ കണ്ടുകിട്ടി. ഗഞ്ചാമിലും ശ്രീരംഗപട്ടണത്തിലും ഇത്തരം കുരിശുകൾകണ്ടതായി **Fr. Gonarin** പറയുന്നു. രാമഗിരി, ജലമംഗലം, കൊല്ലേകാൽ ഇവിടങ്ങളിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നതായി **Gonarin** പറയുന്നു.

ചിങ്കൽപേട്ടയിൽ നിന്നു് ഉത്തരമല്ലൂർക്കുള്ള വഴിയിൽ പാലാർനദിയുപ്പുറത്തു്കൽകൂട്ടത്തിൽ, ഒരുകല്ലിന്റെ അടിവശത്തു് ഒരു കുരിശു കണ്ടതായി 1921-ൽ **Msgr. Jouvear—Dubreecil** ഫാ. ഹോസ്റ്റനോടു പറയുകയുണ്ടായി.

യദൃച്ഛയാ കണ്ടുകിട്ടിയ പാത്രമാണിതെല്ലാം. ഇനി എത്രയേറെ മറഞ്ഞുകിടക്കുന്നു.?

14 ബീഹാർ സാമ്രാജ്യത്തിന്റെ തെക്കുഭാഗത്തു് ഹസാരി ബാഗിനടുത്തു് ഒരു കൽക്കരിഖനി **Dhori or Bokaru coalnune** 195-ൽ തുറക്കുകയുണ്ടായി. മീതെയുള്ള മണ്ണു രണ്ടടി മാറ്റിയപ്പോൾ 10അടി ഘനത്തിൽ ചിങ്കൽപാറയും അതു വെട്ടിമാറ്റിയപ്പോൾ ഭൂനിരപ്പിൽനിന്നു് 15-അടി ആഴത്തിൽ കല്ലുരൂപും കണ്ടുകിട്ടി. കൽല്ലുരി വെട്ടിക്കൊണ്ടിരിക്കുമ്പോൾ പിക്കാസു് ചെന്നു കൊണ്ടതു് രണ്ടു പ്രതിമകൾ ഒന്നിച്ചിരുന്നതിൽ ഒന്നിനേലാണു്. അതിൽ ഒന്നിന്റെ ഫോട്ടായാണു് ഇവിടെ ചേർത്തിരിക്കുന്നതു്. ഇതുസംബന്ധിച്ചു് 1956- ഡിസംബർ മാസ



ഖനിമാതാവു്

ത്തിലെ കർമ്മലകുസുമത്തിൽഫാ.ജോൺവിയാനി ഒരു ലേഖനമെഴുതിയിട്ടുണ്ടു്. ഇങ്ങനെ കൽക്കരിലയറിനുള്ളിൽ കൊത്തുരൂപം ചെന്നുപറ്റിയതു് വല്ല ഭൂകമ്പത്താലോ മറേറാ ആകാനേ തരമുള്ളു. കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളായി അത്തരമൊരു ഭൂചലനം ബീഹാറിൽ ഉണ്ടായതായി ചരിത്രം പറയുന്നില്ല. വളരെ മുമ്പു നടന്ന സംഭവമായിരിക്കണം. അന്നു് അവിടെ പള്ളിയുണ്ടായിരുന്നു എന്നു തെളിയുന്നു.

ഇപ്പോൾതന്നെ വളരെ എണ്ണം നാം കണ്ടുകഴിഞ്ഞു. യാദൃച്ഛികമായിട്ടിതുയും, ഇനി എത്രയെണ്ണം ഭൂഗർഭത്തിൽ മറഞ്ഞുകിടക്കുന്നു. ഇൻഡ്യയിൽ അങ്ങോളമിങ്ങോളം ക്രൈസ്തവസമൂഹങ്ങളുണ്ടായിരുന്നു എന്നകാര്യം തീർച്ചയാണു്. ക്രൈസ്തവരിൽ വളരെ എണ്ണം സംഹരിക്കപ്പെട്ടിരിക്കണം. മതത്യാഗവുമുണ്ടായിക്കാണണം. എന്നാൽ ഏറ്റവുമധികമായിട്ടുണ്ടായതു് കാലാന്തരത്തിലുണ്ടായ അജ്ഞതയും തന്മൂലം ക്രിസ്തുമതപരമായ ആശയങ്ങൾ മങ്ങിമ

നസ്രാണി

സമുദായ മൊസയിക്ക്

നായന്മാരും മറും. പലതുകൊണ്ടും നമ്മോട് വളരെ അടുത്തുവരുന്നവരാണ്. വളരെ മൈത്രിയിൽ നൂറാണ്ടുകൾ കഴിഞ്ഞുപോന്നതാണ്. അസുഖത്തിൽ ഒരു സ്ഥാനവുമില്ല. തിരുവിതാംകൂർഗവണ്മെൻറിന്റെ വിവേചനപരമായ നയത്തിനെതിരായിനീങ്ങേണ്ട ആവശ്യമുണ്ടായപ്പോൾ അവശതയനുഭവിച്ചവർ ഒരുമിച്ചുകൂടി. അവക്കെതിരായി ഗവണ്മെൻറ് സർവ്വീസ് സൊസൈറ്റിയെ കരുവാക്കി. അതുനിമിത്തം ചില അസുഖങ്ങൾക്കിടയായി. നായർ സമുദായത്തോട് ഒരു വല്ലായ്മയും കാരണമില്ല.

ങ്ങി ഇന്നത്തെ ഹിന്ദുസമൂഹം രൂപമെടുത്തതുമായിരിക്കണം എന്നു് ന്യായമായി നമുക്കൂഹിക്കാം.

രാമാനുജത്തിന്റെ എഴുത്തുകൾ ശ്രീകൃഷ്ണനെപ്പറ്റി പറയുന്ന കഥകൾ, കബീറിന്റെ പഠനങ്ങൾ —ഇവ ക്രിസ്തീയ ആശയനിബിഡമായിരിക്കുന്നു എന്നിങ്ങനെയുള്ള കാര്യങ്ങളെപറ്റി ഗ്രീർഡൺ എന്ന പണ്ഡിതൻ ലണ്ടനിലെ ഏഷ്യാറ്റിക്ക സൊസൈറ്റിയിൽ ചെയ്ത പ്രസ്താവന ഫാ. ഹോസ്റ്റൻ ഉദ്ധരിക്കുന്നുണ്ട്. നിഷ്പക്ഷമായും യുക്തിപൂർവ്വമായും നമുക്കു് എത്തിച്ചേരാവുന്ന അനുമാനം ഇതായിരിക്കും. ഇൻഡ്യയിലെ ക്രിസ്തുസഭ അനാഥയായതിന്റെ ഫലമായി അജ്ഞാനമതത്തിൽ ക്രമേണ മുങ്ങിപ്പോയി. ബുദ്ധമതം ബ്രാഹ്മമതത്തിൽ ലയിച്ചു പോയ കാര്യം, ചരിത്രം നമ്മെ അനുസ്മരിപ്പിക്കുന്നുമുണ്ട്. തീരപ്രദേശത്തു് അതും പശ്ചിമ തീരത്തുമാത്രം അവശേഷിച്ചവരാണു് വിദേശികൾ കണ്ടുമുട്ടിയ തോമ്മാനസ്രാണികൾ. പാശ്ചാത്യർക്കു പരിചയമില്ലാഞ്ഞിട്ടും, കൂട്ടുതലായി മത്സരവും വൈരാഗ്യവും കൊട്ടമ്പിരികൊള്ളുകയും ചെയ്തപ്പോൾ "നെസ്തോറിയന്മാരും പാഷണ്ഡികളു"മായി സാമ്രാജ്യശക്തികളോടും ലോകമാകെ കെട്ടുപാടുള്ള സംഘടനകളോടും ജീവിക്കാൻ അസാദ്ധ്യമായിരുന്നതുകൊണ്ടു് നമ്മുടെ ദൃഷ്ടിയിൽ തീണ്ടാരായിട്ടില്ല. ഇന്ത്യൻസഭയുടെ പരാധീനം മാറിയിട്ടുമില്ല. ഇന്ത്യ രാഷ്ട്രീയ സ്വാതന്ത്ര്യം പ്രാപിച്ചശേഷം പാശ്ചാത്യസഭയുടെ മിഷ്യനറിമാരാണു് അതിശക്തിമത്തായി നമുക്കെതിരായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർ.

(ഫാ. ഹോസ്റ്റൻ അവർകളുടെ ഗവേഷണങ്ങളിൽ നിന്നും മറും.)

ഈഴവർ നാം അവരുടെസംരക്ഷകരും അവർ നമ്മുടെ സംരക്ഷകരുമായിരുന്നു. മറെറാരു സമുദായക്കാരുമായുമില്ലാത്ത ഒരു അടുപ്പമാണു് പൗരാണികകാലം മുതലുണ്ടായിരുന്നതു്. സ്വാതന്ത്ര്യവും പുരോഗമനവുമെല്ലാം ചരിത്രഗതിയാണു്. അങ്ങനെ അവർ ഇന്നു സ്വയം പര്യാപ്തരായിക്കൊണ്ടിരിക്കുന്നു. എന്നുവരികിലും ദീർഘകാല അടുപ്പത്തിന്റെ പ്രതിഫലനം ഇന്നും കാണാം. അവശതാപരിഹാരത്തിനു് കമ്യൂണിസമാണു മാർഗ്ഗമെന്നു ധരിച്ച അവരിൽ ചിലർ, നമ്മുടെ കമ്യൂ. വിരുദ്ധനിലനിർത്തും അകന്നിരിയ്ക്കാം. എന്നാൽ അതു് ഈഴവസമുദായമെന്നനിലനിൽ കരുതരുതാത്തതാണു്. മറു സമുദായങ്ങളിലും ആ നിലപാടുകാരുണ്ടായിരുന്നു. അതുകൊണ്ടു് പണ്ടിനാൽ നിലനിന്നിരുന്ന അടുപ്പം കാലോചിതമായി രൂപം പ്രാപിക്കട്ടെ. പരസ്പര ആത്മാർത്ഥതയ്ക്കു് കുറവു വരാൻ പാടില്ല.

പിന്നോക്കക്കാരായ മറെറല്ലാവിഭാഗക്കാരും. ഓരോ തരത്തിൽ നമ്മോടു് അടുത്തവരാണു്. ഇന്നും ആദരവും അടുപ്പവും സേവനസന്നദ്ധതയും എല്ലാം പരസ്പരം പ്രയോജനപ്രദങ്ങളാണു്

ലത്തീൻകത്തോലിക്കർ കത്തോലിക്കസമുദായം എന്നതന്നെയാണു് പറഞ്ഞുപോരുന്നതു്. ആ സ്ഥിതിക്കു് കാര്യമായ വിഷമതയൊന്നും ഉണ്ടാകേണ്ടതല്ല. എന്നാൽ വ്യത്യാസം ഉണ്ടുതാനും. ഈ വ്യത്യാസങ്ങളോടുകൂടിതന്നെ നാം അവർക്കു് സേവനവും നേതൃത്വവുമൊക്കെ കൊടുത്തിട്ടുണ്ടു്. വളരെ ആത്മാർത്ഥതയോടെ ഒത്തുപോയിട്ടുമുണ്ടു്. വല്ല അസുഖത്തിനുമിടവന്നിട്ടുള്ളതു് പാതിരിമാർ ഇടംകോൽ തിരുകിയപ്പോൾ മാത്രമാണു്.

പുത്തൻകൂറുകാർ നമ്മുടെ മാംസവും മജ്ജയുമായിരിക്കുന്നു. ഒരു സമുദായംരണ്ടുതട്ടിൽ നിലയുറപ്പിച്ചിരിക്കുന്നു. ഒരുവിധം ദീർഘമായിട്ടിങ്ങനെ നിന്നുപോന്നതുകൊണ്ടുള്ള അകൽച്ചമാത്രം. രണ്ടെന്നു തെറ്റിദ്ധരിച്ചുകൊണ്ടു വല്ലവരും ചെയ്ത പാകക്കേടുകൾ കണ്ടില്ലെന്നുവയ്ക്കാനേയുള്ളൂ.

സുറിയാനികത്തോലിക്കർ എന്ന പേരർഹിക്കുന്ന രണ്ടുവിഭാഗങ്ങൾക്കുടെ പഴയകൂറിലെങ്കിലും ഒരു പ്രത്യേക വിഭാഗമാണു് തെക്കും ഭാഗക്കാർ. സാംബവചേരവരും പ്രത്യേകസമുദായം തന്നെ

പുത്തൻകൂറിൽനിന്നു തിരിച്ചുനമ്മുടെ കൂട്ടത്തിൽ വന്നു. എങ്കിലും രീതികൾ നമ്മുടേതിൽ നിന്നു വ്യത്യാസം— **റീത്തുകാർ.**

(20-ാം പേജു തുടർച്ച)

ജാതി സാമുദായിക നടപടികൾ ആചരിക്കുന്നവരില്ല....കല്യാണത്തിനു്, മംഗല്യ ഗീതത്തിൽ പറയുന്നതും നമ്പൂരിമാരുടെ ശങ്കര സ്തുതിയിൽ പറയുന്നതുപോലെയാകുന്നു....

നസ്രാണികളെ ഹിന്ദുക്കളിൽനിന്നു തിരിച്ചറിയുന്നതിനു് അവർ ധരിച്ചിരുന്ന കരിശായിരുന്നു പ്രധാനമായലാഞ്ഛനം. അവസ്ഥാനുസരണം സ്വർണ്ണംകൊണ്ടോ വെള്ളികൊണ്ടോ ചിലർ കഴുത്തിലും മറ്റുചിലർ കേശഭാരത്തിലും ധരിച്ചിരുന്നെന്നും പോട്ട്. ഗ്രന്ഥകർത്താക്കളിൽനിന്നു നാമറിയുന്നു. പൊൻകുരിശു കഴുത്തിൽ ധരിക്കുന്ന സമ്പ്രദായം ഇന്നും നിശ്ശേഷം ഇല്ലാതായിട്ടില്ല....

× × × × × ×

പള്ളികൾക്കും കരങ്ങൾക്കും പ്രമാണികൾക്കുമുണ്ടായിരുന്നസംരക്ഷകന്മാരാണു് 'ചാവേർ'മാർ.-നസ്രാണികളുടെ അവകാശം പാലിക്കുവാൻ ചാവുപോലും ഏല്ക്കാൻ സന്നദ്ധരായവർ.

നസ്രാണികൾ തികഞ്ഞ നാവികരും പണവ്യാപാരികളും, ആയുധ വീരന്മാരുമായിരുന്നു. കൊട്ടാരങ്ങളിൽ മന്ത്രിമാരായും സൈന്യവകുപ്പിൽ നേതാക്കന്മാരായും സേവനമനുഷ്ഠിച്ചിരുന്നു. 30000 വരുന്ന ഒരു സേനാവ്യൂഹത്തെ സദാ കരുതിയിരുന്നു.

ഉദയമ്പേരൂർ സൂനഹദോസിനു വളരെമുമ്പുതന്നെ കരളത്തിലുണ്ടായിരിക്കയും, സൂനഹദോസിൽ കാര്യമായപങ്കുവഹിക്കുകയും, അതിനുശേഷം അങ്കമാലിയെ മെത്രനായിത്തീരുകയും ചെയ്ത ഫാ. റോസ് പറയുന്നു,നസ്രാണികൾ ഉത്തമകത്തോലിക്കരായിരുന്നുവെന്നു്. ഇതിനുവിപരീതമായി, അവർപാഷണ്ഡികളായിരുന്നെന്നു പറയാൻതുടങ്ങിയതാണു് അവകാശം? എന്താണു് തെളിവു്? സൂനഹദോസിനു തൊട്ടുമുമ്പ് കത്തോലിക്കവിശ്വാസം സ്വീകരിച്ചെന്നുപറയുന്നവർ അവരുടെ ആഗ്രഹപ്രകടനം നടത്തുകയല്ലേ? എന്നാൽ കൊച്ചിയിലെ ജസ്യൂട്ട് റെക്ടറായിരുന്ന ഫാ, ഫ്രാൻസിസ്കിയനിസ് യോ S. J. 1573ൽ എഴുതിയതിങ്ങനെയാണു്:

ക്രിസ്ത്യാനികൾ സാമാന്യമായി നിഖ്യാസൂനഹദോസിന്റെ എല്ലാവകുപ്പുകളിലും, ദൈവാലകളുടെസമർപ്പണത്തിലും, മിശിഹായിൽ രണ്ടു സ്വഭാവങ്ങളും ഒരാളുംഎന്നതിലും വിശ്വസിക്കുന്നു. അങ്ങിനെതന്നെയാണു് മെത്രാപ്പോലിത്തായും അക്കാര്യമായിക്കോണ്ടും സ്വീകരിച്ചിരിക്കുന്നതു്. അവർ പാപ്പായെ നമ്മുടെ രക്ഷകൻ മിശിഹായുടെ ഭൂമിയിലെ പ്രതിനിധിഎന്നുംഅവരുടെ പാത്രിയർക്കീസിനെ പാപ്പായുടെവിധേയനും പാപ്പാവഴി അധികാരങ്ങൾ പ്രാപിക്കുന്നവനുമായി പരിഗണിക്കുന്നു. ലിസ്ബണിലെ ഗ്രന്ഥശേഖരത്തിൽനിന്നും അടുത്തകാലത്തു് പുറത്തുകൊണ്ടുവന്ന ഒരു രേഖയാണിതു്.

ഉദയമ്പേരൂരിനു് 13കൊല്ലംമുമ്പു് റോസ്, 26കൊല്ലംമുമ്പു് ദിയനോസിയോ, 50കൊല്ലംമുമ്പു് ശെമവ്യാർപുന്യവാൻ, അതിനുമുമ്പു് ഒന്നൊഴിയാതെസകലപരികർമ്മികളും സാക്ഷിച്ചു നസ്രാണികൾ കത്തോലിക്കരാണെന്നു്. സൂറിയാനിമെത്രാനോടു് അനുഭാവരഹിതമായാണു് രാഷ്ട്രാധികാരികൾ പെരുമാറുന്നതെന്നു് ശെമവ്യാർപുന്യവാൻ പോലും പോർത്തുഗൽ മഹാരാജാവിനു് പരാതികളയച്ചു. പള്ളിയിൽ കയറുകയും,പ്രസംഗിക്കയും,കുർബാനകൊടുക്കയും, ഭരിക്കയും, കുട്ടികളെ പട്ടത്തിനു പഠിപ്പിക്കയും, മറ്റുമെല്ലാം ചെയ്യുന്നു് നസ്രാണികൾ നെസ്തോറിയരായിരുന്നതുകൊണ്ടാണോ? കവർച്ചചെയ്യാൻ ഒരുന്യായം കണ്ടുപിടിച്ചെന്നുമാത്രം. ഇങ്ങനെ ഒരാരോപണം, ലോകചരിത്രത്തിൽആപത്തുമാണു്, മനുഷ്യത്വത്തിനു നിരക്കാത്തതുമാണു്.

× × × × × ×

തല്ലാലമെന്നു പറഞ്ഞുതുടങ്ങിയ ലത്തീൻഭരണം 50വത്സരംകഴിഞ്ഞിട്ടും അവസാനിക്കാത്തതിൽ അതൃപ്തിജനിച്ചുതുടങ്ങി. പോർത്തുഗീസുകാരുടെ രാഷ്ട്രീയശക്തിപ്രഭാവം കൊണ്ടാണു് മാപ്പുപ്പായുടെ തന്നെഇഷ്ടത്തിനെതിരായി കാര്യങ്ങൾ നീങ്ങുന്നതു് എന്നുമനസ്സിലാക്കാൻ പ്രയാസമില്ലായിരുന്നു. മാപ്പുപ്പായുടെ അനുമതിയോടെ അയയ്ക്കപ്പെട്ടന്ന മെത്രാന്മാരെ അന്യായമായി തടയുകനിമിത്തമാണു് തങ്ങൾക്കുസ്വന്തം മെത്രാനെ കിട്ടാത്തതെന്നു് നസ്രാണിസമുദായം വിശ്വസിച്ചുതുടങ്ങി. അതു വാസ്തവുമായിരുന്നു.

ഉദയമ്പേരൂരും മെനേസീസും വരുത്തിവച്ച ഏടാകൂടങ്ങൾ വിവരണാതീതം തന്നെ. 300വർഷത്തെപ്രക്ഷോഭണത്തിനും, സമുദായം രണ്ടായും പിന്നീടു് പലതായും പിളരുന്നതിനും ഇടയായി

അടിപതറാതെയുള്ള നീക്കം. ക്ഷമയും ത്യാഗവും ഹൃദയവേദനയും! സമുദായത്തെ പിളർന്നുകളഞ്ഞവരോടുള്ള ഒടുങ്ങാത്ത അമർഷവും വാശിയും!!

പഴയകൂറുകാരുടെ പരിവർത്തനങ്ങൾ സഭയുടെകേന്ദ്രത്തോടുള്ള ബന്ധത്തിനു് കേടുവരാത്തവിധത്തിലായിരുന്നു അതിനാൽ സ്ഥൈര്യക്കുറവുണ്ടായില്ല പുത്തൻകൂറുകാർക്കു് ഈ വടക്കുനോക്കിയും നഷ്ടബോധമില്ലാതെപോയി. അതിന്റെ ഒരനുഭവമാണു് ഇന്നുകാണുന്നതു്

നസ്രാണി

നസ്രാണി നവജീവപരിഷത്ത് ഉൽഘാടനവും
മലങ്കര ഇൻസ്റ്റിറ്റ്യൂട്ട് ആരംഭവും.
1962 നവംബർ 21.

കാഞ്ഞിരക്കാട്ട് പി. എം. ജോസഫ്, കിഴക്കടിയൂർ, പാല.

Printed at the K C. M. Press, Ernakulam.

നസ്രാണിനവജീവൻ

കഴിവുകൾ മുറ്റി നിൽക്കുന്ന ഒരു സമുദായം. ഇതു പോലെയുള്ള അവഗണനകൾ എത്രനാൾ ക്ഷമിക്കണം? അവിടവും കഴിഞ്ഞു് തുടരെ തുടരെ അനീതി സഹിക്കേണ്ടി വരുമ്പോൾ രക്ഷാമാർഗ്ഗം കാണാൻ തുടങ്ങുകയായി. സമുദായ നേതൃത്വം സംബന്ധിച്ചു് ഇപ്പോൾ കാണുന്ന ഉണർവ്വു് ഇതാണു്. നേതൃത്വഗുണമനുഭവിക്കുന്ന വിഭാഗങ്ങളെ അനുകരിക്കാൻ തോന്നുകയും ചെയ്യും. എൻ. എസ്സു്. എസ്സും. എസ്സു്. എൻ. ഡി. പി യുമാണു് പലരും എടുത്തുകാണിക്കുന്നതു്. എന്നാൽ ആ രണ്ടു സമുദായങ്ങളോടു് കത്തോലിക്കരെ തുലനം ചെയ്യുന്നതു് കണ്ണുതുറന്നു നോക്കാത്തതുകൊണ്ടാണു്. സമുദായം നശിച്ചിരിക്കുന്നു, രക്ഷപെടാൻ ഒരു മാർഗ്ഗവുമില്ല എന്ന ബോദ്ധ്യത്താൽ നിരാശച്ചുഴിയിൽ കിടന്നു് ജീവന്മരണ പരിഭ്രാന്തിയിൽ മുച്ചൂടു വന്നതാണവ. ബുദ്ധിമുട്ട സഹിച്ചും, തന്ത്രപൂർവ്വവും, ക്ഷമയോടെ ദീർഘകാലത്തെയ്ക്കു് ഏതാനും വ്യക്തികൾ ജ്വരം പിടിച്ചു് പണിയെടുത്തതിന്റെ ഫലമാണു് പ്രസ്തസംഘടനകൾ. അതു പലരും ഓർക്കുന്നില്ല. കത്തോലിക്കർക്കു് എന്തു വന്നാലും പേടിക്കാനില്ല എന്നു ബോദ്ധ്യമുള്ളപ്പോൾ പിന്നെയെങ്ങനെയാണു് ഇതുപോലെ ജ്വരമുണ്ടാകുക? പോരെങ്കിൽ തനിക്കുതാൻ പോരുന്നവരായിട്ടാണു് നാമൊക്കെ കഴിയുന്നതു്. അതങ്ങനെ.

പിന്നെ ഏതടിസ്ഥാനത്തിൽ "കത്തോലിക്കസമുദായം" എന്നുപറയും? മാമ്മോദീസായുടെ ഐക്യം പോലെ മനുഷ്യരെ തമ്മിൽ അടുപ്പിക്കുവാൻ വേറൊന്നില്ല. എങ്കിലും ക്രൈസ്തവ സമൂഹങ്ങൾ ശുദ്ധഭാവത്തിൽ കഴിഞ്ഞു പോരുന്നുണ്ടു്. അകത്തോലിക്കരുടെ കാര്യത്തിൽ അറിവു കുറവെന്നോ മറ്റോ വല്ല ഒഴിവും പറയാമെന്നു വയ്ക്കുക. ഭിന്നിച്ചു മാറി എന്ന ന്യായം മാത്രം കൊണ്ടു മാത്രം അവരെ അന്യരെപ്പോലെയല്ലേ കരുതിപ്പോരുന്നതു്? മാമ്മോദീസായുടെ ഐക്യത്തെ ഇങ്ങനെ കരുതുന്നവർ കത്തോലിക്കാവിശ്വാസം മനസ്സുകൊണ്ടു മാത്രം ഒരു സമുദായമാകുമെന്നു് എങ്ങനെ പറയും, ആചാരാനുഷ്ഠാനങ്ങളും സംസ്കാരനിലവാരങ്ങളും ഡംഭങ്ങളും പോലെ അകന്നു നില്ക്കുമ്പോൾ? കത്തോലിക്ക സമുദായങ്ങൾക്കു് പലപ്പോഴും അന്യസമുദായങ്ങളെക്കാൾ കത്തോലിക്കരെത്തന്നെയാണു് ഭയപ്പെടേണ്ടി വന്നിട്ടുള്ളതു്. ലോകചരിത്രവും നാട്ടുചരിത്രവും വേണ്ടുവോളം ഉദാഹരിക്കും. അതുകൊണ്ടു് 'കത്തോലിക്കർ' പലസമുദായങ്ങളാണെന്നകാര്യം മറച്ചുവച്ചിട്ടു ഒരു കാര്യവുമില്ല. "ഈഴവരും നായന്മാരും ഹിന്ദുക്കളാണെങ്കിലും ഒരു സമുദായമായി ഗണിക്കപ്പെടാത്തതുപോലെ, ലത്തീൻ കത്തോലിക്കരും സുറിയാനികത്തോലിക്കരും വെവ്വേറെ സമുദായങ്ങളാണു്" എന്നു് മന്ത്രിസഭയിൽ പ്രാതിനിധ്യം ലഭിക്കാൻ മുഖ്യമന്ത്രിക്കു കൊടുത്ത നിവേദനത്തിൽ ലത്തീൻ കത്തോലിക്കർ പ്രസ്താവിച്ചിരുന്നു. ജാതി അടിസ്ഥാനത്തിലാണു് സമുദായ തിരിവു്. കത്തോലിക്കസമുദായം, കത്തോലിക്കസമുദായം എന്നു് ഇനിയും ആവർത്തിക്കുന്നതിന്റെ അർത്ഥമെന്തു്? ഓരോ വിഭാഗത്തിനും അതിന്റെതായ സമുദായ സംഘടനയോ സംഘടനകളോ വേണം കാര്യനടപ്പിനു്. ആദ്യ സഭയിൽപ്പോലും യൂദർക്കും യവനർക്കും വേറെ വേറെ ശുശ്രൂഷകരെ (ഡീക്കൻ. മിനിസ്റ്റർ) വയ്ക്കേണ്ടിവന്നു. അതു് അവർ വ്യത്യസ്ത സമുദായങ്ങളായിരുന്നതു കൊണ്ടാണു്. ഇതാണു് ഇന്നും സഭീകരിക്കേണ്ട പ്രായോഗിക വീക്ഷണം. അങ്ങനെ വരുമ്പോൾ ഒരു പ്രത്യേക സമുദായമായി കഴിഞ്ഞു പോരുന്ന നമുക്കു്—നസ്രാണികൾക്കു്—ഒരു സംഘടന ഇന്നു് അത്യാവശ്യമായിത്തീർന്നിരിക്കയാണു്. കത്തോലിക്കസ്ഥാപനങ്ങൾ, കത്തോലിക്ക സംഘടനകൾ, കത്തോലിക്ക പ്രസിദ്ധീകരണങ്ങൾ—ഇവയിലെ കത്തോലിക്ക പ്രയോഗം എത്ര മാത്രം തെറ്റിദ്ധാരണയ്ക്കാണിടകൊടുത്തിട്ടുള്ളതും കൊടുത്തു കൊണ്ടിരിക്കുന്നതും? ഭരണാധികാര സ്ഥാനങ്ങളിൽത്തന്നെയും ഉള്ളവരായിരിക്കുന്ന ധാരണ നാം ശരിക്കു മനസ്സിലാക്കിയിട്ടില്ല. കത്തോലിക്കർ എന്നു വച്ചാൽ അവർ ശ്രീയേശുക്രിസ്തുവിന്റെ ആംഗ്ലോഇന്ത്യർ, വിദേശ സംസ്കാരത്തോടും സംഘടനയോടും ഒട്ടിനിൽക്കുന്നവർ എ

ന്നൊക്കെയാണ് എന്നു് ഇന്നിയെങ്കിലും നാം അറിയാത്തതു് വലിയ തരക്കേടുതന്നെയാണ്. നസ്രാണി സമൂഹത്തിൽ നിന്നു പിരിഞ്ഞു പോയ വിഭാഗങ്ങൾക്കു് പ്രത്യേകം പ്രത്യേകം പേരുള്ളതുകൊണ്ടു് പഴക്കാരുകാരായ നമ്മുടെ പേരായിത്തന്നെ **നസ്രാണി** അവശേഷിക്കുന്നു.

ചരിത്രപശ്ചാത്തലത്തിൽക്കൂടി മാത്രമെ നിലവിലുള്ള പ്രശ്നങ്ങൾ മനസ്സിലാക്കാൻ സാധിക്കൂ. മൻകാചരിത്രം ഓരോസമുദായത്തിനും ഓരോന്നാണു്. എല്ലാ സമുദായങ്ങൾക്കും അവരവരുടെ അഭിമതം ലഭിക്കണം. വലിപ്പമനുസരിച്ചും കഴിവനുസരിച്ചുമുള്ള അഭിമതമുണ്ടായി വാദിയ്ക്കാം. അതിലാക്കും പരിഭവിക്കാനില്ല. അന്യതൊന്നൊപ്പം ഇതരരുടെ അഭിമതങ്ങളെ തടയരുതു്, പിടിച്ചെടുക്കരുതു്, ചൂഷണം ചെയ്യരുതു്. സഹവർത്തിത്വം എന്തുകൊണ്ടു് ഇവിടെയും പ്രവൃത്തിയിലാക്കിക്കൂടാ? അന്തർദ്ദേശീയ രംഗത്തു് രാഷ്ട്രങ്ങൾ എങ്ങനെയോ ഏകദേശം അതുപോലെയാണു് രാഷ്ട്രത്തിനുള്ളിൽ സമുദായങ്ങൾ. ചെറുതും വലുതുമായവയുടെ അവകാശങ്ങൾ അംഗീകരിക്കപ്പെടണം. ഓരോ വിഭാഗക്കാർക്കും അവരവരുടെ കാര്യം നോക്കാം—തനിച്ചുനോക്കേണ്ടതു് തനിച്ചും, ചിലർക്കുമാത്രം താല്പര്യമുള്ളവ അവർ തമ്മിൽ സഹകരിച്ചും, പൊതുപ്രധാന്യമുള്ളവ എല്ലാവരും ഒത്തൊരുമിച്ചു് സഹകരിച്ചും. രാഷ്ട്രീയസാമൂഹിക കാര്യങ്ങൾക്കു് ജാതിമതവ്യത്യാസമില്ലാതെ എല്ലാവർക്കും അംഗത്വമെടുക്കാവുന്ന സംഘടനകളുണ്ടു്. മതപരമായ കാര്യങ്ങളിൽ കത്തോലിക്കരെ സംബന്ധിച്ചിടത്തോളം മേലദ്ധ്യക്ഷന്മാരും അവരുടെ കോൺഫറൻസുകളും, സഭയിലെ കേന്ദ്രഭരണാധിപപ്പട്ടങ്ങൾമെൻറുകളുമെല്ലാമുണ്ടു്. തനിസാമുദായികകാര്യങ്ങൾ നോക്കാനാണു് ആളില്ലാതെ വന്നിരിക്കുന്നതു്. അതെപ്പറ്റി ആരും അഭിപ്രായം പറഞ്ഞുകേൾക്കുന്നുമില്ല. ആദ്യസഭയിൽ ലൗകികകാര്യങ്ങൾ നടത്താൻ ശുശ്രൂഷകരെ നിശ്ചയിച്ചിരുന്നെങ്കിൽ ഇന്നു് ഈ ലൗകികകാര്യങ്ങൾക്കു് സംഘടനകളാണു് ഉള്ളതു്. എല്ലാകത്തോലിക്കർക്കും കൂടെ ഒരു സംഘടന വേണം എന്നു പറയുന്ന ചിലർ. എല്ലാവർക്കും പൊതുവായ കത്തോലിക്കകോൺഗ്രസ് നിലവിലുള്ളപ്പോൾ അതിൻറെ സ്ഥാനത്തു് അതുപോലെ വേറൊന്നുണ്ടായിട്ടു് എന്തുചെയ്യാനാണു്? കത്തോലിക്കകോൺഗ്രസ് പ്രയോജനമില്ലാത്തതാണെന്നു കാണുന്നെങ്കിൽ അതു നിർത്തിക്കളയുക. അരനൂറ്റാണ്ടുകാലത്തെ പരീക്ഷണം കഴിഞ്ഞിട്ടും കത്തോലിക്കകോൺഗ്രസ് എവിടെ പരാജയപ്പെട്ട എന്നു മനസ്സിലാകുന്നില്ലെങ്കിൽ അത്തരം വേറൊരു സംഘടനയുണ്ടാക്കാൻ നേരം കളയണമോ? ശ്രുതാടിസ്ഥാനത്തിലുള്ള കത്തോലിക്കകോൺഗ്രസ്സിൻറെ പുതിയസംവിധാനം ആഭ്യന്തരവാദികൾക്കും പ്രയോഗജ്ഞാനികൾക്കും തൃപ്തികരമായ ഒരു നീക്കമാണു്. പ്രാദേശികമോ വിഭാഗീയമോ ആയ താല്പര്യങ്ങളും പൊതുവായ താല്പര്യങ്ങളും ഒരുപോലെ നോക്കാൻ പറ്റിയ മാർഗ്ഗമിതാണു്. മനസ്സുവച്ചു പ്രവർത്തിക്കയേ വേണ്ടൂ.

പക്ഷെ കത്തോലിക്കകോൺഗ്രസ് മതിയായ സമുദായസംഘടനയായി പ്രവർത്തിച്ചു മുന്നേറുമെന്നു് ഇന്നിയും ഉറച്ചിരിക്കാമോ? അതു് കാലം തെളിയിച്ചുതരുമെന്നു് സമാധാനിക്കാം. എന്നാൽ അതിനിടയ്ക്കു് അത്യാവശ്യസ്വഭാവത്തോടുകൂടിയ ചില കാര്യങ്ങൾ സാധിക്കുവാനുണ്ടു്. നസ്രാണി സമുദായത്തിനു് അതിൻറെതായ വ്യക്തിത്വമുണ്ടെന്നും സ്വതാൽപര്യങ്ങൾ സംരക്ഷിക്കുവാൻ ചില കാര്യങ്ങളിലെങ്കിലും തനിച്ചു നിൽക്കേണ്ടതാവശ്യമാണെന്നും കരുതുന്നവരുണ്ടു്. ചങ്ങനാശ്ശേരി, പാലാ, കോതമംഗലം, എറണാകുളം, തൃശ്ശൂർ, തലശ്ശേരി എന്നീ ആറു വൈദികയൂണിറ്റുകളിലായി ഇടയന്മാരുടെ നോട്ടത്തിൽ കഴിയുന്ന പതിനാലുലക്ഷം ആളും തണ്ടലക്ഷം വീടുമാണുള്ളതു്. അനാഥരായി ഇൻഡ്യയുടെ പലഭാഗങ്ങളിൽ ചിതറിക്കിടക്കുന്നവരായി ഒരു നല്ലസംഖ്യ വേറെയും. നേതാക്കന്മാർ സമുദായത്തിനു നേതൃത്വം കൊടുക്കുന്നില്ല; നേതൃത്വമുണ്ടായി കാണുവാൻ ആഗ്രഹിക്കുന്നവർ സമുദായത്തിൻറെ വ്യക്തിത്വം മറന്നു സംസാരിക്കുന്നതായും കാണുന്നു. ഇപ്പോഴത്തെ നിലയിൽ തുടരട്ടെ എന്നുവച്ചാൽ കാര്യങ്ങളൊന്നും നേരെയാകയില്ല; ഒന്നിനൊന്നു് ഇടിഞ്ഞുകൊണ്ടിരിക്കുകയേ ഉള്ളൂ. അതുകൊണ്ടു് കണ്ണുതുറന്നു് കാര്യത്തെ സമീപിക്കുക. മനുഷ്യൻറെ ആവശ്യങ്ങൾ നടക്കണം കൂടുംബങ്ങൾ കഴിഞ്ഞുപോകണം. സമുദായത്തിനു പുരോഗതി ഉണ്ടാകണം. സ്വയരക്ഷയ്ക്കു വഴിനോക്കണം. നയിക്കാൻ ആളുണ്ടാകണം മൻകാലങ്ങളിൽ അതിപ്രഗത്ഭരായ നേതക്കന്മാരുണ്ടായിരുന്നെങ്കിലും അവരുടെകഴിവുകൾ മിക്കവാറും പ്രതിരോധനത്തിനാണു് ചെലവാക്കേണ്ടിവന്നതു്. ഏ

കാലാകാലങ്ങളിലായി നിലനിന്നു പോന്നിരു
ന്ന നമ്മുടെ നിലയും വിലയും ഇന്നെവിടെ? എന്തി
നുപകരിക്കുന്നു.? നേടിത്തന്നതു് സൂക്ഷിക്കുവാൻ കൂ
ടെ അറിഞ്ഞുകൂടാ. "പൊന്തിങ്ങമിട്ട നായന്മാർ" എന്നു
കത്തോലിക്ക M. L. A. മാരെ വിളിക്കേണ്ടിവന്നി
രിക്കുന്നു. നേതൃ വേഷം കെട്ടി നടക്കുന്നവരെ കണ
ക്കിലെടുക്കേണ്ട. സാക്ഷാൽ നേതാക്കൾ എന്നു കരു
തേണ്ടവർ കൂടെ ഭീരുക്കളാകയും ആവശ്യനേരത്തു്
കൈ മലർത്തുകയും ഇതര സമുദായ നേതാക്കന്മാരുടെ
തണലുപിടിക്കയും ചെയ്യുന്നതുകാണുമ്പോൾ ലജ്ജ
യുടെയും കോപത്തിന്റെയും വികാരങ്ങൾ മത്സരിച്ചു
മുന്നോട്ടുവരികയാണു്. അമരാവതിയിൽ കേട്ട വട
ക്കനച്ചന്റെ സ്വരം ഒരു നേതാവിന്റെതായ രുന്നു.
നട്ടപിടിപ്പിച്ചതൊക്കെ പുഴുതെടുക്കയും പൂരയ്ക്കു
തീവയ്ക്കുകയും കൈയ്ക്കുപിടിച്ചു പെരുവഴിയിൽ ത
ള്ളുകയും, ജനനവും മരണവും മരച്ചുവട്ടിൽ നടക്കയും
ചെയ്യുന്നതു് ജനകീയത്തിന്റെയും വെൽഫെയർ
സ്റ്റേറ്റിന്റെയും കാലത്തു ഞെണ്ണോർക്കുക. പ്രായ, വ
ർഗ്ഗ വ്യത്യാസങ്ങൾ നോക്കാതെ മുഖത്തൊഴത്തിലടിച്ചു
തും നനഞ്ഞു നരകിച്ചതും കണ്ടിട്ടു് ചോദിക്കാനാരു
മുണ്ടായില്ല.! ആയിരക്കണക്കിനു കുടുംബങ്ങളെ പെരു
വഴിയാധാരമാക്കുന്നതു കണ്ടിട്ടു് ഒരു വികാരവുമുണ്ടാ
കാത്തവർക്കു് സമുദായകാര്യം പറഞ്ഞു നടക്കുവാൻ
അർഹതയില്ലതന്നെ. അർഭാട പ്രകടനത്തിനും പൊരു
ത്തപ്പെടുക്കും കഴിവും നേരവുമുള്ള ഇവരുടെ കണ്ണിൽ
നീരുന്ന പ്രശ്നങ്ങൾ പെടുകയില്ല. "ദൈവമഹത്വത്തി
നു" എന്നുപറഞ്ഞതുകൊണ്ടായില്ല. മനുഷ്യനെ ദൈ
വത്തിങ്കലേയ്ക്കു അടുപ്പിക്കുവാൻ ഉപകരിക്കുമോ എ
ന്നതായിരിക്കും അളവുകോൽ. ദൈവമഹത്വത്തിനു
പകരിക്കുമെങ്കിൽ നാസ്തികനെപോലും അഭിനന്ദനം
തോന്നും. എല്ലാക്കാര്യവും ശാസ്ത്രദൃഷ്ട്യാവീക്ഷിക്കുവാ
ൻ കഴിയുന്ന ഇന്നു്, മനുഷ്യജീവിതത്തെ സംബ
ന്ധിക്കുന്ന തൊഴിലുകളും ഔചിത്യ അനൗചി
ത്യങ്ങളും ബാഹുജനം മനസ്സിലാക്കുന്ന ഇന്നു് നാട്ടിൽ
നടക്കുന്ന കാപടവ്യവും നീചത്വവും ഒഴിഞ്ഞുമാറലും
ഭീരുത്വവുംകണ്ടു് മൂക്കത്തു് കൈവച്ചുപോകും.

സംഖ്യാബലവും സാമ്പത്തികസുസ്ഥിതിയും
സാമാന്യരീതിയിൽ ഒരു സമുദായത്തിന്റെ നല്ല
കാലം കുറിക്കേണ്ടതാണു്. എന്നാൽ ഇവയിലേറെ കാ
ര്യപ്പെട്ട സാംസ്കാരികാവശ്യവും സംഘടിതപ്രവ
ർത്തനത്തിലും ശ്രദ്ധചെല്ലാതിരുന്നതിന്റെ ദുഷ്പ്രഭാ

ല്ലാ സൗകര്യങ്ങളും ഒത്തിണങ്ങിയ ഇരുപതാംനൂറാ
ണ്ടായപ്പോൾ സമുദായം നാഥനില്ലാത്ത നിലയിൽ
ഭാഗിക്കപ്പെട്ടുകയാണുണ്ടായതു്. ഒരു കേന്ദ്രഭരണമി
ല്ലാതെ ശ്രുതകർമ്മം പലതുണ്ടായതിന്റെ ദുഷ്പ്രഭാവ
ങ്ങൾ ഇന്നു നാമനുഭവിക്കുകയാണു്. അഭിപ്രായ
ൈക്യത്തിൽ എത്തുന്നതിനോ ധീരമായനേതൃത്വം
നൽകുന്നതിനോ പ്രാപ്തമാകുന്നില്ല. സമുദായാം
ഗങ്ങൾ വേണ്ടതരത്തിലുള്ള പരിശീലനം ല
ഭിക്കാതെ വളർന്നുവന്നപ്പോൾ ഇന്നത്തെ രാ
ഷ്ട്രീയാവസ്ഥ അനിവാര്യമായും തീർന്നു. സമുദായസേ
വനത്തിനു് സമർത്ഥരായ അംഗങ്ങൾ ഉണ്ടാകണം.
അതിൽക്കൂടുതൽ ആവശ്യമാണു് സമുദായത്തെക്കൊ
ണ്ടു് അംഗങ്ങൾക്കു്: വളരാനും വികസിക്കാനും പ്ര
യോജനമുള്ളവരായി തീരാനും. സ്വാധിനാഥനും നേ
താവും ഇല്ലെന്നുള്ളകുറവു്, ഹൈന്ദവയുടെ മെത്രാപ്പോലീ
ത്തായും അർക്കദിയാക്കോനും വീണ്ടും സ്ഥാനാരോഹി
തരാകുമ്പോൾ മാത്രമെ പരിഹരിക്കപ്പെടുകയുള്ളു. അ
തുവരെ എന്തെങ്കിലും തല്ക്കാലമാശ്വാസം കണ്ടുപിടി
ക്കയേ വഴിയുള്ളു. മാന്നാനത്തെ സന്ന്യാസ സംഘം
മിക്കവാറും സമുദായ സംഘടനയുടെ ജോലിയാണു്
നിർവ്വഹിച്ചിട്ടുള്ളതു്. ഇന്നും മാന്നാനം നമ്മുടെ സം
സ്കാര കേന്ദ്രമായിരിക്കുന്നു. വിവിധ താല്പര്യങ്ങളെ
തമ്മിലടുപ്പിക്കാൻ പറ്റിയ വേറൊന്നില്ലാതായിട്ടാ
ണിതിരിക്കുന്നതു്. ശ്രുതാഘടകങ്ങളെ രൂക്ഷതപ്പെട്ട
ത്താൻ. ഓരോ ശ്രുതയിലും ഓരോ ആശ്രമം സമു
ദായ കേന്ദ്രമായി പ്രവർത്തിച്ചു തുടങ്ങുകയെന്നതു്,
കത്തോ. കോൺഗ്രസിനെ സ്ഥീകരിക്കാവുന്ന ഒരു പ
രിപാടിയാണു്. ഇങ്ങനെ ചില്ലറവിദ്യകൊണ്ടു് സമു
ദായ പ്രവർത്തനം രൂക്ഷതമാക്കാം; സംഘടന ബലിഷ്ഠ
മാകയും ചെയ്യും. അത്യാവശ്യമനപിവാര്യമല്ലാത്ത
സാമ്പത്തിക കഴിവില്ലാത്ത, മുഴുവൻ സമയം ജോലി
ചെയ്യാനാളില്ലാത്ത കത്തോ. കോൺഗ്രസ്, സമുദായ
ത്തെ പ്രതിനിധീകരിക്കാനോ രൂക്ഷതമാക്കാനോ കു
ഴിവുള്ളതായിത്തീരുന്നതല്ല. എല്ലാ സ്ത്രീപുരുഷന്മാരും
അംഗങ്ങളാകണം എന്നു പറഞ്ഞാൽ ആരുടെയും ചെ
വിയിൽ പതിയുകയില്ല. മറിച്ചു്, ഓരോ കുടുംബ
ത്തിനും സംഘടനയിൽ പ്രാതിനിധ്യം ഉണ്ടായി
രിക്കണം, ഓരോ കുടുംബത്തിന്റെ കാര്യവും സംഘട
നയുടെ അജണ്ടയിൽ പെടുകൊണ്ടിരിക്കണം
എന്ന നിർബന്ധമുണ്ടായാലേ തുടരുന്നതു് രണ്ടു വരുന്നു
നിന്നും.

ലമാണ്. ഇന്നു നാം കടിയ്ക്കുന്ന തിക്തകം! ആദർശങ്ങളും വെറും ആശയങ്ങളായിരുന്നാൽ എങ്ങനെ സംസ്കാരം സിദ്ധിക്കും? ചെറുപ്പത്തിൽ മതതത്വങ്ങളും മനഃപ്പാഠമാക്കുന്നതുകൊണ്ടുമാത്രം നാം ക്രൈസ്തവരായി ജീവിക്കയില്ല. അസ്ഥിപഞ്ജരമല്ല പ്രവർത്തിക്കുന്നതു്, മാംസവും രക്തവുമുള്ള മനുഷ്യനേ അതിനു കഴിവുണ്ടാകൂ. സമുദായത്തിന്റെ ഭൂതകാലചരിത്രമറിയാതെ ഭാവിയെ എങ്ങനെ കരുപ്പിടിപ്പിക്കാനാണു്? തത്വങ്ങളിലും ചരിത്രയാഥാർത്ഥ്യങ്ങളിലും വേരുന്നിക്കൊണ്ടാണു് അനുഷ്ഠാനങ്ങളും രൂപംകൊള്ളുന്നതു്. ബുദ്ധിവികാസവും മനോവിശാലതയും വികാരവിശേഷതയും പ്രവൃത്തിമഹാത്മ്യവും അതിൽനിന്നുളവാകുന്ന ആത്മികഉയർച്ചയും നമുക്കുണ്ടാകണം. നമ്മുടെ കുഞ്ഞുങ്ങളെ നമ്മുടെ ആദർശമനുസരിച്ചു് വളർത്തിയെടുക്കാൻ നമുക്കു സാധിക്കുന്നില്ലെങ്കിൽ പിന്നെ ജീവിതലക്ഷ്യം തന്നെ എന്താണു്? സംസ്കാരകർമ്മങ്ങളെ അവയുടെ അർത്ഥവ്യാപ്തിയിലും വിശദാംശങ്ങളിലും മനസ്സിലാക്കാത്തതുകൊണ്ടു് അവ മിക്കവാറും ഒരു അനുഷ്ഠാനം മാത്രമായിത്തീരുന്നു. തൽഫലമായി സംസ്കാരശുഷ്കതയും അതിലും മോശമായി സംസ്കാരശൂന്യതയുമാണു് അവശേഷിക്കുന്നതു്. പൗരാണികരുടെ ദർശനങ്ങളും ആധുനികരുടെ നിരീക്ഷണപരീക്ഷണങ്ങളും ഒന്നുചേർന്നു് മനുഷ്യനെ ഇന്നു് സംസ്കാരകൊടുമുടിയിൽ എത്തിച്ചതായി കരുതുന്നു. പ്രകൃത്യതീതമായവയിൽ എത്രയുപേടത്തക്ക സംഭാവന ക്രൈസ്തവാവിഷ്കരണം പ്രദാനം ചെയ്തിരിക്കുന്നതു് എത്രമാത്രം നമ്മെസംബന്ധിച്ചു് പ്രയോജനപ്രദമാകുന്നുണ്ടു്? ചുരുക്കത്തിൽ, വിശേഷാത്തരമായ ക്രൈസ്തവമൂല്യങ്ങളും നമ്മെ സാരമായിസ്പർശിക്കാതെ പോകുന്നു. കൈവന്നിരിക്കേണ്ട സംസ്കാരവിശേഷം ഇല്ലാതെപോകുന്നു. സാംസ്കാരികമായ ഉണർവുണ്ടാകാത്തിടത്തോളംകാലം, നാം വീണിരിക്കുന്ന കുഴിയിൽ നിന്നു കയറുന്നതല്ല. പുരോഗമനത്തിനോ പ്രതിരോധനത്തിനുപോലുമോ ഉള്ള ശക്തിവിശേഷം ലഭ്യമാകുന്നതുമല്ല. അതിനാൽ പ്രധാനമായും സാംസ്കാരിക വശത്തുകൂടെ പ്രവർത്തിച്ചു് സമുദായസേവനത്തിനു സന്നദ്ധരാകേണ്ടിയിരിക്കുന്നു. 16-ാംനൂറ്റാണ്ടിൽ ഇംഗ്ലണ്ടിലുണ്ടായ മതതത്വാഗതത്തെപ്പറ്റിപ്രതിപാദിക്കവെ മാക്ഗോൾഡ്രിക്ക് ഇങ്ങനെ പറഞ്ഞിരിക്കുന്നു: "ശരിയായ പഠനമില്ലാതെ പോയതാണ് കുഴപ്പത്തിനൊക്കെ കാരണം. കത്തോലിക്കനായിരിക്കുക എന്നതെന്താണെന്നുകൂടെ അവർ മനസ്സിലാക്കിയിരുന്നില്ല. അവക്കു മുമ്പു് അവരുടെ മാതാപിതാക്കൾക്കും ഇതറിഞ്ഞുകൂടായിരുന്നു. .....ആകപ്പാടെ നോക്കിയാൽ ഇംഗ്ലീഷ് ജനത നിദ്രയിലായിരുന്നു, ആദ്യത്തെ വെല്ലുവിളി മുഴങ്ങിയപ്പോൾ". ഇന്നു് നമ്മുടെ സ്ഥിതിയും ഇതിൽനിന്നു വിഭിന്നമല്ല. ദീർഘനാളായി നാം ഉറങ്ങി കഴിയുകയായിരുന്നു. ഇതിനിടയ്ക്കു് ശക്തിമത്തായ പ്രചാരണവേലകളും നടന്നുകഴിഞ്ഞതും, പുതിയ ആശയങ്ങളും മനുഷ്യരുടെ മനസ്സിൽ സ്ഥലം പിടിച്ചതും, പ്രചാരണത്തിന്റെ ശക്തിനിമിത്തം നമ്മുടെ ആളുകൾക്കുതന്നെ ആശയക്കുഴപ്പവും മാറ്റിഭ്രംശവും വന്നതും നാം കണ്ടില്ല എന്നുതന്നെ പറയണം. തത്വവും ചരിത്രവും പഠിച്ചില്ല. പ്രചാരകന്മാർ കൊണ്ടുവന്നതപ്പടി സ്വീകരിക്കയല്ലാതെ തരമില്ലെന്നായി. മതതത്വങ്ങളും ഗ്രഹിച്ചുകൊണ്ടുള്ള മതാഭ്യസനം, സേവനാത്മകമായ സമുദായജീവിതം, സ്വാധീനം ചെലുത്തത്തക്ക ജീവിതവൈശിഷ്ട്യം എന്നിവ ഇന്നി നമ്മുടെ ഭാഗധേയനിന്നുണ്ടാകേണ്ട പ്രതികരണങ്ങളാണ്. അതുകൊണ്ടാണ് സാംസ്കാരിക വശത്തുകൂടെ സമുദായോദ്ധാരണം തുടങ്ങണമെന്നു പറയുന്നതു്. ഉടൻ പ്രചാരണത്തെ കടന്നാക്രമിച്ചില്ലാതെ ഇന്നത്തെ മനോഭാവത്തിനു മാറ്റം വരുത്തുക ദുഃസാധ്യമായിതോന്നുന്നു.

നമ്മുടെ കുറെ വീടുകളും കയറിച്ചെന്നുകൂടുക. നിറം പ്രധാനങ്ങളും ഏവയെന്നും എതുയെന്നും മനസ്സിലാകും. പടിണി ഒടുക്കാനും, കണ്ണുനീർ തുടയ്ക്കാനും, അടങ്ങാത്ത ആഗ്രഹം സംതൃപ്തിയായി മാറാനും ഉപയോഗിക്കാമായിരുന്ന ധനം ധൂർത്തടിക്കപ്പെടുന്നതു് ദൈവസമക്ഷം നിലവിളിക്കുന്നില്ലേ? സ്തുതിപാഠകരുടെ കൈ നിറയ്ക്കുന്നതുകൊണ്ടും പൊങ്ങച്ചവേഷം കെട്ടുന്നതുകൊണ്ടും ആർക്ക് എന്തു ഗുണം കിട്ടാനാണു്? സോഷ്യലിസ്റ്റ് വ്യവസ്ഥിതി പ്രഖ്യാപിച്ചിരിക്കുന്നു, ക്ഷേമരാഷ്ട്രാദർശം നടപ്പിലാക്കാൻ വെമ്പൽകൊള്ളുന്നു. എങ്കിലും പോലീസ് സ്റ്റേറ്റിൽ ഇതിലും ഭേദമായിരുന്നു എന്നാണ് ജനസാമാന്യത്തിന്റെ അനുഭവം. അനീതിയുടെ കൂത്തമനകൾ കണ്ണിനുത്തിൽ തറച്ചുകയറുന്നു, കനത്ത ഭാരം തൈക്കിക്കളയുന്നു.... ..ആരിൽനിന്നും അധികമൊന്നും പ്രതീക്ഷിക്കേണ്ടതില്ല. ആത്മാഭിമാനത്തോടെ, ഉള്ളകഴിവു് (സാമ്പത്തികവും

സംഘടനാപരവും....) പ്രയോജനപ്പെടുത്തി സ്വന്തം കാലിൽ നില്ക്കാനും നീങ്ങാനും സാധിക്കുക. അതിനുള്ള ശ്രമമാണ് ഇനി നടക്കേണ്ടതു്.

സമുദായത്തിന്റെ പ്രശ്നങ്ങളും നിരവധിയാണു്: ഗാർഹികം മുതൽ രാഷ്ട്രീയം വരെ; സാമ്പത്തികത്തെക്കാളും ഒട്ടും കുറഞ്ഞതല്ലാത്ത സാംസ്കാരികവും. ദീർഘനാളായി നിന്ന പോരുന്നതൊന്നും ഞൊടിയിടകൊണ്ടു് നേടിയെടുക്കാമെന്ന വിചാരിക്കരുതു്. അതു് പ്രയത്നവും തന്നെ വേണം. അതു് ബുദ്ധിപൂർവ്വമായിരിക്കണം; മടുപ്പുതോന്നാതെ പണിയെടുക്കാനുള്ള ക്ഷമയും വേണം. കാര്യം വേണ്ടവിധം ഗ്രഹിച്ചാൽ ആവേശമുണ്ടാകും. വിശദമായി ഗ്രഹിപ്പിച്ചു് ചൂടുപിടിപ്പിക്കുന്നതിനാണു് പ്രചരണോപാധികളെ അവലംബിക്കുന്നതു്. ഇക്കാര്യത്തിലാണു് നാം തീർത്തു പരാജയപ്പെട്ടിരിക്കുന്നതു്. വാസ്തവം പറഞ്ഞാൽ നാം **ഒന്നും ചെയ്യുന്നില്ല**. കത്തോലിക്കരും പൗരന്മാരാണു് എന്നു നിയമസഭയിൽ വിളിച്ചു പറഞ്ഞിട്ടു വേണം ജീവിക്കുവാനുള്ള സൗജന്യം ലഭിക്കുവാൻ!

നേരം നന്നാ വൈകിയിരിക്കുന്നു, വേണ്ടതു ചെയ്യാൻ ഇനി ഒട്ടും താമസിച്ചുകൂടാ. കരകയറണം എന്നതാണു് പ്രമേയം. വേണ്ട വിധത്തിൽ സംവിധാനം ചെയ്തു് പ്രവർത്തിച്ചു തുടങ്ങുക. നമുക്കു് ബുദ്ധിയുണ്ടെന്നും നിശ്ചയദാർഢ്യമുണ്ടെന്നും പ്രവർത്തനമാണു് കാണിക്കേണ്ടതു്.

മദ്യപാനം, ധൂർത്തടി, നടപടിപ്പിശകു്, കൂട്ടംബകലഹം, രോഗം, പട്ടിണി, തൊഴിലില്ലായ്മ, വിദ്യാഭ്യാസ പ്രയാസങ്ങൾ, വിവാഹ പ്രയാസങ്ങൾ ഭൂർവ്യയങ്ങൾ — കുടുംബരംഗം അലങ്കോലപ്പെടുന്ന ഈ ദുർഗ്രഹങ്ങളെ ആട്ടിപ്പായിക്കുക. (നമ്പർ 1.);

ഉദ്യോഗം ലഭിക്കാനില്ല, ധനാഗമ മാർഗ്ഗങ്ങളൊന്നും തുറന്നു കിട്ടുകയില്ല, ഉള്ളതുതന്നെ ഒന്നൊന്നായി അടയ്ക്കപ്പെട്ടു കൊണ്ടിരിക്കുന്നു. അഭ്യാനിച്ചെങ്കിലും കഴിഞ്ഞു കൂടാമെന്നുവച്ചു് മണ്ണു് അനുഷ്ഠിച്ചാൽ അവിടെയും ആശാഭംഗംതന്നെ. അഭ്യാനിച്ചുണ്ടാക്കിയതു് പിടിച്ചുപറിക്കുകൂടെ ആയാൽ?— സാമ്പത്തിക ഭദ്രതയ്ക്കായി മാർഗ്ഗം ആരായുക. (നമ്പർ 2.);

സമുദായങ്ങളും സംഘടനകളും ഗവണ്മെൻറുകളുടെയും നമ്മെ കബളിപ്പിക്കുകയാണു്. നമുക്കു് സ്വന്തമായിട്ടൊരു പ്രോഗ്രാമില്ലാത്തതുകൊണ്ടും സംഘടിച്ചു പ്രവർത്തിക്കാത്തതുകൊണ്ടുമാണു് ഇങ്ങനെ സംഭവിക്കുന്നതു്. സുവിശേഷപഠനം നമ്മുടെ ജീവനും, ആഭ്യന്തരസംസ്കാരം നമ്മുടെ ശ്വാസവുമാണെന്നോർക്കുക. സമുദായചരിത്രവും മതതത്വങ്ങളും നല്ല നിശ്ചയം വരുത്തുക. ചിന്താശക്തികൊണ്ടു മനസ്സിലാക്കുകയും, നീക്കങ്ങൾ നിരീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുക. സർവ്വോപരി പ്രചരണോപാധികളും സ്വീകരിച്ചു് പ്രയോഗിച്ചു തുടങ്ങുക—സാംസ്കാരിക ഉയർച്ചയും സംഘടനാബലവും ആർജ്ജിക്കുവാൻ. (നമ്പർ 3 & 4).

ഈ കാര്യങ്ങൾക്കായി "സംസ്കാരവും സേവനവും" ആദർശമാക്കിക്കൊണ്ടു്

നസ്രാണിനവജീവപരിഷത്തു് രൂപമെടുക്കുന്നു.

ഓർഗ്ഗനൈസർ.

പി. ജി. ഹൗസു്, എറണാകുളം.
1961 നവംബർ 21.

പ്രവർത്തകരോട്

നമ്മുടെ നിലവാരം, കഴിവുകൾ, പുറപാട്ടുകൾ — ഇവയൊന്നും നമ്മുടെ കാര്യമായ ചിന്തയ്ക്കു വിഷയമാകുന്നില്ലെന്നുവേണം പറയുവാൻ. നമ്മുടെ ഭാഗധേയങ്ങൾ നിർണ്ണയിക്കത്തക്ക രീതിയിൽ മുന്നോട്ടു നീങ്ങുവാൻ നമുക്കു സാധിക്കാത്തതും അതുകൊണ്ടുതന്നെയാണു്. പൂഷണത്തിനും ശിഥിലതയ്ക്കും അലസതയ്ക്കും വിധേയമായി ഇങ്ങനെ തുടർന്നാൽ ഭാവി എന്താകാൻ പോകുന്നു എന്നു് ഇപ്പോഴേ കാണാം. ശ്രദ്ധയും ശക്തിയും കേന്ദ്രീകരിച്ചു് കാലവിളംബം കൂടാതെയും ജാഗ്രതാപൂർവ്വവും പ്രവർത്തിച്ചു തുടങ്ങണം.

1. കുടുംബകാര്യം.

കുടുംബസൈരവ്യത്തെ നശിപ്പിക്കുന്ന പല കൂട്ടങ്ങളും നിലനിന്നുപോരുന്നു. മദ്യപാനവും നടപടിപിശകും സ്ഥായിയായ രണ്ടു വ്രണങ്ങളാണു്. ഈ രണ്ടു ബാധയും ഒഴിയാതെ, ഒഴിയ്ക്കാതെ കുടുംബം രക്ഷപെടുകയില്ല. ഭാഗപത്രപ്പടി, പുനർവിവാഹം ആദിയായവയും ചിലതിനെല്ലാം സന്ദർഭമുണ്ടാക്കുന്നുണ്ടു്. സ്വഭാവദൂഷ്യങ്ങൾ എവിടെയുമുണ്ടാകാവുന്നതുമാണു്. സാമ്പത്തിക ക്ലേശങ്ങൾ എത്രനല്ല മനുഷ്യരുടെ ക്ഷമയെപ്പോലും പരാജയപ്പെടുത്തിയെന്നുവരാം. വിദ്യാഭ്യാസം, വിവാഹം, തൊഴിൽ എന്നിവ പ്രശ്നങ്ങളായി മിക്ക കുടുംബങ്ങളെയും അലട്ടുന്ന കാലമാണിതു്. അന്നന്നിന ചെലവിനു വഴിയില്ലാതെ നീറിപുകയുന്ന പരിതസ്ഥിതികളും സാധാരണമായി കൊണ്ടിരിക്കുന്നു. സേവന സന്നദ്ധതയും സാമ്പത്തികശേഷിയുമാണു് പ്രശ്നപരിഹാരത്തിനു മാർഗ്ഗം.

മദ്യപാനം, കേസുകളി, ധൂർത്തടി, കടം വാങ്ങൽ, രണ്ടുകൾ — ഇവയില്ലാതാക്കാനോ കുറഞ്ഞപക്ഷം നിരുത്സാഹപ്പെടുത്താനോ ശ്രമിക്കേണ്ടതു് പരിഷത്തംഗങ്ങളുടെ മുമതലയാണു്. വ്യക്തികളെ സംബന്ധിച്ചും വീടുകളെ സംബന്ധിച്ചും ശുചിത്വത്തിനു് പരമപ്രാധാന്യം കൊടുക്കണം, മാതാത്മകമായ ഒരന്തരീക്ഷം കുടുംബങ്ങളിലുണ്ടാകുവാനും കുടുംബങ്ങളെപ്പറ്റി ഒരു സ്ഥിതിവിവരക്കണക്കു രേഖപ്പെടുത്തുവാനും ഉത്സാഹിക്കണം. നമ്മുടെ വീടുകൾ എന്ന മനോഭാവം പുലർത്തണം.

2. ധനകാര്യം.

പൊതുവിൽ നമ്മുടെ ആളുകൾ അല്പാദായശീലരാണു്. സാമ്പത്തികമായി വളരെ നല്ല നിലയിൽ കഴിയുന്നവരും കഴിവുള്ളവരും ധാരാളം നമ്മുടെ ഇടയിലുണ്ടു്. സമുദായാംഗങ്ങൾക്കു് വേണ്ടിടത്തോളം പ്രയോജനപ്പെടുന്നു എന്നു പറഞ്ഞുകൂടാ. പ്രയോജനപ്പെടുത്താനുള്ള കഴിവുകേടു് കാണുന്നുണ്ടെന്നും സമ്മതിക്കണം. അവസരോചിതമായും സാമർത്ഥ്യപൂർവ്വവും ആളുകളെ സമീപിക്കാനോ അവരെക്കൊണ്ടു് എന്തെങ്കിലും ചെയ്യിക്കാനോ കഴിവില്ലാതെ പോകുന്നുണ്ടു്. അന്യസമുദായക്കാരും, ഉദ്യോഗസ്ഥന്മാരും, ബിസിനസുകാരും, മറ്റുപലരും നമ്മുടെ ആളുകളെക്കൊണ്ടു് മുതലെടുക്കുന്നുണ്ടു്. ഉരുളൂപൊട്ടൽ, കുടിയിറക്കു് മുതലായ അത്യാഹിതങ്ങളിലും, പ്രസിദ്ധീകരണങ്ങളും, സംഘടനകളും മുതലായ പൊതുആവശ്യങ്ങളുടെ കാര്യത്തിലും കഴിവുകൾ എത്രമാത്രം പ്രയോജനപ്പെടുന്നുണ്ടു് എന്നതു് ചിന്തിച്ചു നോക്കേണ്ടതാണു്. നമ്മുടെ ആളുകൾക്കും, സമുദായത്തിനുപൊതുവിലും പ്രയോജനപ്പെടുത്തുന്നവിധം വേണ്ടതു ചെയ്യണം. പൊതുമുതലിന്റെ അഭിവൃദ്ധിയായ വീതം ഗവർമെൻറിൽനിന്നു വാങ്ങാൻ നാമാണു് തിരക്കു് വിമുഖതയോ അപ്രാപ്തിയോ കാട്ടുന്നതു്. പ്രയത്നിച്ചുസമ്പാദിച്ചതു് അനാവശ്യമായി ചെലവാക്കുന്നതും സൂക്ഷമില്ലാതെ നഷ്ടപ്പെടുത്തികളയുന്നതും കുടുംബഭാരഭടങ്ങൾക്കു് ചെലവിടുന്നതും മറ്റൊന്നു് നിയന്ത്രിക്കാനുണ്ടു്. പുതിയ കൃഷിരംഗങ്ങളും തൊഴിൽരംഗങ്ങളും കണ്ടുപിടിക്കാനാവശ്യമായിരിക്കുന്നു. ഗവർമെൻറിനെ സമീപിച്ചു് കേരളത്തിനു പുറത്തു് കുടിയേറ്റസൗകര്യമുണ്ടാക്കേണ്ടതു് അടിയന്തിരാവശ്യം തന്നെയാണു്. സ്ത്രീകൾക്കും മറ്റും വീട്ടിലിരുന്നു ചെയ്യാവുന്ന കുടിൽവ്യവസായങ്ങളും കാര്യമായി നടപ്പാക്കണം. ഉദാ: ബുക്കു് ബയണ്ടിംഗു്, തയ്യൽ, കൊന്തകെട്ടു് ആദിയായവ തുടങ്ങാൻ പ്രയാസമില്ല. ചെറുപ്പക്കാർക്കു് പെയിൻറിംഗു്, വൈറ്റ്വാഷിംഗു്, പോളിഷിംഗു്, ഏജൻസി തുടങ്ങി പലതും നോക്കാം.

വാസസ്ഥലങ്ങളും, ജോലികളും മുതലായവ ഉള്ളതു നഷ്ടപ്പെടാതിരിക്കുവാനും പുതിയവ കണ്ടുപിടി

ച്ചു കൊടുക്കുവാനും പ്രവർത്തകർ ജാഗ്രരാകണം. നമ്മുടെ സ്ഥാപനങ്ങളിലും മറ്റും ഉള്ള ജോലികളും കഴിവതും നമ്മുടെ ആളുകൾക്കു കൊടുക്കുക. അതിനു് അവർ അഹ്രാകത്തക്ക വിധം പരിശീലിപ്പിക്കുകയും ചെയ്യുക. ജോലികൾ തഴക്കുക, സമ്പാദിച്ചു കൊടുക്കുക, ഏജൻസി, കൺടാക്ട്, പാസ്പോർട്ട് സഹായം ഇങ്ങനെ വിവിധ രംഗങ്ങളിൽ കൈവയ്ക്കണം. വളർച്ചയുടെ എന്തെങ്കിലും എപ്പോഴും ഉണ്ടാകണം. കമ്പനി രീതിയിൽ പുതിയ സംരംഭങ്ങൾക്കായി ഉത്സുകരാകണം. കടം കയറി നശിക്കാതിരിക്കാനും മിച്ചം സൂക്ഷിച്ചു ശീലിക്കാനും വേണ്ട കൗതുകങ്ങൾ ചെയ്യണം. ചെലവു ചുരുക്കണം, അനാവശ്യച്ചെലവുകൾ നിറുത്തണം.

ഒരു ഫണ്ട് അഥവാ ട്രസ്റ്റ് ഉണ്ടാക്കാൻ ദീർഘദൃഷ്ടിയോടെ ശ്രമം തുടങ്ങണം.

3. സംസ്കാര കാര്യം.

മതാത്മകവും മാനസികവും, സദാചാരപരവുമായ എല്ലാക്കാര്യങ്ങളും ഉപേക്ഷിക്കുന്നതു്. സമുദായചരിത്രം പഠിക്കാത്തതു കൊണ്ടു് ജാത്യാഭിമാനമില്ലാത്തവരും, സമുദായത്തിന്റെ നേട്ടങ്ങൾ നിശ്ചയമില്ലാത്തവരും, സ്വയംസ്കാരമൂല്യങ്ങൾ നിലനിന്നിക്കൊണ്ടുപോകാൻ അപ്രാപ്തരായിത്തീർന്നിട്ടുണ്ടു് നമ്മുടെ ആളുകൾ എന്നു കാണാൻ പ്രയാസമില്ല. നമ്മുടെ സംസ്കാരം നൽകുവാൻ നമ്മുടെ വിദ്യാസ്ഥാപനങ്ങൾ കാര്യമായി പ്രയോജനപ്പെടുന്നില്ലെന്നു പറയേണ്ടതായിട്ടുണ്ടു്. അഭിമാനരഹിതമായ അനുകരണമല്ലേ ഇന്നു കാണുന്നതു്? വസ്ത്രധാരണം, ആഭരണം, ഉപയോഗസാമാനങ്ങൾ, അലങ്കാരങ്ങൾ, ആഘോഷങ്ങൾ, ആചാരങ്ങൾ, നിർമ്മാണരീതി, ജീവിതക്രമങ്ങൾ, വീട്ടിലെ പ്രാർത്ഥന, പള്ളിയിലെ ആരാധനക്രമങ്ങൾ, ആഘോഷങ്ങളും, അടിയന്തിരങ്ങളും മറ്റുമായി പല കാര്യങ്ങളിൽ സ്വാഭിമാനമില്ലാത്തവരെപ്പോലെയാണു് നാം ഓരോന്നും ചെയ്തുപോരുന്നതു്. അതർഹം പോലും മാറിയിട്ടില്ലേ എന്നു ചോദിക്കാൻ ഇടവരുന്നു! പൊന്നാളാഘോഷങ്ങൾ, കല്യാണച്ചടങ്ങുകൾ, മരണാടിയന്തിരങ്ങൾ തുടങ്ങി എല്ലാക്കാര്യത്തിലും കാലോചിതമായ മാറ്റങ്ങൾ നല്ലതാണെങ്കിലും അവയെല്ലാം നമ്മുടെ സംസ്കാരത്തിനു് അനുയോജ്യമായ രീതിയിലായിരിക്കണമെന്നതിൽ നിർബ്ബന്ധമുണ്ടായിരിക്കണം. കുടുംബത്തിന്റെ പൂജ്യതയും സ്വകാര്യസ്വഭാവവും (Privacy) (മതിൽ, മറ etc.,)മറ്റും സംരക്ഷിക്കപ്പെടേണ്ടതുമാണു്. പുസ്തകങ്ങൾ, പത്രപ്രസിദ്ധീകരണങ്ങൾ, പാട്ടു്, ചിത്രം, നാടകം, എന്നിങ്ങനെ വിവിധ മാർഗ്ഗങ്ങളിൽക്കൂടെ പ്രചാരണം നടത്തേണ്ടതുണ്ടു്. ലൈബ്രറി, മ്യൂസിയം, കലാപോഷണം – ഇവയ്ക്കായി ഒരു പരിശ്രമമുണ്ടാകണം.

4 സമുദായകാര്യം

സമുദായരംഗത്തു് പ്രവർത്തിക്കുന്നതു്, പ്രത്യക്ഷപ്പെടുന്നതുപോലും, — കുറച്ചിലായി കരുതുന്നു. അതിലെല്ലാം തീർത്തു വിമുഖതഭാവിക്കുകയും മറ്റും ചെയ്തുപോന്നിരുന്നതിനു് ഇന്നു് അല്പം വ്യത്യാസം വന്നിട്ടുണ്ടു്. സമുദായസ്നേഹമുണ്ടെങ്കിലേ നിസ്വാർത്ഥമായി പ്രവർത്തിക്കുകയുള്ളൂ. നിസ്വാർത്ഥമായി പ്രവർത്തിക്കുന്നവർക്കു് സമുദായത്തിന്റെ പിന്തുണ ഉണ്ടായിരുന്നാൽ മാത്രമേ, സമുദായനേതാക്കന്മാരുണ്ടാകൂ. നാം ബോധപൂർവ്വം നേതാക്കന്മാരെ വളർത്തിയെടുത്തില്ല എന്ന കുറ്റബോധം നമുക്കുണ്ടു്. നേതാക്കന്മാരില്ലാത്ത സമുദായത്തിന്റെ ദുർഭാഗ്യങ്ങളാണിന്നു് നമുക്കുള്ളതു്. അർഹമായ ഓഹരി ഒരു രംഗത്തും നമുക്കു ലഭിക്കുന്നില്ല. കഷ്ടിച്ചുജീവിക്കാൻ തന്നെ എത്ര വലിയ മത്സരവും ഒച്ചപ്പാടും ആവശ്യമായി വന്നിരിക്കുന്നു! ഗവൺമെന്റിനെ സമീപിക്കാനും നിയന്ത്രിക്കാനും, വിവിധസമുദായങ്ങളുമായി ഇടപെടാനും നമ്മുടെ കാര്യത്തിൽ പ്രയോജനപ്പെടുത്താനും, ശല്യമോ ചൂഷണമോ ഉണ്ടാകാതിരിക്കാനും, നമുക്കു സുരക്ഷരായി തീരാനും, നിരന്തരമായ ജാഗ്രത, ഫലപ്രദമായ പ്രചാരണം, സംഘടിതപ്രയത്നം- ഇതൊക്കെയാവശ്യം. സമുദായത്തെപ്പറ്റി സമുദായാംഗങ്ങൾക്കു വേണ്ട പരിജ്ഞാനമുണ്ടാകണം.

കുടുംബഭദ്രത, ഇടവകൈക്യം, ജാതിബോധം, വിശ്വാസചൈതന്യം, ആശയശുദ്ധീകരണം, നയശുദ്ധീകരണം ഇവയൊക്കെയാണു് സമുദായകാര്യത്തെപ്പറ്റി ഓർത്തിരിക്കേണ്ടവ. പാർട്ടിയാകാതെ പാർട്ടിപോലെ പ്രവർത്തിക്കേണ്ട ആവശ്യവുമിവിടെ നമുക്കുണ്ടു്. സ്വയരക്ഷയ്ക്കും, സമുദായത്തിന്റെ അഭിമാനം സംരക്ഷിക്കാനും സന്നദ്ധഭടന്മാരുടെ ആവശ്യവുമുണ്ടു്. അക്ഷോഭ്യമായി, കാര്യത്തെല്ലാം കണക്കിലെടുത്തുകൊണ്ടു് ആയിരിക്കണം ഓരോ അടിയും മുന്നാട്ടു വയ്ക്കുന്നതു്.

അറിവും, സംസ്കാരവും, സേവനവും.

നസ്രാണി നവജീവ പരിഷത്ത്

(N. N. P.)

ഉദ്ദേശം.
1. സംസ്കാരനിലവാരമുയർത്തുക.
2. സംഘടിച്ചു പ്രവർത്തിക്കുവാൻ പഠിക്കുക.
3. സുരക്ഷിതമായി മുന്നോട്ടു നീങ്ങുക.

ഉപാധികൾ.
1. പഠനം.
2. സേവനം.
3. സംസ്കാര കർമ്മങ്ങൾ

അംഗത്വം. നസ്രാണി കുടുംബങ്ങൾക്കു മാത്രം.

വ്യവസ്ഥകൾ.
1. പ്രായപൂർത്തി.
2. മദ്യവർജ്ജനം.
3. മതാനുഷ്ഠാനം.
4. സമുദായസ്നേഹം.
5. സന്മാർഗ്ഗജീവിതം.
6. ഒഹൈസ്ക്കൂൾനിലവാരം.

ഘടന. നാലുപേരെങ്കിലുമുണ്ടെങ്കിൽ ഒരു ബാൻഡ് (Band) ആരംഭിക്കാം. നിയമാവലി ഉണ്ടാകുന്നതുവരെ band-ലെ അംഗസംഖ്യ നിയന്ത്രിക്കുന്നില്ല. പള്ളി, കൊവേന്ത, കോളേജ്—ഇവയോടനുബന്ധിച്ചു band-കൾ പ്രവർത്തിച്ചുതുടങ്ങണം. 25 വീടിനു് ഒരാൾ എന്നതോതു്.

പ്രവർത്തക സമിതി. നാലു സിക്രട്ടറിമാരും ഡയറക്ടറും

പ്രവർത്തനം.
1. കുടുംബങ്ങളെപ്പറ്റി അന്വേഷണം.
2. വസ്തുവകകൾ, ജോലികൾ മുതലായവ നഷ്ടപ്പെടുത്താൻ സമ്മതിക്കാതിരിക്കുക. പുതിയവ സമ്പാദിച്ചുകൊടുക്കാൻ സഹായിക്കുക.
3. പ്രചരണപരിപാടി: പുസ്തകമാസികകൾ വില്പനനടത്തിയും, വായനശാലവഴിയും, മീറ്റിംഗുകൾ സംഘടിപ്പിച്ചും മറ്റും.
4. സമുദായസംപർക്കിയായി അന്നന്നുണ്ടാകുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുകയും, അനുകൂലമായ പൊതുജനാഭിപ്രായം സൃഷ്ടിക്കയും, സംഘടിച്ചു പ്രവർത്തിച്ചു് കാര്യസാദ്ധ്യമുണ്ടാക്കയും വേണം.
5. പരിഷത്തു് വകയായി ബിസിനസ്സു് സംരംഭങ്ങൾക്കു് ഉദ്ദ്യമിക്കണം.
6. പുതിയ പുതിയ കോളണികൾക്കായി ശ്രമിച്ചുകൊണ്ടിരിക്കണം.

ധനാഗമമാർഗ്ഗം. പ്രവേശനഫീസു്, മെമ്പർഷിപ്പ്ഫീസു്, സംഭാവനകൾ, സമ്പാദ്യങ്ങൾ.

K. C. M. Press, Ernakulam.

Usu Privato

K. C. M. Press, Ernakulam.